ശ്രീബുദ്ധചരിതം.

എൻ. കുമാരനാശാൻ.

PUBLISHED BY
L. F. Fernandez & Sons.
TRIVANDRUM.

[വില അണ ൧൨.

ശ്രീബുദ്ധചരിതം.

എൻ. കുമാരനാശാൻ.

PUBLISHED BY
L. F. Fernandez & Sons.
TRIVANDRUM.

[വില അണ ൧൨.

ശ്രീബുദ്ധചരിതം.

കിളിപ്പാട്ട്.

മൂന്നും നാലും കാണ്ഡങ്ങൾ.

എൻ. കുമാരനാശാൻ.

'ഭാസ്കര' പ്രെസ്സ്,
തിരുവനന്തപുരം.

൧൧൦൨.

മുഖവുര

ശ്രീബുദ്ധചരിതം കിളിപ്പാട്ടിന്റെ ആദ്യത്തെ രണ്ടു കാണ്ഡങ്ങൾ അടങ്ങിയ ഒന്നാംപുസ്തകം പുറത്തായിട്ടു ഇപ്പോൾ രണ്ടുകൊല്ലം കഴിഞ്ഞിരിക്കുന്നു. ആ പുസ്തകത്തിന്റെ മുഖവുരയിൽ സൂചിപ്പിച്ചിരുന്ന പ്രകാരം മൂന്നും നാലും കാണ്ഡങ്ങളുടങ്ങിയ രണ്ടാം പുസ്തകം പ്രസിദ്ധപ്പെടുത്താൻ ഇത്ര താമസം നേരിട്ടതിൽ വ്യസനമുണ്ടു്. എന്നാൽ, ഇപ്പോഴെങ്കിലും പ്രതിജ്ഞയെ നിറവേറ്റാൻ സാധിച്ചതിലുള്ള ചെറിയ ചാരിതാർത്ഥ്യത്തോടുകൂടി ഈ രണ്ടാംപുസ്തകവും സഹൃദയരായ വായനക്കാരുടെ മുമ്പാകെ സാദരം സമർപ്പിച്ചുകൊള്ളുന്നു.

ഒരു സംഗതിയാണു് ഇതിൽ പ്രത്യേകം പ്രസ്താവയോഗ്യമായുള്ളതു്. ഈ കിളിപ്പാട്ടു് 'Lignt of Asia' എന്ന ഇംഗ്ലീഷ്കൃതിയുടെ ഒരു സ്വതന്ത്ര തർജ്ജിമയായിട്ടാണല്ലോ ആരംഭിച്ചിരുന്നതു്. എങ്കിലും ഇതിനെ ഒരു സ്വതന്ത്രകൃതിയായി അവസാനിപ്പിക്കുന്നതു് പലതുകൊണ്ടും അധികം നല്ലതായിരിക്കുമെന്നു ഒടുവിൽ തോന്നുകയാൽ ഈ രണ്ടാം പുസ്തകം മുതൽ ആ അഭിപ്രായത്തിനനുരൂപമായ രീതിയിലാണു് ഗ്രന്ഥം നിർമ്മിച്ചിട്ടുള്ളതു്. അതുകൊണ്ടു മൂന്നാം കാണ്ഡത്തിൽ പൂർവ്വാധികം സ്വാതന്ത്ര്യമംഗീകരിക്കയും നാലാംകാണ്ഡത്തെ മിക്കവാറും ഒരു സ്വതന്ത്രകൃതിയായിത്തന്നെ പരിണമിപ്പിക്കയും ചെയ്തിരിക്കുന്നു.

കൊണ്ടു ഗ്രന്ഥത്തിന്റെ ആനുപൂർവ്വിക്കും ആകപ്പാടെയുള്ള ഭംഗിക്കും പ്രൗഢിക്കും ഹാനി തട്ടാതിരിപ്പാൻ ശ്രദ്ധവച്ചിട്ടുമുണ്ട്.

ഇതിവൃത്തത്തിൽ ബുദ്ധഭഗവാന്റെ സന്ന്യാസം വരെയുള്ള പൂർവ്വാശ്രമകഥകൾ മുഴുവൻ ഈ നാലാം കാണ്ഡത്തോടെ അവസാനിച്ചിരിക്കുന്നതിനാലും ഇത്രയുംകൊണ്ടു ഗ്രന്ഥം പകുതി തീർന്നിരിക്കുന്നതിനാലും ഈ രണ്ടു പുസ്തകങ്ങളേയും പൂർവ്വഭാഗമായി പരിച്ഛേദിക്കയും ചെയ്തിരിക്കുന്നു.

നരകത്തുമുക്ക, തിരുവനന്തപുരം,
൧൯൨൨ നവംബർ ൨൩. } എൻ. കുമാരൻ ആശാൻ.

ശ്രീബുദ്ധചരിതം.

കിളിപ്പാട്ട്.

മൂന്നാം കാണ്ഡം.

ശ്രീമയമായിടുന്ന വിശ്രമവനത്തിങ്കൽ
പ്രേമസിന്ധുവാം പ്രിയയോടൊത്തു യഥാസുഖം
ആ മനോഹരസൌധങ്ങളിലങ്ങനെവാണാൻ
കാമകോമളരൂപൻ, സിദ്ധാർത്ഥൻ തിരുവടി

ഭീതിയും ദാരിദ്ര്യവും മറ്റോരോ ദുഃഖങ്ങളും
വ്യാധിയും വാർദ്ധക്യവുമെന്നല്ല മരണവും
എള്ളുമേ സ്വപ്നം ശാക്യസിംഹനാം തിരുമേനി
ചേതസ്സിലെന്താണെന്നറിഞ്ഞീലതുവരെ

രാത്രിയിലെന്നാൽ, നിദ്രാസിന്ധുവിൽ സ്വപ്നക്കപ്പൽ
യാത്രയിൽ തളർന്നുഷസ്സാം കരയെത്തിടുവോർ
ചിത്രമായിടയ്ക്കിടെ കണ്ടുള്ള വിശേഷങ്ങ
ളിത്രയും തന്നോടോതിയിരുന്നിതപ്പോളപ്പോൾ.

ഇവ്വിധം വാഴുന്നാളിലത്തിരുവടിയോമൽ
പൂവൽമേനിയാം യശോധരതൻ തിരുമാറിൽ

പാവനമാകും ശിരസ്സണച്ചു മയങ്ങിയും
സാവധാനമായ് ദേവി മൃദുവാം വ്യജനത്തെ

ഓമനക്കരതാരിലേന്തി വീശവേ മിഴി–
ത്താമരയിതളുകൾ പൂട്ടിയുറങ്ങുമ്പോൾ

ശോകാവേഗത്താലെന്നപോലിടനെഞ്ചു പൊട്ടി
യാകുലാത്മാവായ് ഞെട്ടിയുണരും പലപ്പോഴും

"ലോകമേ, ഹാ! ഞാനെന്റെ കോലമേ! കേൾക്കുന്നു
നീ കേഴുന്നതു. നിനയ്ക്കുന്നുണ്ടു, വരുന്നു ഞാൻ" [ണ്ടു

ഇങ്ങനെ പുലമ്പീട്ടു, മുടനേ ദേവിയുള്ളിൽ
തിങ്ങിയ ഭയത്തോടും തന്മുഖാംബുജം നോക്കും

എന്തയ്യോ! കേഴുന്നതെൻ പ്രാണവല്ലഭ, ഭവാ
നെന്തൊരു ദുഃഖമുള്ളിൽ നിന്തിരുമേനിക്കെന്നു

ഖേദിച്ചു പരിഭ്രാന്തചിത്തയായവളൊട്ടു
ചോദിക്കും ചപലനീലോൽപലവിലോചന.

ആകുലതാപം തോന്നുമാറന്നേരം മുഖത്തതി
ശോകവും ദേവതുല്യതേജസ്സും സ്ഫുരിക്കയാൽ,

കേണീടുമവൾ; നാഥനന്നു തൃക്കൺ പാർത്തു
ചേണാർന്ന ചെറുചിരിതൂകിയാശ്വസിപ്പിക്കും

പ്രാണനാഥയെച്ചിത്തകാലുഷ്യം നീങ്ങുമാറു
വീണവായിച്ചീടുവാൻ കല്പിക്കും പിന്നെ ദേവൻ.

അങ്ങനെയിരിക്കെ നൽക്കമ്പികൾ ശ്രുതിക്കൂട്ടി
യങ്ങുതൻകിളിവാതിൽ പടിമേലൊരു രാവിൽ

വച്ചിരുന്നിതു വെള്ളി വീണയൊന്നിളങ്കാറ്റു,
സ്വച്ഛന്ദമടിച്ചതിൽ സ്വനങ്ങൾ പൊങ്ങുംമട്ടിൽ.

കമ്പിയിൽ കാറ്റടിച്ചിട്ടോരോരോവിധം ചെവി
ക്കിമ്പമാമാറു പല നാദങ്ങൾ പൊങ്ങീമന്ദം.

ച്ചുററുമാളുകൾ ശയിച്ചിരുന്നോർ കെട്ടിടത്തിൽ
ചെററുമേ വിശേഷം തോന്നീലവർക്കാർക്കുമെന്നാൽ,

താനേ തന്ത്രികൾ ധ്രുവം കാകളി കുമാരനു
വാനവർ വിണ്ണിൽവീണ വായിപ്പതെന്നു തോന്നി

മാനസത്തിങ്കൽ, ഇതുമല്ല ദേവകൾ പാട്ടും
ഗാനവുമതിൽ കലർന്നിങ്ങനെ കേട്ടു നാഥൻ.

“ഇണ്ടലോടന്നാടി വിശ്രമം കൊതിച്ചുല്ലാസവും
തിണ്ടാടും വായുവിന്റെ ശബ്ദങ്ങളല്ലോ ഞങ്ങൾ.

കണ്ടീടുന്നില്ലയെങ്ങുമാശ്വാസമതുമൂലം
കണ്ഠതയാന്നിവണ്ണം കേഴുന്നിതറിഞ്ഞാലും.

ഉഴറിയിലൊക്കെപ്പൊഴികാററിനും മനുഷ്യന്റെ
പാഴാംജീവിതത്തിനും ഗതിയൊന്നു തായത്ത്.

കേഴുക, നെടുവീർപ്പിട്ടീടുക, തേങ്ങിടുക
ചൂഴവും ചീറിക്കുതിച്ചോടുക, പിടയുക,
എന്തിനായുണ്ടായ് ഞങ്ങളെങ്ങു നിന്നുണ്ടായെന്നും
ചിന്തിച്ചാലാർക്കുമറിയാവതല്ല; ഈപോലെ,

എങ്ങുനിന്നിജ്ജീവിതമുണ്ടായെന്നതും, പിന്നെ
യെങ്ങോട്ടിതു പോകുന്നെന്നുമാർക്കറിയാവൂ!

അന്തരമില്ല വിഭോ! നിങ്ങൾക്കും ഞങ്ങൾക്കും; നാ
മന്തരാളത്തിൽ വൃഥാ തോന്നിയ ഭൂതങ്ങൾതാൻ.

സന്തതം രൂപംമാറി വരുമിക്ലേശങ്ങളി-
ലെന്തൊരു സൌഖ്യമുള്ളു ഞങ്ങൾക്കു നിരൂപിച്ചാൽ

ഇങ്ങെഴുമവിശ്രാന്ത വിഷയഭോഗങ്ങളി-
ലങ്ങേക്കുമെന്തു സുഖമോ ഞങ്ങളറിവീല?

പിന്നെയിപ്രേമം തന്നെ ശാശ്വതമായിരുന്നാൽ
സന്ദേഹമില്ല പരമാനന്ദമൊന്നുണ്ടതിൽ;

ആയുസ്സുതന്നെ വിശ്വാസാസ്പദമല്ലാതൊരീ
വായുപോൽ ചപലമല്ലോ! പിന്നെ സ്ഥിരമാമോ

കമ്പമാർന്നതിൽ നില്ക്കുമിപ്രേമം കാററാൽ വീണ-
ക്കമ്പിമേലുണ്ടാം ക്ഷണസ്ഥായിയാം നാദംപോലെ
ഭൂമിയെ ച്ചുററി ഞങ്ങളെന്നും സഞ്ചരിക്കയാൽ
ഹാ! മായാന്ധത, വീണമേൽ വന്നു വിലപിപ്പൂ.

ഉല്ലാസംപൂണ്ടു ഞങ്ങൾ പാടുകയല്ല, പാർക്കി-
ലില്ലല്ലോ ഹർഷത്തിനു കാരണമൊരേടത്തും,

ചെല്ലുന്ന ദിക്കിലെല്ലാം ദേഹികൾക്കനാരത
മല്ലലല്ലാതെയില്ല; യെന്നുമേ കാൺമൂ ഞങ്ങൾ

ആറായി ച്ചുടുകണ്ണീരൊലും നേത്രങ്ങൾ, താപ
മാറാതെ തിരുമ്മീടുമെത്രയോ കരങ്ങളും.

അഴുതീടിലും പരിഹാസം തോന്നുന്നു ഞങ്ങൾ-
ക്കൊഴിയാതൊരീജനത്തിൻെറ യന്ധതകണ്ടാൽ.

ഉത്സാഹിച്ചവർ മുറുകെപ്പിടിക്കുമീലോകം
നിസ്സാരമിഥ്യാരൂപമെന്നറിയുന്നീലല്ലോ !

വിണ്ണിലോട്ടുംമേഘത്തെ വിലക്കും നില്ക്കാനിവർ;
മണ്ഡിക്കും കയ്യാൽ പുഴയൊഴുക്കു തടുക്കാനും

എന്നാൽ നിന്തിരുവടി ലോകരക്ഷാർത്ഥമല്ലോ
വന്നവതരിച്ചിതു; കാലവുമായിതല്ലോ,

എന്നെഴുന്നെള്ളീടുമങ്ങെന്നു കാത്തിരിക്കുന്നു,
ഖിന്നമാം ജീവലോകം കഷ്ടതനീങ്ങീടുവാൻ,

അന്തമില്ലാതെ നീണ്ട സംസാരയാത്രതന്നി
ലന്ധമാം ലോകം ചുററിത്തിരിഞ്ഞുവലഞ്ഞൊരാറം

ആയാസത്തോടു മടിയിടറി വീഴുന്നേരം
മായാനന്ദനായേൾക്ക, യങ്ങിനിയുറങ്ങൊലാ.

തെണ്ടിമണ്ടും വായുവിൻ ശബ്ദങ്ങളാണു ഞങ്ങൾ
തെണ്ടുകയങ്ങും പോയി നിർവാണം നൃപാത്മജ!

സ്വന്തരാഗത്തെ രാഗബദ്ധമാം ലോകത്തിന്റെ
സന്താപം കെടുപ്പതിന്നായ് സ്വയം വെടിക നീ.

ബന്ധുരരാജ്യഭോഗം വിട്ടു ദുഃഖിച്ചു ദുഃഖ-
ബന്ധത്തിൽനിന്നു മോചിപ്പിക്കുക ഭുവനത്തെ.

ഇങ്ങനെ വെള്ളി വീണക്കമ്പിമേൽ തട്ടിത്തേങ്ങി
ഞങ്ങൾ നിന്തിരുവടി കേൾക്കുവാൻ കേഴുന്നതാം.

അങ്ങുന്നോ ലോകദുഃഖമെന്നുമേയറിവീല
യിങ്ങതോർത്തിന്നു ചിരിച്ചുംകൊണ്ടുപോവൂ ഞങ്ങൾ,

അഴകേറുന്ന കാന്തതോളെഴും ഭോഗമാകും
നിഴലിൽ നിത്യമായ് ക്രീഡിക്കുന്നല്ലോ ഭവാൻ!”

ഇതുസംഭവിച്ചതിൽ പിന്നെയങ്ങൊരുനാളി
ലതിമോഹനമാകുമായാമനസ്സുള്ളിൽ,

മധുരാംഗിയാം യശോധരതൻ കയ്യും പിടി-
ച്ചതികൗതുകാവഹം നല്ലൊരു സായാഹ്നത്തിൽ,

സഖിമാരുടെ നടുവിൽ, സ്വയംവിനോദിച്ചു
സുഖമാർന്നിരുന്നരുളീടിനാൻ മഹാഭാഗൻ.

അപ്പൊഴുതാളിമാരിലൊരു സുന്ദരിയൊരു
ചൊല്ലൊണ്ടുമിതിഹാസം ഭംഗിയിൽചൊല്ലീടിനാൾ.

മേദുരകണ്ഠം ക്ഷീണിച്ചീടുമ്പോളിടയ്ക്കിടെ
സാദരം മധുരമായ് വീണവായിച്ചിട്ടവൾ

അന്തിനേരം നയിപ്പാൻ ചൊല്ലുമപ്രേമരസ
ബന്ധുരകഥ തന്നിലോരോരോ പ്രസ്താവത്തിൽ,

ആശ്ചര്യകരമൊരു മായാശാപം, ദൂരത്തുള്ള
പാശ്ചാത്ത്യ ദേശങ്ങ,ളെന്നല്ലതുകളിൽ വാഴും
വെണ്മഞ്ഞുനിറമേലും ജനങ്ങ,ളന്തിയിൽ
ചെമ്മേ പോയ് സൂര്യദേവൻ മുങ്ങുമക്കടലുകൾ,

എന്നോരോന്നിനെപ്പറ്റി പറഞ്ഞു കേട്ടീടവേ
വന്നൊരുൾക്കണ്ഠയോടും ഭഗവാനവൾ ചൊല്ലി

“ചിത്ര”യിലുള്ളൊന്ന കഥ വീണയിൽ സപ്രയാസകള
ചിത്രമാം വൃത്താന്തത്തെയാശ്ലേഷിച്ചീടുന്നിതോ!

സതതമിവൾക്ക സന്താനമായ് നീ ചാർത്തുന്ന
മുത്തണിമാലതന്നെ നൽകുക യശോധരേ!

എൻകരൾക്കൊമ്പാടുന്നിതറിവാൻ; ചൊല്ലൂ നീയെൻ
തങ്കമേ; ഈലോകമിതിത്ര വിസ്തീർണ്ണമാണോ?
[illegible]യാഴിയിൽ പോയിസ്സൂര്യ-
നസ്തമിപ്പതു കാണാവുന്ന രാജ്യവുമുണ്ടോ?

ഉണ്ടെങ്കിലന്നാട്ടിലെജ്ജനങ്ങൾ ശീലംകൊണ്ടും
കണ്ടാലും നമ്മെപ്പോലെതന്നെയോ ചൊല്ലൂ കാന്ത!

ഉള്ളതാമങ്ങോർക്കിൽ നാമറിയാതസംഖ്യം ദേശ-
മുള്ളതിലവർക്കാർക്കും സൗഖ്യമില്ലെന്നും വരാം.

കണ്ടറിഞ്ഞെന്നാൽ നമ്മളവരെക്കനിഞ്ഞുട
നിണ്ടൽ തീർത്താശ്വസിപ്പിച്ചിടുന്നുമാമല്ലീ പ്രിയേ!?

ദിനനായകൻ നിത്യം കിഴക്കേദ്ദിഗന്തത്തിൽ
ജനതയ്ക്കാനന്ദമേകുന്ന ചെങ്കതിരുകൾ

അഴകിൽ പരത്തിക്കൊണ്ടുയൎന്നു ദീപ്തമാകും
വഴിയേ വിണ്ണിലേറിപ്പോവതുമേലിക്ക നോക്കി

എഴുന്നള്ളുന്നോരാഡംബരം കണ്ടെനിക്കുള്ളി-
ലൊഴിയാതത്യാശ്ചൎയ്യം തോന്നുമാറുണ്ടു നാഥേ!

അസ്തമിക്കൎക്കൻ പിന്നെത്താഴുമ്പോൾ പടിഞ്ഞാറു-
ള്ളതിപാടലമായൊരന്തി ശോഭിക്കും ദിക്കിൽ

കൂടിച്ചേൎന്നെത്തുവാനമങ്ങുള്ള ജനങ്ങളെ
കൂടിക്കാണുമാറും നിതൃമേറുമൎക്കണ്ടാഗ്നിയാൽ

വെന്തീടുമാറുമുണ്ടെന്നുൾക്കാമ്പു നീയെന്നതി
ചെന്തളിർ വല്ലിതോല്ക്കും പാണികൈകളാൽ കെട്ടി-

ക്കൂറൊത്തുണൎവ്വുമ്പോൾപ്പോലും, ഞാൻ നിന്റെകളിൽ
മാറത്തു തങ്ങി വിശ്രമിക്കുമ്പോൾപ്പോലും, പ്രിയേ!

ഇല്ല സന്ദേഹം സ്നേഹിക്കണമവർ നമ്മളെ
വല്ലഭേ, പലരുമുണ്ടായിരിക്കണം വേറെ.

അല്ലെങ്കിലിങ്ങനെ നാം സുഖിച്ചുമരുവുമ്പോൾ
വല്ലാതൊരീയുൾക്കണ്ഠ തോന്നുവാനെന്തു ബന്ധം?

പല്ലവസമാധരേ, നിന്റെ * * * ങ്ങൾക്കും
തെല്ലുമീയഴൽ നീക്കാൻ പാടവം പോരാ നാഥേ!

ചൊല്ലുകചിത്രേ! നീ ചൊന്നോരുപാഖ്യാനത്തിലെ
ച്ചൊല്ലുള്ളദിവ്യശാപമതെങ്ങിപ്പോൾ നിൽപ്പൂ ബാലേ!

നല്ലഗന്ധൎവ്വലോകവൃത്താന്തമറിവവ-
ളല്ലോ നീ,—എനിക്കൊരുദിവസത്തെക്കായശാപം

കിട്ടുമോ കേറിയോടിച്ചീടുവാ? നന്തിനായെൻ-
കൊട്ടാരമിതു വേണമെങ്കിലും നൽകാമെടോ.

കിട്ടിയാലതിലേറിയേറെ വേഗത്തിലൂഴി-
ത്തട്ടാകെയോടിത്തിരിഞ്ഞു നോക്കാമല്ലോ!

എന്നല്ലന്നേക്കാൾ ജഡമേഘങ്ങൾ ഭുജിക്കുവാ-
നെന്നുമേ സ്വതന്ത്രനാമിച്ചെറു കഴുകന്റെ

ചിറകിന്നെനിക്കുണ്ടായിരുന്നുവെങ്കിൽ പൊങ്ങി-
പ്പറക്കാമായിരുന്നു പശ്ചിമദിക്കുനോക്കി

ആയതമായ ചെമ്പകത്തിപ്പൂ നിരയൊത്ത
സായാഹ്നസ്സൂര്യകിരണാവലിതട്ടിമിന്നും

മഞ്ഞാർന്നഹിമവാന്റെ വൻകൊടുമുടികൾ മേ-
ലഞ്ജസാ ചെന്നിരുന്നു ചുഴവും കാണണമെല്ലാം

ആകമാനുടൻമിഴിതിരിച്ചു തിരിച്ചഹോ!
നോക്കാമായിരുന്നു കണ്ണെത്തുന്ന ദൂരംവരെ.

എന്തുകൊണ്ടിന്നാൾവരെ ദേശങ്ങൾ കണ്ടീലഞാ-
നെന്തുകൊണ്ടെനിക്കതിലാകാങ്ക്ഷ തോന്നാഞ്ഞതും?

കേട്ടിടാൻ മോഹമിപ്പോളതെല്ലാം സ്ഥലങ്ങളി-
ക്കോട്ടവാതലിൽ വെളിക്കുള്ളതു സഖിമാരേ

ഇതു കേട്ടൊരുത്തി ചൊല്ലീടിനാ"ളെന്നാൽ കനി-
ഞ്ഞതിമോഹനാകൃതേ, കേട്ടുകൊണ്ടാലുംഭവാൻ

ഏററവുമടുത്തു ദേവാലയങ്ങളാ,മിളം-
കാററിൽ പൂമണംവീശുമുദ്യാനങ്ങളും പിന്നെ

വൃക്ഷവാടികളവയ്ക്കപ്പുറ,മങ്ങേപ്പുറം
ശിക്ഷയിൽ കൃഷിയേറി വിളങ്ങും വയലുകൾ;

പിന്നെയപ്പുറപ്പാൎന്ന തരിശുനിലങ്ങളാം;
പിന്നെ മൈതാനങ്ങളാം, പിന്നെയെത്രയൊ കാതം,

അംബുധിപോൽ പരന്ന കാടുകളല്ലൊ പിന്നെ
ബിംബിസാരനാം നൃപൻ തന്നുടെ രാജ്യമല്ലൊ;

അതിനപ്പുറം സമദേശങ്ങൾ വിലസുന്നു
വിതതമായിക്കോടി കോടിയാളുകളോടും.

എന്നതുകേട്ടു ഭഗവാനടനരുൾചെയ്തു:
നന്നിതു നാളെ മദ്ധ്യാഹ്നത്തിൽ താനെനിക്കിനി

ഒന്നൊഴിയാതെ പുറത്തുള്ളൊരു വിശേഷങ്ങൾ
സന്ദർശിക്കണം പോതിസ്സംശയമില്ലതുമേ

ഛന്ദനെൻ തേർ തെളിച്ചീടണമിന്നതിനായി
ച്ചെന്നുടൻ നൃപാജ്ഞയെ വാങ്ങുവിൻ മടിയാതെ.

അതുപോൽ പരിജനമണ്ഡലം തിരുമുമ്പി-
ലത്യാദരമുടൻ വൃത്താന്തമുണർത്തിനാർ:

നിന്തിരുമകൻ വിഭോ! നാളെ മദ്ധ്യാഹ്നത്തിങ്കൽ
സ്വന്തമാം തേരിലേറി വെളിയിലെഴുന്നള്ളി

അന്തികദേശത്തുള്ള ജനങ്ങൾ തന്നെക്കാണ്മാ
നന്തരംഗത്തിലാശ തേടുന്നു ദയാനിധെ!

എന്നതു കേട്ടു ചിന്തിച്ചുതിനാൻ മഹീപതി
നന്നിതു കാലമായി വത്സനായതിന്നിപ്പോൾ.

എന്നാൽ ഘോഷകജനം നടന്നു നഗരത്തെ
നന്നായിന്നലങ്കരിച്ചീടുവാൻ ചൊല്ലീടട്ടെ!

കഷ്ടമായുള്ളതൊന്നും *കാണരുതൊരേടത്തും
ദൃഷ്ടിഹീനരു,മംഗഭംഗങ്ങളുള്ളവരും

കുഷ്ഠരോഗികളുമന്യാമയങ്ങളാൽ പാരം
ക്ലിഷ്ടതയനുഭവിപ്പവരുമെന്നുവേണ്ട,
ജരയാലുടൻ ജീർണ്ണിച്ചോരു വൃദ്ധരു,മംഗം
പരിശോഷിച്ചോർ ബലഹീനരായുള്ളോർപോലും

തെരുവിൽ കാണുമാറാകായെങ്ങുമെന്നരുളി
വിരവിലവർ വിളംബരവുംചെയ്തീടട്ടെ.

വാഴ്ത്തും കൌതുകത്തോടു പുരവാസികളുതു
കേൾക്കവേ കൽത്തളങ്ങളുടിച്ചു വെടിപ്പാക്കി

തോല്ക്കുഴൽവഴി ജലധാരകൾ വിട്ടു വീഥി
മെല്ലെമെല്ലുത്സാഹമാർന്നോരക്കവേ കഴുകിനാർ

മംഗലമായ് കോലങ്ങളെഴുതി മുറ്റത്തെല്ലാം
ഭംഗിയായ് നൽക്കുങ്കുമം തൂറ്റിനാർ ഗൃഹിണിമാർ

വാതലിൽ പുതിയ പൂമാലകൾ കെട്ടീടിനാർ
കോതി മുമ്പൊരുക്കി നിർത്തീടിനാർ തുളസിയെ

കെല്പോടു, ചുവരിലെച്ചിത്രങ്ങൾ ചായമിട്ടു
ശില്പവേലക്കാർ പുതുക്കീടിനാർ വഴിപോലെ.

വൃക്ഷങ്ങൾ ചൂഴെങ്ങും കൊടികൾ തൂക്കീടിനാർ
ശിക്ഷയായ് പൂശി മിനുക്കീടിനാർ പ്രതിമകൾ.

മെച്ചമായെന്നല്ല നാൽ വഴികൾ കൂടുമിടത്തിൻ
പച്ചിലപ്പന്തലുകൾ നിർമ്മിച്ചങ്ങവയുള്ളിൽ

ഭിന്നം സൂര്യാദി ദേവബിംബങ്ങൾ വെച്ചു ഭക്ത്യാ
സന്നാഹമോടാരാധിച്ചീടിനാരങ്ങെല്ലാം

എന്തിനു വിസ്തരിപ്പു കപിലവാസ്തുവൊരു
ഗന്ധർവ്വനഗരിപോൽ വിളങ്ങിയെന്നേ വേണ്ടൂ.

പിന്നെ ഘോഷകർ തമ്പേറടിച്ചു നടന്നെങ്ങും
മന്നവന്റെയാജ്ഞയിങ്ങനെ വിളിച്ചോതി:

"അല്ലയോ! പൌരന്മാരെ,യെല്ലാവരുമോരാൻ ഭൂമി
വല്ലഭൻ കല്പിപ്പിക്കുന്നതാവിതു: കേട്ടീടുവിൻ.

കഷ്ടമാം കാഴ്ചയൊന്നും നാളെയിങ്ങൊരേടത്തും
ദൃഷ്ടിയിൽ പെട്ടീടുമാറാകരുതാകയാലെ

കുരുടർ, മുടവന്മാർ, കുഷ്ഠരോഗികൾ പാരം
ജരാ,രാരോഗ്യമില്ലാത്തവരശക്തരും
ഒരു ദിക്കിലും വെളിക്കിറങ്ങീടരുതെന്ന
ല്ലാത്ത ഭൂതരും ശവദാഹം ചെയ്യരുതെങ്ങും
വെളിയിൽപോവുമെട്ടത്തീടരുതാരും നാളെ
വെളുത്താലന്തിയാകും വരെയും പ്രേതമൊന്നും

ഇങ്ങനെ കല്പിക്കുന്നു മന്നവൻ ശുദ്ധോദനൻ
നിങ്ങളെല്ലാരുമറിഞ്ഞീടുവിനിച്ചട്ടികൾ"

അങ്ങനെയന്നു ശാക്യരാജധാനിയെ പൌരർ
മംഗലമാക്കിവെടിപ്പാക്കി മന്ദിരങ്ങളും

ഹിമരാശികൾപോലെ വെളുത്തു പരസ്പരം.
സമത്വമേറും രണ്ടുകാളകൾ സോത്സാഹമായ്

ഭംഗിയിൽപാരം തൊന്ന താടകൾ തുള്ളിച്ചേറ്റം
പൊങ്ങി മാംസളങ്ങളാം പോഞ്ഞുകൾ ചുളുങ്ങവെ.

തോളിന്മേൽ ചിത്രമായിപ്പണിതുമെഴുകിട്ട
കാളന്ന പുത്തൻ നുകം വഹിച്ചു വലിച്ചീടും

ശില്പവേലകൾചെയ്തു ഛായമിട്ടൊരു തേരി-
ലുജ്ജ്വലാകാരൻ യുവനൃപനുമെഴുന്നള്ളി

വഴിയിൽ വരും കൊച്ചുതമ്പുരാൻ തന്നെപ്പൌരർ
തൊഴുതു വാഴ്ത്തീടുന്നൊരാനന്ദമെന്തു ചൊൽവൂ

ചിത്രമാമുടുപ്പുകൾ ധരിച്ചും, ചിരിച്ചുകൊ
ണ്ടെത്രയും തെളിവാൎന്നു വിളങ്ങും മുഖങ്ങളാൽ

ലോകമിതേറ്റം സുഖാവഹമെന്നു താരി
ലാകവേ കാണികൾക്കു തോന്നുമാറായും നില്ക്കും

വാൎത്തരായിട്ടുരായ പൌരവൃന്ദത്തെത്തൃക്കൺ
പാൎത്തു സന്തോഷിച്ചുടൻ ചീൎത്തു ചൊല്ലിനാൻ ദേവൻ:

നന്നു നന്നീ ലോക, മെന്നല്ലഹോ നിരൂപിച്ചാ-
ലെന്നിലെത്രയും സ്നേഹം കാണുന്നിതിവൎക്കെല്ലാം

മന്നവരല്ലാതെതാരിജ്ജനങ്ങൾ സന്തുഷ്ടരായ്
ഖിന്നതവെടിഞ്ഞെത്ര ഭാൎന്നു മേവീടുന്നു.

വേലകളെല്ലാം വിട്ടു സുഖിച്ചുല്ലാസമായ്
ലോലാംഗിമാരിലുള്ള ഭഗിനിമാരും വാഴ്വൂ;

സന്തോഷമിവൎക്കാകെ യീവണ്ണമുണ്ടാകുവാ-
നെന്തുപകാരം ചെയ്തിട്ടുള്ളു ഞാൻ നിരൂപിച്ചാൽ!

സ്നേഹിച്ചിട്ടുണ്ടു ഞാൻ തങ്ങളെയെന്നു താനേ
യൂഹിച്ചിങ്ങനെ യറിഞ്ഞിതിക്കിടാങ്ങളും!

നമ്മുടെ മെയ്മേൽ നല്ല പൂവാരിയെറിഞ്ഞോരു
രമ്യരൂപനാം ശാക്യബാലകനിതാ നില്പൂ.

ചെന്നുനീയവനെപ്പെട്ടെന്നെടുത്തുകൊണ്ടു വരു
ഛന്ദാ, നമ്മോടൊത്തവൻ യാത്രചെയ്യട്ടെ തേരിൽ

ഇത്രനല്ലോരു രാജ്യം ഭരിക്കുന്നതുതന്നെ
യെത്ര ധന്യതയാൎന്ന കൃത്യമാകുന്നു പാൎത്താൽ.

ഇവ്വണ്ണം ഞാൻ വെളിക്കു വന്നതുകൊണ്ടുമാത്രം
താവുന്നു പൌരന്മാരിന്നിത്രയാമോദമെന്നാൽ

എന്തൊരു സുഖമാം ഭാവമാണൊത്തുകണ്ടാൽ
സന്തോഷം തന്നെ; യെന്നല്ലിച്ചെറുകൂരകളിൽ

തിങ്ങിയുല്ലാസമെല്ലും ജനങ്ങൾ തൂവീടുന്ന
പുഞ്ചിരിപ്പൂന്നിലാവിൽ നഗരം മുങ്ങീടവേ

മിത്രമാരോരോ സുഖസാധനസാമഗ്രി ഞാൻ
സഞ്ചയിക്കുന്നതെല്ലാം വ്യർത്ഥമാണെന്നും തോന്നും

തെളിക്ക രഥം ഛന്ദാ, സ്വച്ഛന്ദം വാതിലൂടെ
വെളിക്കു പോക;യിതു ഞാനറിഞ്ഞീടാത്തതായ്

അനാഡംബരമാണൊരീ ലോകംകുറേക്കൂടി
യെനിക്കു കണ്ടീടണമെന്നു കൌതൂഹലം

കടന്നു കോട്ടവാതിലങ്ങനെയവർ പോകു-
മുടനെ ഹർഷാകുലമായ് വന്നജനങ്ങളും

ക്കൂടി തെരുതല്ലിന്നു പൂഴവും ചിലർമുമ്പേ
യോടിക്കാളകളുടെ കഴുത്തിൽ മാലചാർത്തി;

ചിലർ ചെന്നവയുടെ മിനുത്തു പട്ടുപോലെ
വിലസും പാർശ്വങ്ങളിലടിച്ചു തലോടിനാർ

അലിവോടവറ്റു ഭക്ഷിക്കുവാൻ കൊണ്ടുവന്നു
ചിലപേർ ചോറും ചിലരപ്പവും നൽകീടിനാർ.

ജയിക്ക മഹാരാജനന്ദനാ, ജയിക്കുക
ജയിക്കെന്നെങ്ങു മാർത്തുവിളിച്ചാരെല്ലാവരും.

ഇങ്ങനെ വീഥിതോറും സന്തുഷ്ടജനങ്ങളും
തിങ്ങിയുല്ലസിച്ചിതു രമ്യമാം കാഴ്ചകളും

എങ്ങെങ്ങുനോക്കിയാലുമൊന്നുപോൽ തന്നെസ്വപ-
നങ്ങളെയെല്ലാം സൃഷ്ടിച്ചീടുവാൻ കല്പിക്കയാൽ.

അപ്പോഴന്നു വഴി തന്നിലങ്ങൊരു ചെറു
കുപ്പമാടത്തിൽ മറഞ്ഞിരുന്നു വെളിക്കവൻ

മുല്ലാടായൊരു പടുകിഴവൻ പിച്ചക്കാരൻ
തപ്പിയും തടഞ്ഞും പിന്നാലങ്ങണഞ്ഞെത്തിടവൻ

നാറിയ കീറത്തുണികൊണ്ടു വന്നുമറ
ച്ചുറെറ ശോഷിച്ച വൃത്തികെട്ടതിവിരൂപനായ്

എല്ലററവും ചുക്കിച്ചുളിഞ്ഞുള്ളൊരു തൊലി, വെയി-
ലേററു പാരം കരുവാളിച്ച ശരീരത്തിൽ

മെലിഞ്ഞു മാംസമെല്ലാം പോയൊരെല്ലിന്മേൽപററി
വലിഞ്ഞു മൃദംഗത്തിൻെറ തോലുപോൽ തൂങ്ങി

ഒട്ടേറെ വയസ്സിൻെറ വൻഭാരം ചുമക്കയാൽ
നട്ടെല്ലു വില്ലുപോലെ വളഞ്ഞു കുനിഞ്ഞൂന്നി

പങ്കിലമായിപ്പാരം നെടുനാൾ കണ്ണീർവാർത്ത
കൺകുഴി രണ്ടും ചുവന്നേററവും കലങ്ങിയും

നരച്ചു മുററും പീളയടിഞ്ഞു കാഴ്ചമങ്ങി
വലഞ്ഞു വല്ലാതുള്ള കണ്ണുകൾ മിഴിച്ചുമേ

പല്ലുകളെല്ലാം കൊഴിഞ്ഞൊഴിഞ്ഞ വെറും താടി
യെല്ലുകൾ താനേയാടി വിറച്ചു വാതത്താലും

തെരുവിലെല്ലാടവുമാവിധമാഘോഷവും
പുരുഷാരവും കണ്ടു സംഭ്രാന്തനാകയാലും

കിഴവനവൻ തൊലി തൂങ്ങീടുമൊരു കയ്യിൽ
പഴകിത്തേഞ്ഞ വടിയേന്തിത്തൻ വിറയ്ക്കും മെയ്

മറിയാതുന്നിപ്പിടിച്ചിതന്നു, വാപൊളിച്ചു
നിറയും നോവാൽ വിട്ടീടുന്ന നെടുമൂച്ചാൽ
തേങ്ങി വീർത്തീടുമൊരുവശത്തെ വാരിയെല്ലു
താങ്ങിയുമിരുന്നതേ മറ്റേക്കൈകൊണ്ടു പാവം.

പിച്ചനൽകവിനയ്യോ! പുണ്യവാന്മാരേ യെന്റെ
യിച്ചപലമാം പ്രാണനിന്നോ നാളെയോ പോമേ
എന്നൊരാനു മുറവിളിച്ചാരടനേങ്ങിവിങ്ങി
വന്നൊരു കരംകൊണ്ടു വലഞ്ഞാൻ സാധുവൃദ്ധൻ

എന്നിട്ടു തെരുവുകൾ വളഞ്ഞു വിറയാർന്നു
നിന്നു കൈനീട്ടിക്കൊണ്ടു കണ്ണുകൾ തുറിച്ചുറാം
ഖിന്നനായുഴറൽ പൂണ്ടേറെ പരവശം
പിന്നെയുമവൻ "പിച്ച തരണേ, പിച്ച"യെന്നാൻ,

ഉടനേ കണ്ടുനിന്ന ജനങ്ങളോടിച്ചെന്നു
പിടിപെട്ടപ്പാവത്തെയകലെത്തള്ളിയിട്ടു
കണ്ടുപോമിപ്പോൾ കൊച്ചുതമ്പുരാൻ, ക്ഷണമോടി
മണ്ടിനിന്മടയിൽപോയ് മറഞ്ഞുകൊൾകെന്നോതി

കെല്ലറ കാലിൽ തൂക്കിയക്കിഴവനെയവർ
ക്ഷിപ്രമാവഴിവിട്ടു വലിച്ചു മാറ്റീടിനാർ.
"വിട്ടുവിൻ വിട്ടുവി"നെന്നുറക്കെ ക്കൂകിനിന്നു
ഝടിതി വിളിച്ചോതിയപ്പോൾ തന്തിരുവടി;

എന്നല്ല തിരിഞ്ഞുടൻ ചോദിച്ചു സൂതനോടായ്
ഛന്ദാ, യിക്കാണുമൊരു മനുഷ്യവ്യക്തിതാനോ
കണ്ടാലങ്ങനെ തോന്നുന്നില്ലാ മെലിഞ്ഞു പാര
മിണ്ടൽപ്പെട്ടീടുമതി വികൃതമാമീരൂപം.

ജനിച്ചീടുമാറുണ്ടോ ചിലർപ്പാളിതാതിരി
മനുഷ്യർചൊല്ലീടു നീയെന്നല്ല കേൾക്കിസ്സാധു

പ്രാണൻ പോയീടുമെനിക്കിന്നോ നാളെയോയെന്നു
കേണോതുന്നല്ലോ ചൊൽക യെന്തിതിന്നർത്ഥമെന്നും

കിട്ടമാറില്ലേയിവന്നാഹാരമൊന്നും വെറും
പട്ടിണികൊണ്ടോമെയ്യിലെല്ലുകൾപൊങ്ങിക്കാൺമൂ

ഛന്ദകനതുകേട്ടു ചൊല്ലിനാൻ പ്രിയനൃപ-
നന്ദനാ യിവനൊരു വൃദ്ധനാം നരൻതന്നെ

എൺപതു കൊല്ലങ്ങൾ മുമ്പിവന്റെ മുതുകെല്ലി-
ക്കമ്പമാർന്നീലെന്നല്ല നിവർന്നുമിരുന്നതേ.

മിഴികൾ മിന്നിത്തെളിഞ്ഞിരുന്നിതിവന്നേറ്റം-
മഴകുണ്ടായിരുന്നു കാഴ്ചയിലുടലിനും

ചോരയിമ്മെയ്യിൽനിന്നു മെല്ലെ മെല്ലവേ ജീവ-
ചോരനാം കാലമിപ്പോൾ കുടിച്ചുവറ്റിക്കയാൽ

നീരറ്റു വരണ്ടേറ്റം വേനലിൽ നിറംകെട്ടു
പാരിൽവീണുണങ്ങുന്ന പൂച്ചെടിപോലായിവൻ.

കവർന്നുപോയികാലം കായത്തിൻ കെല്പുമെന്ന-
ല്ലിവന്റെ മനോബലം ബുദ്ധിശക്തിയുമെല്ലാം.

എരിഞ്ഞു നിന്നോരു ജീവിതമാം വിളക്കിന്റെ
തിരിയിലെണ്ണ വറ്റിപ്പുകഞ്ഞു മങ്ങിപ്പോയി.

പരിശേഷിച്ചിട്ടില്ലീപക്ഷിപിടി വെറു-
മൊരുതിപ്പൊരി, യതും കെടുന്നു മങ്ങി, മങ്ങി.

അന്ത്യമാം വയസ്സിന്റെ ഗതിയിങ്ങനെയല്ലോ
ധിനിതിയവടിക്കിതിലെന്തു ചിന്തിപ്പാനുള്ളു.

എന്നതുകേട്ടു ചോദിച്ചീടിനാൻ തിരുമേനി
വന്നിടുമോ ചൊൽകീയവസ്ഥ മറ്റുള്ളോൎക്കും?

എല്ലാൎക്കുമിതുവന്നു ചേരുമോ? യിവനെപ്പോൽ
വല്ല പാപങ്ങൾക്കുമേ വരുവെന്നുണ്ടോ സൂത?

ചൊല്ലിനാനുടൻ ഛന്ദൻ ഭാവുകാത്മാവേ, ഭൂമി-
വല്ലഭകുമാരക, വാൎദ്ധക്യം നിമിത്തമായ്

അല്ലലീവണ്ണമിവനെപ്പോലെ യിത്രയേറെ-
ക്കൊല്ലങ്ങൾ ജീവിച്ചിരുന്നീടുകിലുണ്ടാമാൎക്കും.

സന്താപം തിരുമേനി ചോദിച്ചു വീണ്ടും ഞാനി
ങ്ങിത്രനാൾ വാണീടിലുമീവിധമാമോ ഛന്ദ.

എൻപ്രിയ യശോധര താനുമിങ്ങനെയാമോ
യെൺപതുകൊല്ലമിനിക്കഴിഞ്ഞാലയ്യോ കഷ്ടം!

ജാലിനിതാനും കൊച്ചു ഹസ്തയും ഗൌതമിയും
കാലത്താൽ ഗംഗദാനും മറ്റിഷ്ടജനങ്ങളും

എല്ലാമിങ്ങനെ വയസ്സേറി വാൎദ്ധക്യംവന്നു
വല്ലാത്ത വീഭത്സരൂപങ്ങളായ് തീൎന്നീടുമോ?

ചൊല്ലുകെന്നതുകേട്ടു സൂതനും മഹാമതേ!
കില്ലില്ലയീ വാൎദ്ധക്യം വന്നീടുമാൎക്കുമെന്നാൻ.

എന്നാൽ തേർതിരിച്ചോടിച്ചീടുക മടങ്ങി ഞാ-
നെന്നുടെയരമനയ്ക്കായ്ത്തന്നെ പോകാമിനി

എന്നുമേ കാണ്മാൻ കാംക്ഷിയാതുള്ള കാഴ്ചകണ്ടേ-
നിന്നു ഹാ! മതിമറി!—എന്നുമോതിനാൻ നാഥൻ.

താനേ പിന്നെയുമതു ചിന്തിച്ചു ചിന്തിച്ചു ത-
ന്നാനനപങ്കജവുമകക്കാമ്പും വാടി.

ഭംഗിതേടുന്ന കൊട്ടാരത്തിങ്കലെത്തിടുവാൻ
മംഗളമൂർത്തി കൊച്ചുതമ്പുരാൻ വൈകുന്നേരം

തെരിക്കെന്നാളു പരിജനങ്ങളുത്സാഹമാ—
ന്നൊരുക്കിയുള്ളാരാമത്തിന്റെ വട്ടങ്ങളിൽ

തളിരൊന്നിലൊന്നിലും സൗരഭിക്കുമച്ചന്ത-
തളിരാമ്പൂപഴങ്ങൾ തേൻകനികളിവയിലും.

എന്നല്ല മനോമയക്കീടുവാൻ മിടുക്കേറും
സുന്ദരിമാരാം തന്റെ ദാസിമാർ നൃത്തങ്ങളിൽ

പാടവം പണിപ്പെട്ടു കാട്ടിയെന്നാലും തൃക്ക-
ണ്ണോടിച്ചുമില്ലവരിലൊരിക്കൽപോലും ദേവൻ

തിരുവായ്മൊഴിയൊന്നുരിയാടിയുമില്ല
കരുണാലയനുള്ളിൽ കാളുന്ന ചിന്തയാലെ.

അതുകണ്ടുള്ളെരിഞ്ഞു കരഞ്ഞു കാൽക്കൽവീണു
മുറ്റായ് തൊണ്ടവിങ്ങിച്ചോദിച്ചു യശോധര.

"പ്രാണവല്ലഭ! ഭവാനിവളിൽ പോരായ്കയിപ്പോൾ
കാണിയും രസം തോന്നാതായിതോ കൃപാനിധേ"

സ്വാമിയുമിതുകേട്ടു കനിഞ്ഞു ചൊല്ലീടിനാ—
നോമലേ യിക്കാതിരി യിപ്പൊഴെന്റെയുള്ളം

അന്തരാത്മാവിൽ ദുഃഖമേകുന്നിതിക്കൊക്കെ-
യന്തരിച്ചുപോമൊരു കാലമൊന്നാകും ഭാവി

അന്തമുണ്ടല്ലോയിവയ്ക്കെന്നല്ല നീയും ഞാനു-
മന്തരമില്ല വൃദ്ധരാമല്ലോ യശോധരേ.

സ്നേഹം സൗന്ദര്യം ശക്തിയെല്ലാം പോയിടുമല്ലോ
ദേഹം വാർദ്ധക്യമേറീടുന്നതുപോമല്ലോ നാഥേ

എന്നുവേണ്ടേന്നും രാവും പകലും പിരിയാതെ-
യൊന്നായ് നാം വസിച്ചൊന്നായ് ശ്വസിച്ചു പരസ്പരം

ചേണാർന്നച്ചുണ്ടു * * * * * സുദൃഢമായ്
പ്രാണപ്രേമങ്ങളുള്ളിലടച്ചു ശയിച്ചാലും

കള്ളനാം കാലമങ്ങു കടന്നു വല്ലപാടും
കൊള്ളയിട്ടുപോമല്ലോ രാഗവും താരുണ്യവും

അക്കാണും ഗിരിശൃംഗത്തിന്മേൽ ചെന്താരിന്റെ
സൽകാന്തിചിന്നും സന്ധ്യാരാഗത്തെക്കടന്നുടൻ

നൽക്കരിനിറം പൂണ്ട യാമിനി കവരുമ്പോ-
ളൊക്കവേ വിളറി മങ്ങിപ്പിന്നെയിരുട്ടാമേ.

കണ്ടു ഞാൻ പ്രിയേ നിന്നീ വസ്തുതയെയോർത്തെന്നുൾ-
ത്തണ്ടുമാഴ്കുന്നു പാരം പേടിയും തോന്നിടുന്നു.

മർത്ത്യരെ വ്യർത്ഥരാക്കും കാലമാം ഘാതകന്റെ
ഹസ്തത്തിൽ നിന്നീ സ്നേഹരസത്തെ രക്ഷിക്കുവാൻ

ഉത്തമോപായമൊന്നും കാണാതെയുഴന്നെന്റെ
ചിത്തമിന്നേകാഗ്രമായ് ചിന്തചെയ്യുന്നു കാന്തേ.

ഇത്തരമുൾ ചെയ്തു നിദ്രയും വിട്ടു പട്ടു-
മെത്തമേൽ സുഖമില്ലാതിരുന്നു രാവിൽ ദേവൻ

ആ രാത്രി ശുദ്ധോദനമന്നവനുറങ്ങുമ്പോ-
ളോരോരോ ഭയാനക സ്വപ്നങ്ങൾ കണ്ടീടിനാൻ.

ഒന്നാമതിശോഭചേർന്നേറ്റം വിശാലമായ്-
പൊന്നുകൊണ്ടുള്ള സൂര്യപ്രതിമ നടുക്കൊന്ന

മിന്നുന്ന മഹേന്ദ്രക്ഷേത്രത്തിലെക്കൊടിക്കൂറ
മന്നവൻ കണ്ടാൻ പൊങ്ങിപ്പാറന്നു നില്ക്കുന്നതും

കൊട്ടകാറെറാന്നങ്ങുടനുണ്ടാകുന്നതും കൊടി
ഝടിതിചരടററു താഴത്തു വീഴുന്നതും

പൊടിയിലടിഞ്ഞതു മുഷിയുന്നതു മെന്ന-
ല്ലുടനെയൊരുമിച്ചും ഛായാരൂപികളെത്തി

അഴകെ പററീടിനോരപ്പതാകയും പേറി
കിഴക്കെക്കോട്ടവാതിൽ കടന്നു പോകുന്നതും.

പിന്നെ രണ്ടാമതായിക്കണ്ടിതു നൃപൻ തടി-
ച്ചുന്നതങ്ങളാം പത്തുകലയാനകൾ ചേൎന്നു

മിന്നുന്നവെള്ളിക്കൊമ്പു, കുലുക്കിക്കൊണ്ടും പാരം
മന്നിടം കലുങ്ങവേ കാലുകളൂന്നിക്കൊണ്ടും

തെക്കോട്ടേക്കുള്ള വഴിയൂടെ പോവതുമവ-
യ്ക്കൊക്കെയും മുമ്പിലുള്ള വാരണവീരന്റെ മേൽ

തന്നുടെ കുമാരകൻ താനെഴുന്നെള്ളുന്നതും
പിന്നെയുള്ളവയിന്മേൽ മററുള്ളോരിരിപ്പതും.

മൂന്നാമതായിക്കണ്ടു രഥമൊന്നേററം പ്രഭ
ചേൎന്നു മിന്നീടുമതു കണ്ടാൽ കണ്ണുകൾ മഞ്ഞും,

വെളുത്ത ധൂമങ്ങളുച്ഛ്വസിച്ചു മഗ്നിജ്വാല-
യിളകും മട്ടിന്നരതുള്ളിയും നാലശ്വങ്ങൾ

വലിച്ചു പോകുന്നോരപ്പള്ളിത്തേരതുള്ളിൽ സ്വൈരം
ജ്വലിക്കും കാന്തിയാൎന്നു സിദ്ധാൎത്ഥൻ സ്ഥിതിചെയ്തു.

കണ്ടിതു നാലാമതു മന്നവൻ ചിത്രമൊരു
വണ്ടിതൻ ചക്രമുരുണ്ടുരുണ്ടു പോകുന്നതും.

കത്തുന്ന കാഞ്ചനംകൊണ്ടുള്ളതാണതിൻ കുംഭ-
മുത്തമരത്നങ്ങൾ പൂണ്ടുള്ളതാം ദളങ്ങളും.

ചട്ടമായ് പല വിചിത്രാർത്ഥവാക്യങ്ങളതിൻ
പട്ടയിൽ ചുറ്റുമെഴുതീട്ടുണ്ടു വിശദമായ്
ആയതുതിരിയവേ കൊള്ളി ചുറ്റുംപോൽ തോന്നു
മായമതിൻധ്വനി സംഗീതം പോലെ കേൾക്കും.

അഞ്ചാമതൊരു പെരുമ്പറ പട്ടണത്തിന്നു
മഞ്ചിതങ്ങളാമട്ടുത്തുള്ളോരു കുന്നുകൾക്കും.
മദ്ധ്യത്തിൽ സ്ഥാപിച്ചിരിക്കുന്നതും കണ്ടു നൃപൻ
സിദ്ധാർത്ഥനിരുമ്പുകോൽ കൊണ്ടതു കൊട്ടുന്നതും
ഇടിവെട്ടീടുംവണ്ണമതിന്റെ മന്ദ്രനാദ
മുടനംബരം തിങ്ങുന്നതു കേൾക്കയും ചെയ്തു.

ആറാമതൊരു മഹാഗോപുരം നഗരത്തി
ലേറ്റം പ്രൌഢിയിൽ പൊങ്ങി മേഘത്തിൽ മുട്ടീടുന്ന
ശൃംഗാഗ്രം പൂണ്ടു മിന്നീടുന്നതും കുമാരകൻ
മംഗലരൂപനതിലേറി നില്പതും കണ്ടാൻ.
എന്നല്ല കണ്ടിതങ്ങുനിന്നുടൻ തൃക്കൈകളാൽ
മിന്നീടും പലവിധ രത്നങ്ങൾ വാരിയവൻ
വർഷിക്കുന്നതുമവ താഴത്തു വീഴുന്നേരം
ഹർഷം പൂണ്ടോടിത്തിക്കി ജനങ്ങളെത്തിത്തമ്മിൽ
മത്സരിച്ചുധനങ്ങൾ പെറുക്കിക്കൊണ്ടു പാരം
മുത്സാഹത്തോടേ നാലുദിക്കിലും പോകുന്നതും.

ഏഴാമതായിക്കിനാവതിങ്കൽ പിന്നെയൊരു
കേഴുന്ന ശബ്ദം കേട്ടിതെന്നല്ല കണ്ടു നൃപൻ
കരഞ്ഞും പൽകടിച്ചും വായിൽ കൈവിരൽ ചേർത്തു
മെരിഞ്ഞഹൃദയം പൂണ്ടാറുപേർ പോകുന്നതും

ഇക്കിനാവുകളേഴും കണ്ടകതാരിൽപ്പേടി
കയ്ക്കൊണ്ടു പണ്ഡിതന്മാരോടറിവിച്ചു നൃപൻ

ആർക്കുമേ പൊരുളറിയാവതല്ലെന്നു കണ്ടു
ചീർക്കും കോപവുമുള്ളിൽത്താപവും പൂണ്ടു ചൊന്നാൻ

വല്ലാത്ത വിപത്തുകൾ വല്ലതും വരുന്നതോ
മല്ലെങ്കിലിസ്സ്വപ്നം കാണ്മാനെന്താണു ബന്ധം.

ദേവസങ്കല്പമെന്തെന്നറിഞ്ഞീലൊരുത്തനില്ല
കേവലമൊന്നുമിങ്ങൾ പണ്ഡിതമ്മന്യന്മാരേ

ഇങ്ങനേ സ്വപ്നാർത്ഥങ്ങളറിവാൻ പഴുതില്ലാ
തങ്ങളുൾജ്ജനമെല്ലാം ചിന്തതേടീടുമ്പോൾ.

മംഗലമായ മരന്തോലുടുത്തു മുനിപോലെ
യെങ്ങാനിന്നൊരു വൃദ്ധനാമമേയരികത്താൻ

കോട്ടമെന്നിയേ നൃപമന്ദിരം നോക്കിയങ്ങു
കോട്ടവാതിലും കടന്നുഴറി വന്നെത്തിനാൻ.

മന്നവൻ കണ്ടകിനാവിൻ പൊരുൾ പറയണം
സന്നിധാനത്തിലിനിക്കെത്തണമെന്നു ചൊല്ലി

അനുവാദവും വാങ്ങിയകത്തു പൂകീടിനാൻ
മനുജേശ്വരൻതന്നെക്കണ്ടോന്ന മഹാഭാഗൻ

അദ്രാത്രിയിൽ നൃപൻ ദർശിച്ച കിനാവിന്റെ
വൃത്താന്തം കേട്ടിക്കതി ബഹുമാനങ്ങളോടും

വന്ദിച്ചു സഭയും വന്ദ്യനാമവനരുൾച്ചെയ്താൻ
മന്ദിരമിതു മഹാഭാഗ്യപൂരിതം വിഭോ!

ഉദയാദ്രിയിൽനിന്നു പൊങ്ങുന്ന ഭാനുമാന്റെ
കതിരിൻ ദീപ്തിയിലും കേമമാം പ്രഭയിപ്പോൾ

ഇതിൽനിന്നൊളിച്ചുടൻപരലോകത്തിന്റെ
ഏറെയന്ധകാരങ്ങൾ നിഷിദ്ധമറിയുന്നാലും

അനർത്ഥങ്ങളായുള്ളകങ്ങളും സ്വപ്നമെ
മനോഹരമതി ശോകാനന്ദഹേതുക്കളല്ലോ.

ഒന്നാമതായിവ് ഭവാൻ കണ്ടു ജഗന്മായാ
ലിംഗാകമാൻ കൊടിക്കുന്നതപ്പിപാർക്കിൽ

മന്നിടത്തിലൂടെവീണടിഞ്ഞെത്തുമൊക്കും
മന്നവപിന്നെ മഹാഷ്ട്രമൊയെന്നുള്ളും

യജ്ഞനിഷ്ഠമായിട്ടും പ്രാചീനമാമെന്നി
വിജ്ഞാനമെന വീണപോലെ നാനാർത്ഥം

പുതിയധർമ്മം പ്രസരിച്ചിട്ടുമെങ്ങും മേഘ-
ഖനിനാഥേന്ദ്രാദി ദേവന്മാർ മങ്ങിപ്പോകും.

മനുജർക്കൊന്നുപോലുണ്ടാകുമദ്ഭുതകാലം
ദിനങ്ങൾപോകുംപടി കല്പങ്ങൾ താനുംപോമേ.

പിന്നെയപ്പുത്തൻ മതിവീരന്മാർ മഹീപരെ
മന്നിടംകല്പിച്ചിട്ടും ധാടിയിൽ നടന്നില്ല,

ആയതുപത്തുമങ്ങ നന്ദനനുള്ളവാക-
മായതവിജ്ഞാന ശക്തികളാണറിഞ്ഞാലും

അവയാലവൻ രാജ്യംവെടിഞ്ഞുപോകുംപിന്നെ
ബ്ളുവനമിളക്കീട്ടും സ്ഥാപിക്കും സത്യമതം

അഗ്നിയെ വമിക്കും നാഗശപങ്ങൾ കണ്ടുള്ളവ
വിദ്വന്മരെഴും നാലുസത്യങ്ങൾ മഹീപതെ

അവയാൽ സന്ദേഹാന്ധകാരങ്ങൾ നീങ്ങി സാധു
മഷികളഞ്ഞോന നിർവ്വാണപുമവനണഞ്ഞോം;

കനകകുംഭം പൂണ്ടുതിരിയും ചക്രം കേൾക്ക
യനഘധൎമ്മചക്രം ത്വത്സുതൻ സ്ഥാപിപ്പതാം.

അവനായതു ലോകസമക്ഷമിതിയെങ്ങും
പ്രവൎത്തിപ്പിക്കുമെന്നുമോൎക്ക മഹാമതേ

പിന്നെ നിൻപുത്രൻ പെരുമ്പറകൊട്ടീടുന്നതു
തന്നുടെ ധൎമ്മമുപദേശിപ്പതറിക നീ.

ഉന്നതമായ മഹാഗോപുരം ത്വത്സുതന്റെ
യുന്നിദ്രഗുണോൽകൃഷ്ടമാകുമാഗമമല്ലോ.

അരിയ രത്നങ്ങളങ്ങതിൽ നിന്നവൻ കോരി
ച്ചൊരിവതതിലുള്ള തത്വരത്നങ്ങളല്ലോ.

ആറുപേർ മുറവിളിക്കൂട്ടിപ്പോയില്ലേ? യവ
രാറുദൎശന പ്രവൎത്തകന്മാർ നരപതേ

സ്പഷ്ടമാം തത്വോപദേശം കൊണ്ടുമസന്ദേഹ-
ക്ലിഷ്ടമാം വാദംകൊണ്ടുമവരെ നിൻകുമാരൻ

ബുദ്ധനായ് പരാജിതരാക്കീടും തങ്ങളുടെ
സിദ്ധാന്തങ്ങളിലുള്ള ദൌൎബ്ബല്യവും കാണുമവർ.

ഇങ്ങനെ ഭവാൻ രാവിൽ ദൎശിച്ചോരസ്വപ്നങ്ങൾ
സംഗതാൎത്ഥങ്ങളെല്ലാം ധരിക്ക മഹാപ്രഭോ!

മംഗളേതര ചിന്ത വെടിഞ്ഞു മനതാരിൽ
തുംഗമാമാനന്ദമാണ്ടുണ്ടാകേണ്ടുമിപ്പോൾ

ഇമ്മഹാ ഭാഗ്യങ്ങളെൻ ഭഗവാന്മാരെല്ലാം
സന്മതേ മറ്റാരാൎക്കും സിദ്ധിക്കാ ധരിക്കനീ

മുണ്ഡിതം ഭിക്ഷുവിന്റെ മൂൎദ്ധാവു വിഭോ മണി-
മണ്ഡിതമഹാരാജമൌലിയെക്കാളും മാന്യം.

നിർണ്ണയം യമിയുടെ കാഷായം സ്വപ്രഭന്റെ
സമ്പൂർണ്ണ കഞ്ചുകങ്ങളെക്കാൾ വിലയേറുന്നതാം

എന്നമൽ ചെയ്തുമാദരമേറിയ ഭക്തിയോടും
മന്നിൽവീണുടൻ ചെയ്തു മൂന്നു നമസ്കാരം

പിന്നവനെഴുന്നേറ്റു മാറിപ്പോവതു കണ്ടു
മന്നവൻ സമ്മാനമേകീടുവാൻ കല്പിച്ചിതു.

കണ്ടീലമ്മഹാത്മാവെയെങ്ങുമേയപ്പോളെന്ന
ല്ലിണ്ടയാന്നാരാഞ്ഞവരിന്ദ്രക്ഷേത്രത്തിനുള്ളിൽ

അദ്ദേഹം ചെന്നു കയറുന്നതും മൂലസ്ഥാന-
മദ്ധ്യത്തിലൊരു ശ്രീമന്ദിരമപക്ഷം തന്നും

കടന്നു ത്തുവലുകളിലുമന്നാളും കണ്ടോ
രെട്ടുകാം ദേവകളിലങ്ങേയൊരാൾരൂപം.

വൃത്താന്തം വിഷണ്ണനാം മന്നവൻ കേട്ടു തന്റെ
ചിത്തമാശ്ചര്യ്യ പരാധീനമായെന്നാകിലും

സത്വരം സിദ്ധാർത്ഥനു മുമ്പിലത്തേക്കാൾ സുഖം
മെത്തീടും വിഷയഭോഗങ്ങൾ നൽകുവാൻ തന്നെ

കല്പിച്ചാൻ നാലുകെട്ടിൽ നർത്തകീ ജനങ്ങടെ
ചൊല്പടിക്കൊത്താടുമവനെന്നോർക്കയാലെ

എന്നല്ല നരപതി പിന്നെയക്കോട്ടവാതിൽ
നന്നായിക്കാത്തുകൊൾവാനിരട്ടിയാളാക്കിപോൽ

എന്നാലും ഫലമെന്തു? ഭവിതവ്യതതന്നെ
യിന്നാരുതടുക്കുന്നു? വന്നീടും വരേണ്ടവ.

നൂനമങ്ങനെതന്നെ ഭവിച്ചു! സിദ്ധാർത്ഥനെ
മാനസതാരിൽ മറവുജനത്തിൻ സുഖസ്ഥിതി

യുള്ളപോലറിവാനും ജീവിതപ്പുഴയുപ്പു
വെള്ളമോ മധുവൊഴുക്കോയെന്നു തിരിപ്പാനും

പിന്നെയുമോരോതരമറിവുകളുലം വീണ്ടും
തന്നുടെ പിതാവോടു ദേവനർത്ഥിച്ചിതു.

ഇപ്പുരവാസികളെയുള്ളപോലൊന്നു കാണ്മാൻ
മൽപ്രിയതാത മനക്കാമ്പിലുണ്ടിതിക്കാലം

അന്നു നിന്തിരുവടിയുള്ളൈശ്വര്യങ്ങളി-
ലൊന്നുമെൻദൃഷ്ടിപഥമെത്തായ്‌വാൻ സൂക്ഷിച്ചതും

എന്നു തോന്നീടും നിജജനങ്ങളെന്നെ നോക്കി
നിന്നഭംഗിയുമാഡംബരവും നിനയ്ക്കുമ്പോൾ

എന്നാലുമറിയാതെയിരുന്നീവമ്മോടിക-
ളെന്നുമുള്ളവസ്ഥകളല്ലെന്നു നൃപതേ! ഞാൻ.

സന്ദേഹമേതും വേണ്ട നിന്തിരുവടിയുടെ
നന്ദനൻ രാജ്യാർഹനായുള്ളതിവനല്ലോ

മന്നവന്മാരല്ലാത്ത ഭണീയന്മാരുടെ
ഭിന്നമാം സ്ഥിതികളുമാചാരഭേദങ്ങളും.

വീടുകൾ വെവ്വേറായ വൃത്തികളിത്യാദിയും
നാട്ടുവാഴ്‌വോരുള്ളപോലറിയേണ്ടതല്ലോ.

ആകയാലനുജ്ഞനൽകുക ഞാൻ പുരം കണ്ടു-
വൈകാതെ വന്നീടുവനാരുമെയറിയാതെ.

കില്ലില്ലജനതതൻ സുഖജീവിതം കണ്ടു.
നല്ലസംതൃപ്തിയുണ്ടാമെനിക്കു മനക്കാമ്പിൽ

അല്ലെങ്കിൽ ദുഃഖങ്ങൾ കണ്ടേറെഞാൻ ഖേദിക്കിലു-
മെല്ലാമെൻ വിജ്ഞാനത്തെ വർദ്ധിപ്പിച്ചീടുമല്ലോ.

അനുയായികളോടും നാളെ മദ്ധ്യാഹ്നത്തിങ്ക-
ലനഘാത്മാവേ! പോയി നഗരം കാണന്മേ ഞാൻ.

മന്നവനതുകേട്ടു മന്ത്രിമാരോടു ചൊന്നാ-
നുന്നതാശയന്മാരെ യെന്തുചെയ്‌വൂ നിങ്ങൾ

പിന്നെയും കൊതിക്കുന്നു നന്ദനൻ പുരം കാണ്മാൻ
മുന്നമുണ്ടായൊരനർത്ഥങ്ങളോർത്തെനിക്കുള്ളിൽ

സമ്മതിക്കുവാൻ മണ്ഡം തോന്നുന്നിതൊരുവേള-
നമ്മതാൻ കുമാരകനിക്കുറിവന്നെന്നുമാം.

കാട്ടുപുള്ളിനെപ്പോറ്റുന്നതാവേ പിടിച്ചോരു.
കൂടിലാക്കിയാലതു കിടന്നു പിടയ്ക്കുന്നു.

കോട്ടമെന്നിയേ പുറത്തിറക്കിപ്പറക്കിയാൽ
കാട്ടുമാറില്ലപ്പരിഭ്രമങ്ങളൊന്നും പിന്നെ.

അതുകൊണ്ടനുമതി നൽകുകയല്ലീനല്ലൂ-
സ്സുതനെയയയ്ക്കുവൻ നിങ്ങളും വദിക്കുകിൽ

കാണന്മേ കുമാരകൻ കാണേണ്ടതെല്ലാമെന്നാൽ
വേണം കൂടവേ ചില ഭൃതരും യാത്രയതിൽ.

അതിസാമർത്ഥ്യമുള്ളോരായിരിക്കണമവർ!
മതിയിൽ കുമാരന വല്ലമാററവും കണ്ടാൽ

അതു തൽക്ഷണം സൂക്ഷിച്ചറിഞ്ഞു വന്നു നമ്മോ-
ടതുപോലുരയ്ക്കണമൊക്കെയുമപ്പോളപ്പോൾ.

എന്നോതി മന്ത്രിമാരും സമ്മതിക്കയാൽ നൃപൻ
നന്ദനനർത്ഥിച്ചപോലനുജ്ഞ നൽകീടിനാൻ.

പിറേറന്നാൾ മദ്ധ്യാഹ്നത്തിൽ ഛന്ദനോടൊത്തുപുരി
ചുററിക്കാണുവാൻ പുറപ്പെട്ടിതു ഭഗവാനും

ചെട്ടിവേഷം പൂണ്ടിതപ്പൂജ്യനാം തിരുവടി
കെട്ടിനാൻ ലേഖകന്റെ വേഷവുമുടൻ ഛന്ദൻ

വട്ടമീവണ്ണമായിത്തങ്ങളെയാരും കണ്ടു-
മുട്ടിയാൽപോലുമറിഞ്ഞീടാതെ നടന്നവർ

കല്പനവഴിക്കയാൽ കാവൽ നിന്നീടും ഭട-
രപ്പൊഴെ തുറന്നുള്ള കോട്ടവാതലിലൂടെ.

വാഹനാദികളൊന്നും കൂടാതെ പരിഷ്കാര-
സാഹസമേലാതെതാനാവഴിയേ പോയീടിനാർ.

കൂടിനാരവർ പല ജനങ്ങളോടും വഴി-
ക്കാടലും സുഖങ്ങളുമോരോന്നു കണ്ടുകണ്ടു

പരക്കെ നാനാവർണ്ണവസ്ത്രങ്ങൾ പൂണ്ടുതിക്കി-
ത്തിരക്കി ജനമാർന്ന തെരുവിലെത്തീടിനാർ.

നിരവേ ഛത്രംപടിഞ്ഞങ്ങു കച്ചോടക്കാ-
രിരുന്നു ധാന്യവ്യഞ്ജനാദികൾ വില്ക്കുന്നതും

കൊള്ളുവാൻ വരുന്നവർ വിലപേശീടുന്നതും
കള്ളവുമസഭ്യവുമന്യോന്യമുരപ്പതും

മടിശ്ശീലകളഴിക്കുന്നതും പണമെണ്ണി-
ക്കൊടുത്തു ചരക്കുകളേറ്റു വാങ്ങീടുന്നതും

മാറിപ്പോകെന്നുവിളികൂട്ടിക്കൊണ്ടുടൻ ഓരം
പേറിക്കല്ലുതല്ലാർന്ന വണ്ടികളുരുളുന്നതും

വല്ലവണ്ണവും ഞെക്കിഞെരുക്കിയളുകളെ
മെല്ലെ മെല്ലക്കാളകൾ വലിച്ചുപോകുന്നതും

പല്ലക്കിൽ പ്രഭുക്കളെയെടുത്തു വാഹകന്മാർ
നല്ലപാട്ടുകൾ പാടി വന്നണഞ്ഞീടുന്നതും

വല്ലാത്ത വെയിലേററു വിയൎത്തൊരമെന്നി-
ക്കല്യരാം ചുമട്ടുകാർ കഷ്ടിച്ചു തിരിവതും

അട്ടത്തകിണററിൽ നിന്നൊരു കുംഭത്തിൽ ജല-
മെടുത്തു തലയിൽവച്ചൊരുകൈകൊണ്ടുതാങ്ങി

ഝടിതി മറെറക്കയ്യാൽ കുട്ടിയെപ്പാൎശ്വത്തേററി
പിടിച്ചും നടന്നൊരെയമ്മമാർ പോകുന്നതും

പലഹാരങ്ങൾ വില്പാൻ വച്ചിട്ടുള്ളവറ്റുമേൽ
സ്ഥലമില്ലാതെ പറന്നീച്ചകൾ മൂഴന്നതും

ചാലിയർ തുണികൾ നെയ്യുന്നതും ചിലർ വില്ലിൽ
ചാലവെയിലിട്ടു പഞ്ഞിയടിച്ചു തെളിപ്പതും

പട്ടികളെച്ചിൽ കിട്ടാൻ കടികൂട്ടീടുന്നതും
ചുട്ടകാരിരുമ്പുകൾ കൊല്ലന്മാരടിപ്പതും

ചുട്ടിയൽ കൊറിടിവ: കൈക്കൊണ്ടങ്ങതിരമ്പുന്നർ
ചട്ടകൾ പോരാളികൾക്കായ് ചിലർ ചമയ്പതും

കുട്ടികളെഴുത്തുപള്ളികളിൽ ഗുരുമുമ്പിൽ
വട്ടമിട്ടിരുന്നുടനുറക്കെ വായിപ്പതും

ചിററവസ്ത്രം പലനിറത്തിൽ ചായം മുക്കി
കെട്ടീടുന്നതും ചിലർ വെയിലത്തങ്ങുണക്കായി

ചട്ടയിട്ടായുധപൂണ്ടു വാൾ പരിശകളേന്തി-
പ്പട്ടാളം ദ്രുതം വഴി പകൎന്നു പോകുന്നതും

ഒട്ടകനിരനടക്കുന്നതും തന്നായക-
രൊട്ടൊടിയിളിപ്പതും മൂക്കിൻ മുഴകൾമേൽ

ബുദ്ധിവിചാരമേറീടും ബ്രാഹ്മണരും
യുദ്ധത്തിൽ നിപുണരാം ക്ഷത്രിയവീരന്മാരും

എത്രയുംതാണ വിട്ടുപണികൾ കൊണ്ടുതന്നെ
വൃത്തികൾകഴിക്കുന്ന ശൂദ്രരും ജീവിപ്പതും

ഒരോന്നുമിതുപോലെ പാർത്തുപോകുമ്പോളൊട്ടു-
ദൂരത്തിലവർകണ്ടാരങ്ങൊരു ജനക്കൂട്ടം

അതിന്റെ മദ്ധ്യത്തൊരു പാമ്പാട്ടിയിരിക്കുന്നി-
തതികൗതുകം കണ്ണൂന്നാണെല്ലാരും നോക്കീടുന്നു.

പല മോടിവാക്കുകൾ പുലമ്പീടുന്നിതവൻ
വിലസും മണിവളപോലെ നാഗത്തെക്കയ്യിൽ

ചിലനേരത്തു ചുററിക്കെട്ടിവാനയയ്ക്കുന്നു
ചിലപ്പോൾ പടം വിരുത്താടുവാൻ വിട്ടീടുന്നു

ഹാ! ശിവ ശിവ കോപിപ്പിച്ചു പിന്നവൻ കാല-
പാശം പോൽ ഭയങ്കരമൂർത്തിയാമപ്പാമ്പിനെ

ആളു ചീറിപ്പിച്ചു കൊത്തിക്കുന്നിതു പലവട്ടം
പാശിമാലകൾ കെട്ടിയുള്ള തൻ ചുമലയാട്ടിൽ.

അതിനപ്പുറം ജനാവലിയൊന്നവർ തകിൽ
മൃദംഗം കുഴൽ കൊമ്പുതൊട്ടു വാദ്യങ്ങളോടും

അതിമോടിയിൽ പല ചിത്രമാം വിരിപ്പാർന്ന
കുതിരക്കൂട്ടത്തോടും പട്ടുമേൽക്കട്ടിയോടും

ഉദിത കോലാഹലം വീട്ടിലേക്കുടൻ വേളി
വധുവെക്കൊണ്ടുവരാൻ പോകുന്ന യാത്ര കണ്ടാർ.

വേറൊരു ദിക്കിലൊരു സതിയാൾ പുഷ്പങ്ങളും
ക്ഷീരോടു നിവേദ്യത്തിനപ്പവും കയ്യിലേന്തി

കോവിലിൽ പോകുന്നതും കണ്ടിതു- അർത്ഥിച്ചീടാം
ദേവനോടവൾ കച്ചോടത്തിന്ന വിശേഷത്തിൽ

പോയവല്ലഭൻ ശീഘ്രം മടങ്ങി വരുവാനോ
ദായാദനായി മേലൊരാൺകുട്ടി ജനിപ്പാനോ.

ചന്തമുള്ളീടും ചെറുകുടിലിൻ നിരകൾ ത-
ന്നന്തികത്തിങ്കൽപിന്നെയപ്പുറത്തൊരുദിക്കിൽ

പന്തിയിലിരുന്നുടൻ കന്നാന്മാർ പലവിധം
ചന്തമേറും പാത്രങ്ങൾ വിളക്കു കിണ്ടികളും

ഉച്ചമുട്ടമാറടിച്ചോട്ടുകൾകൊണ്ടും നല്ല
പിച്ചളകൊണ്ടുമുണ്ടാക്കുന്നതും കണ്ടിടിനാർ.

അവിടെനിന്നു ദേവാലയഗോപുരത്തിന്റെ
സവിധത്തൂടെ നടന്നപ്പുറം പോയാരവർ

നഗരസീമയിലെക്കോട്ടയും നദിതാനും
ഭഗവാൻ ഛന്ദകനൊടൊത്തങ്ങു പാലവും കണ്ടാൻ.

ഇക്കണ്ടതെല്ലാം കടന്നാവഴി പോകുമ്പോഴ-
ങ്ങുൾക്കമ്പു കലക്കമൊരാർത്തനാദം കേൾക്കായി

അന്നടക്കാവിന്നരികത്തു നിന്നു“യ്യോ യെന്നെ-
യൊന്നു താങ്ങണേ! താങ്ങിക്കൊള്ളണേ! മാലോകരേ

വീഴുമെയല്ലെങ്കിൽ ഞാനയ്യോ വീടെത്തും മുമ്പേ
പാഴിലിങ്ങൊരാൻ വീണെൻപ്രാണങ്ങൾപോയീടുമേ ”

ഇത്തരമപ്പുലമ്പൽ കേൾക്കുന്ന ദിക്കിൽ തന്നെ
സിദ്ധാർത്ഥനുടെ കനിവാർന്ന കണ്ണുടനെത്തി

അവിടെയൊരു മഹാമാരിയാക്രമിച്ചോരാൾ
വിവശനായിപ്പാരം വിറച്ചു വീണടിഞ്ഞു

പൊടിയിലുരുളുന്നു പഴന്തു കരുവാളി
ച്ചുടലിൽ നിറഞ്ഞുള്ള കുരുക്കളോട്ടും കഷ്ടം!

ഇടതൂന്നോത്തണഞ്ഞവന്റെ നെറുകയിൽ
പൊടിയുന്നിതു പാരം വിയർപ്പുനീർത്തുള്ളികൾ

വല്ലാതെ കോട്ടിവലിച്ചേറ്റവും വിരൂപമായ്
പല്ലിളിച്ചിരിക്കുന്നു വദനം വേദനയാൽ

പുണ്ണുകൊണ്ടുള്ളിലേറ്റം വ്യഥയാം വൻ പുഴയിൽ
കണ്ണുകൾ കരകാണാതുഴന്നു നീന്തിടുന്നു

അപ്പലാൽ വാ പൊളിച്ചു നെടുവീർപ്പിട്ടുമുള്ള
പുല്ലുകൾ തപ്പിപ്പിടിക്കുന്നിതൊന്നെഴുന്നേല്പാൻ

തെല്ലവൻ പൊങ്ങി വീണ്ടും താഴത്തു വീഴുന്നു കെ-
ല്പില്ലാതെ കിടക്കിടെയംഗങ്ങൾ വിറയ്ക്കയാൽ

"അയ്യയ്യോ തുണയ്ക്കുവിനൻപെഴും ജനങ്ങളേ
വയ്യേ! നോവിതു പൊറുപ്പാനെ"ന്നു പുലമ്പുന്നു.

ആയഴകുരൽ ചെവിക്കൊണ്ടു മിന്നൽപോൽ പാഞ്ഞു
പോയത്തും മഹാഭാഗനവനെക്കരുണയാം

പീയൂഷസാരമാളും കരമലരാൽ താങ്ങിയത്തു
മായാസമകലുമാറങ്കത്തിലണച്ചതും

നൊടിയിൽ കഴിഞ്ഞു പിന്നവനാശ്വസിക്കവെ
കടവാർ മിഴികളാൽ കനിഞ്ഞു നോക്കി ദേവൻ

സോദരാ പറക നിൻ പീഡയെന്തിവണ്ണം നീ
ഖേദിപ്പതെന്തു കഴിയാത്തതെന്തെഴുന്നേല്പാൻ

കാതരനായിങ്ങനെ ചോദിച്ചു പിന്നെ കൃപാ-
മേദുരാപാംഗൻ ഛന്ദൻ തന്നോടു തിരിഞ്ഞോതി

എന്തു സാരഥേയിവനിങ്ങനെ തേങ്ങിടുന്ന-
തെന്തു കേഴുന്നതാസ്യം പൊളിച്ചു മൊഴിവിങ്ങി

സന്താപം തോന്നീടുമാറെന്തിവനേങ്ങുന്നതു-
മെന്തെടോ സഖേ! നെടുവീർപ്പുകളിടുന്നതും?

ഛന്ദനമുൾകെട്ടി ചൊല്ലിനാൻ മഹാരാജ
നന്ദനാഘോരമഹാവ്യാധി പീഡിതനിവൻ

ദേഹധാതുക്കൾ വികൃതങ്ങളായ്ത്തീർന്നു രക്ത-
വാഹിനികളാം നാഡികൾക്കുള്ളിലിവനിപ്പോൾ

തിളച്ചു ചാടിച്ചോരയൊഴുകുന്നു വികടമായ്
കളിപ്പു പുഴകര കവിഞ്ഞു പായുംപോലെ

അതുമല്ലിവന്റെ ഹൃദയംതാനും താള-
സ്ഥിതികൾ തെറ്റിയടിക്കുന്നു മദ്ദളംപോലെ

സ്ഫുടമാം ക്രമം തെറ്റി സ്പന്ദിപ്പു സ്വയമിപ്പോൾ
ഝടിതി ശീഘ്രമായുമുടനേ മന്ദമായും.

അഴിഞ്ഞ വില്ലിൻ ഞാണുപോലെയായ് ഞരമ്പെല്ലാം
കുഴഞ്ഞിയയഞ്ഞുംപോയിവന്റെ ശരീരത്തിൽ

മുഴങ്കാൽ തുട കഴുത്തെന്നിവയൊന്നും തീരെ
വഴങ്ങാതായുംതീർന്നു ശക്തികൾ പൊയ്പോകയാൽ

പറയുന്നെന്തിനേറെയിശ്ശരീരത്തിൽ നിന്നു
പറന്നുകളഞ്ഞു താൻ ഭംഗിയും ചൈതന്യവും.

രോഗിയാമിവന്നുപചാരിക്കൊള്ളുവാൻ മഹാ-
ഭാഗ്യക്കേൺ പാർക്കുക പെട്ടെന്ന പാടിതെല്ലാം:—

ഇടുങ്ങു കുഴിഞ്ഞ കണ്ണുകൾ ചുഴറ്റുന്നു
പിടച്ചു കരകാലങ്ങൾ കടിക്കുന്നു

കടുത്ത പുക കടിക്കുന്നപോൽ വീർപ്പുമുട്ടി
യിടറിക്കഷ്ടിച്ചു നിശ്വസിക്കുന്നു ശ്വാസം

ഒരിക്കലിപ്പൊളിവന്നതിന്നു മുമ്പു തന്നെ
വിരഞ്ഞു ചലിക്കുമിന്നാഡികൾ നിന്നുപോകും

ഞെരിഞ്ഞു ഞരമ്പുകൾ നുറുങ്ങും കഠോരതാ-
പമറിയാതാകമെല്ലിൻ കഴപ്പും വേദനയും

ഇമ്മട്ടു ബോധംകെട്ടു ചാകുമിദ്ദേഹം വെടി
ഞ്ഞിമ്മഹാ മാരിപ്പുകും മറ്റൊരു ശരീരത്തിൽ

ആകയാലങ്ങു നൃപനന്ദനാ തൊട്ടിടരു
തീകട്ടും വ്യാധിയാണു മർത്ത്യനെ മഹാത്മാവേ!

വിടുക വിടുകയീരോഗിയെ മെയ്യിൽച്ചേൎന്നു
പിടിച്ചീടൊല്ലായിതു പകരും വ്യാധിയല്ലോ.

പിടിപെട്ടീടാമിതു നിന്തിരുമേനിക്കുമെ
യുടലിന്നുണ്ടോ ഭേദം; രോഗങ്ങളാൎക്കുമുണ്ടാം.

അതുകേട്ടുടൻ കൊച്ചുതമ്പുരാനാരോഗിയെ
സ്സദയം വീണ്ടും തഴുകിക്കൊണ്ടു ചോദിച്ചിതു

ഇതുപോലുള്ള രോഗാതുരന്മാരുണ്ടോ വേറെ
യധികം പേൎക്കീവ്യാധിവരുമാറുണ്ടോ സൂതാ

എനിക്കും രോഗബാധ വരുമോ വന്നീടിലെൻ-
തനുവിലീ വൈകല്യമൊക്കെയുമുണ്ടാകുമോ?

പറഞ്ഞാനുടൻ ഛന്ദൻ വ്യാധികൾ ജീവികൾക്കു
വരുന്നു പലമട്ടായെല്ലാൎക്കും മഹാമതെ

ഇല്ലാതുമുടലെടുത്തവരിലെന്നെങ്കിലും
വല്ലരോഗവും വരാതുള്ളവരറിഞ്ഞാലും

ചിലൎക്കുണ്ടാകും ചിത്താധിമമാം വ്യാധി മറ്റു
ചിലൎക്കു ശരീരത്തിൽ മുറിവേറ്റുണ്ടാം രോഗം

ഛർദ്ദിതൊട്ടുള്ളൊരസ്വാസ്ഥ്യങ്ങൾ ചർമ്മരോഗങ്ങ-
ളർദ്ദിതാദികളായ വാതങ്ങൾ പലതരം

കഷ്ടതയേലും ജ്വരഭേദങ്ങൾ പിടകകൾ
കഷ്ടങ്ങൾ മസ്സൂരിക ഘോരമാം വിഷൂചിക

ഇത്തരം പല മഹാരോഗങ്ങളുണ്ടാക്കുക
മർത്ത്യദേഹങ്ങൾ വിളഭൂമിയാണിവയ്ക്കെല്ലാം

കാരണമുണ്ടാകുമ്പോളുണ്ടാകുമവയ്ക്കു പി-
ന്നാരുടെ ദേഹമെന്നില്ലതു ഭിക്കിയെന്നില്ല.

മൂന്നിവേളമെന്ന്യേയുടലിൽ പൊട്ടുന്നതോ
വന്നു രോഗങ്ങളാക്രമിക്കയോ ഞായം സ്വതാ

എന്നു കാരുണ്യമൂർത്തി ഭഗവാൻ കാന്തനായ്
പിന്നെയും ചോദിച്ചിതു ചൊല്ലിനാൻ സ്കന്ദൻവീണ്ടും

ചിലപ്പോൾ ജനങ്ങളെ ബാധിച്ചീടുന്നു വിഭോ
വിഷം വിടുത്തുള്ള വഴിവക്കത്തുവന്നു

താന്തമായ് ചുററിക്കിടന്നോരാതെ ചവിട്ടുന്ന
പാന്ഥരെക്കടിക്കും വൻ പാമ്പുപോലീ രോഗങ്ങൾ

ചിലപ്പോളിവ കാട്ടുവഴിയിൽ വള്ളിക്കെട്ടിൽ
ചലനമില്ലാതെ നിശ്ശബ്ദമായ് പതിവായി

പതുങ്ങിക്കിടന്നിട്ടു വഴിപോക്കന്റെ മുമ്പിൽ
കുതിച്ചുവീഴും ക്രൂരൻ പുലിപോൽ വന്നെത്തുന്നു

ചിലപ്പോളിടിവാളുകണക്കെച്ചീളെന്നെത്തി
ചിലരെക്കൊന്നീടുന്നു ചിലരെ വിട്ടീടുന്നു

യദൃച്ഛയായും സ്വയം ഹേതുമത്തായുമോരോ
ഗങ്ങളീവണ്ണമുണ്ടാകുന്നു മഹാപ്രഭോ!

അപ്പോൾ മാനവർക്കൊരു നിമിഷം പേടി വെടി-
ഞ്ഞിപ്പാരിലിരിക്കുക സാദ്ധ്യമല്ലല്ലോ സൂത
രാത്രിയിൽ സുഖമായിന്നുറങ്ങി വീണ്ടും നാളെ
മാർത്താണ്ഡോദയത്തിൽ ഞാനുണരുമെന്നോരാർക്കും

അഹഹ! പറവാൻ പാടില്ലല്ലോയെന്നാൻ ദേവൻ
വഹിയാ താനു,ഞാനുമെന്നുടൻ ചൊന്നാൻ സൂതൻ.

എന്നാലീയദൃച്ഛയായ് വന്നെത്തും വിപത്തുക-
ളൊന്നൊഴിയാതെ സഹിച്ചുഴന്നീടിലതിൻ—

അന്ത്യമാം ഫലം രോഗപീഡയും വാർദ്ധക്യവു-
മന്തമില്ലാത്ത മഹാ ദൌർഭാഗ്യമിതും താനോ?

എന്നുപിന്നെയും ദേവൻ ചോദിച്ചാനത്ര ചിരം
മന്നിൽ ജീവിക്കിൽ ഫലമിവതാനെന്നാൻ ഛന്ദൻ.

അല്ലലും വേദനയുമേറിയാൽ പൊറുപ്പാൻ കെ-
ല്പില്ലാതോരുണ്ടാമവ സഹിപ്പാൻ മനമെന്യേ

വല്ലമറുപായവും ചിന്തിപ്പോരുണ്ടാം സഖേ
അല്ലെങ്കിലെല്ലാം സഹിച്ചീമനുഷ്യനെപ്പോലെ

വല്ലാത്തരോഗാവിഷ്ടനായ് വെറും ജരാനരാ-
യെല്ലും തോലുമായുടൽ ശോഷിച്ചു വിരൂപനായ്

പിന്നെയും മൂത്തിരിക്കും മുതുവൃദ്ധന്മാരുണ്ടാം
ചൊന്നാലും ശരണമെന്തൊടുവിലിവർക്കെല്ലാം

വിനവിധിപ്രകാരം ചോദിക്കും സ്വാമിയോടു
മരണം താനവർക്കു ശരണമെന്നാൻ ഛന്ദൻ.

ഹന്ത ഹാ! മരണമോ ഗതിയെന്നുടൻ നാഥൻ
സന്താപവിവശനായാനുടൻ ചൊന്നാൻ സൂതൻ

എണ്ണമറ്റതിലൂടെയാകിലുമെന്നാകിലും
ജന്തുക്കൾ മരണത്തിൽ ചെന്നടിഞ്ഞൊഴിയുന്നു

വൃദ്ധരായ് ചിരം ജീവിക്കുന്നതും ചിലരത്രേ
യിദ്ധരിത്രിയിൽ ദാരിദ്ര്യാദി നാനാദുഃഖത്താൽ

പീഡിതരനന്തകാലമാരോഗഗ്രസ്തരായ് പാര-
മാടൽതേടുന്നു മിക്കവാറും പേർ മഹാമതേ!

അപരന്മാരിങ്ങനെ ജീവിച്ചു യഥാകാമ-
മവശ്യം മരിച്ചുപോമൊടുവിലെല്ലാവരും.

ധ്രുവമാണിച്ചൊന്നതു! സത്യമാണെങ്ങോ നിന്നു
ശവമൊന്നിതാ വരുന്നുണ്ടു തൃക്കൺപാർത്താലും

ഇത്ഥം കൂട്ടാളരാശിയെ വിട്ടുടൻ മുഖാംബുജം
ഉത്തമുന്നമിപ്പിച്ചു ഭഗവാൻ നോക്കിടുമ്പോൾ

പുഴുവരിനെ വാക്കാക്കീട്ടുള്ളോരു ശവം നട-
ന്നഴുതുകൊണ്ടു ജനക്കൂട്ടമൊന്നെത്തിടുന്നു

ചട്ടറകനൽ കത്തിജ്വലിക്കുന്നൊരു പുത്തൻ
ചട്ടി ഉറിയിലേന്തിയൊരാൾ നടക്കുന്നിതു മുമ്പേ

ചട്ടങ്ങൾ മുട്ടി മുള ചീന്തിവച്ചുചിതമായ്
കെട്ടിയുണ്ടാക്കീട്ടുള്ള ശവമഞ്ചം ചുമന്നു

പോവുന്നു ചിലരവർക്കൂട്ടത്തു നിന്നുകൊണ്ടു
ഗോവിന്ദ ഗോവിന്ദ ഗോവിന്ദേതി വിളിക്കുന്നു!

ദുഃഖചിഹ്നങ്ങൾ കൈക്കൊണ്ടോരുമുണ്ടൊട്ടേറെ
മുഖ്യരാം ബന്ധുക്കളും വഴിയേ ചെന്നീടുന്നു.

മഞ്ചത്തിലുള്ളോ ചത്തു മരവിച്ചാരും കണ്ണാ-
ലുഴ്യുന്നവികൃതമാം മുഖഭാവങ്ങളോടും

കാഴ്ചപോയടഞ്ഞുള്ള കണ്ണുകളോടും പാരം
താഴ്ചയാർന്നൊഴിഞ്ഞുള്ള താടിയെല്ലുകളോടും

മെലിഞ്ഞു നെഞ്ചുതാണു വയറു കുഴിഞ്ഞു തോൽ
വലിഞ്ഞു വാരിയെല്ലു നികഴ്ന്നു വിരൂപമായ്

ഗോഷ്ഠിയിൽ കുറികളും പൂക്കളും ചാർത്തിയോരു
വേഷ്ടിയാൻ മൂടി വെള്ളികൊട്ടു കാലുകൾ നീട്ടി

പ്രേതമങ്ങനെ കിടക്കുന്നിതേ! ചുമക്കുവോർ
പാതകൾ നാലുമുട്ടും ദിക്കിൽ വന്നെത്തിവീണ്ടും

ഗോവിന്ദ ഗോവിന്ദയെന്നുറക്കെ ഘോഷിച്ചുടൻ
സാവധാനമായ്ത്തയതിരിച്ചു തൽ പ്രേതത്തെ

ചട്ടറ്റനദീപുളിനത്തിങ്കൽ കൊണ്ടുചെന്നു
പട്ടടക്കുട്ടിയതിൽ കിടത്തിടിനാർ പിന്നെ

ഒട്ടേറെവിറകുകളുമൊന്നിയേ ശവം
ചുട്ടുകൊള്ളുവാൻ ചിതമേലവരൊരുക്കിനാർ

ഹന്ത! പട്ടിടയായ മെത്തമേൽ കിടന്നീയാ
ളെത്രസൌഖ്യമായുറങ്ങീടുന്നു നിരൂപിച്ചാൽ

ആടൽതേടുവതില്ല ശീതവായുവിൽ മേനി
മൂടാതെ കിടക്കിലും ചെറ്റുമേയിവനിപ്പോൾ

എത്തുകില്ലിന്നിദ്ദുഃഖ ശംഗവുമതേ! യിരാ-
കത്തിച്ചു ചിതയ്ക്കഗ്നി നാലുകോണിലുമിവർ.

ചെന്തളിർക്കുലചൂണ്ട ലതകൾപോലെ ചുറ്റി
ച്ചന്തത്തിലഗ്നിജ്വാല പടർന്നുപിടിക്കുന്നു

ചുവന്നനാവുപോലെ നീളിജ്വാലയെ വഹ്നി
ശവത്തെ നക്കി രുചിച്ചേറ്റമുല്ലസിക്കുന്നു.

ധൃതിയിൽത്തോൽപൊളിച്ചു സന്ധികൾ പൊട്ടിച്ചസ്ഥി-
ചയകൾ തിന്നു ചീറിജ്ജൃംഭിക്കുന്നു.

താന്തനായ് ഭൂതം തുള്ളിയമർന്ന കോമരംപോൽ
ശാന്തിതേടുന്നു തനിയെയഗ്നി മന്ദം മന്ദം

ജ്വാലകൾ താണു കനൽക്കട്ടകൾ നീറിത്തീർന്നു
ധൂമമാം പുകയും നിന്നന്നുപ്പയെല്ലാം പോയി

കൊള്ളിയും കെട്ടു കുഞ്ഞാമ്പലുമങ്ങിങ്ങോരോ
വെള്ളെല്ലുമാത്രമായൊക്കെബ്ഭസ്മിച്ചു ശിവ ശിവ!

ശിഷ്ടനായേറാം ശ്രീമാനാകിലും നരനിങ്ങു
ശിഷ്ടമായ് കാണ്മതിത്രമാത്രമാകുന്നുവല്ലോ!

ദേവനിതൊക്കെയും സൂക്ഷിച്ചു കണ്ടു വീണ്ടു-
മകതാരടങ്ങാതെയത്യന്തം ചോദിച്ചിതു

ക്ഷിതിയിലിപ്പോൾ ജീവിച്ചിരിപ്പോർക്കെല്ലാവർക്കു-
മിതുതാൻ പരിണാമമായ് വരുമെന്നോ ഛന്ദാ!

അതുകേട്ടുടൻ സൂതൻ പിന്നെയും ചൊന്നാനതേ-
യിതുതാൻ പരിണാമമെല്ലാർക്കും നൃപാത്മജ.

വെന്തൊരിപ്രേതത്തിൽ നിന്നൊന്നുമേ തിന്മാൻകിട്ടാ-
തന്തികമെത്തിക്കാക്ക പറന്നുപോവൂ കാൺക.

എത്രയോ ഒടിച്ചു വാച്ചിതിന്നാഞ്ഞെടവാനി-
തെത്രയാസ്വദിച്ചിതു ഭോജ്യപാനീയങ്ങളെ

എത്രയുല്ലാസമാർന്നു ചിരിച്ചു രസിച്ചിതി-
ങ്ങെത്രനാൾ രമണിയെ സ്നേഹിച്ചു ലാളിച്ചിതു

എത്രദീർഘമായിതു ജീവിച്ചു സുഖമായ്‌മേ-
ലെത്രനാൾ ജീവിക്കുവാനാഗ്രഹിച്ചിരുന്നിതു

നോക്കുക! യാൎക്കുമറിയാവതല്ലായുസ്സിന്റെ
പോക്കുകൾ ജീവിതത്തെ വിശ്വസിക്കാവതല്ല

കാട്ടുകാറ്റേററു മരംപൊട്ടി മേൽ വീണിടിലാം
നോട്ടമില്ലാതെ കല്ലിൽ കാൽതട്ടി മറികില്ലാം

നഞ്ചുപെട്ടോരു കുളത്തിൽ ചെന്നു മുഴുകിലാം
മഞ്ചമാറൊരു പാമ്പുതെല്ലൊന്നു ദംശിക്കിലാം

അത്തരമൊന്നുമല്ലെന്നാലച്ചാണില്ലാത്ത
കത്തിതൻമുനയൊൾപ്പിച്ചുകിലാം കോപിച്ചോരാൾ

ഉള്ളിലാശ്വാസമോട്ടുമിക്കും തീനിൽപെട്ട
മുള്ളുതൻ കണ്ടമിക്കതൊണ്ടയിൽ തച്ചീടിലാം

അല്ലെങ്കിൽ വിശ്വാസമായ്‌വീട്ടുപൂകവോളോടിൻ
ചില്ലു മുരമേൽ നിന്നു തലയിൽ വീണീടിലാം

അപ്പോഴേ കൂടുവിട്ടു പറന്നു കളയുന്നു
ക്ഷിപ്രമിപ്രാണൻ പക്ഷിയും വല്ലതായാലും മതി.

പിന്നെയിദ്ദേഹവും പ്രേതമായ്ത്തീരുമൊന്നും
തിന്നില്ല പിന്നെപ്പോഴും ദാഹവുമേറില്ല

സുഖവുമില്ല ദുഃഖഭാവങ്ങളൊന്നുമില്ല
വിഗതപ്രാണനാകുമവന്നു നൃപാത്മജ

ശോഭിതമാമവന്റെ മുഖചന്ദ്രൻ ഉവിയ
പുഞ്ചിരിപ്പൂനിലാവസ്തമിച്ചങ്ങുപോയി

പഞ്ചാരതോൽക്കുംമൊഴികാന്തയാളുദാരത്തിൽ
കൊഞ്ചിയർപ്പിച്ച ചുംബനങ്ങളും! വൃഥാവായി

എന്തിനു പറയുന്നു കത്തിക്കാളുന്ന കട്ടം
ചെന്തീയിൽ ശയിക്കിലും ചൂടറിയുന്നീലവൻ

തന്നുടെ മാംസംതന്നെ കരിഞ്ഞ ദുൎഗ്ഗന്ധമി-
സ്സുന്ന ചേതനനുടെ മൂക്കറിവീലതെല്ലും
ബന്ധുക്കളെന്നാൽ നല്ല ചന്ദനമകിൽ തൊട്ട
ഗന്ധദ്രവ്യങ്ങളാൽ താൻ ചുടുന്നു തൽ പ്രേതത്തെ

ഇവന്റെ നാവിൽനിന്നു പോയിതു രസജ്ഞാനം
ചെവിയുമടഞ്ഞുപോയ് കേൾക്കയില്ലിനിയൊന്നും

മുഖത്തു വിളക്കുപോൽ ശോഭിച്ച കണ്ണുരണ്ടും
വികലമായിക്കാഴ്ചപോയ് വെറുമന്ധമായി.

സ്നേഹമുള്ളവർചുറ്റും വന്നിരുന്നുടൻ ചത്ത-
ദേഹത്തെനോക്കി നിലവിളിച്ചുകേണീടുന്നു

ദാഹമോ ഖനനമോ ചെയ്തു ബന്ധുക്കളിപ്പോ-
ളാഹന്ത! നശിപ്പിക്കുമതിനെയല്ലെന്നാകിൽ

പാരിതിൽ കിടന്നു ചീഞ്ഞഴിഞ്ഞു പുഴുക്കൾക്കു
ഭോജനസത്രമായ് തീരുമുടലെന്നോൎക്കയാലെ.

ഇതുതാനല്ലോ ഗതി ജീവികൾക്കെല്ലാവൎക്കു-
മിതിലില്ലാക്കിൽ വ്യത്യസ്തതയിങ്ങാരാൾക്കുമേ

ധനികനും നിസ്സാരനെന്നഭേദവുമില്ല
പാമരനെന്നുമില്ല പണ്ഡിതനെന്നുമില്ല

ഉൽകൃഷ്ടനെന്നില്ലോ നികൃഷ്ടനെന്നുമില്ല
ചൊൽക്കൊണ്ടധൎമ്മിഷ്ഠനെന്നില്ല ദുഷ്ടനെന്നില്ല

ഏവനും ജീവിച്ചു ചത്തിങ്ങനെയഴിയുന്നു
കേവലം സാധാരണമാണിതെന്നല്ല പിന്നെ

ചത്തവർ ജനിക്കുമെന്നോതുന്നു നിഗമങ്ങൾ
സത്യമാൎക്കറിയാവൂ-വാസ്തവമാണതെങ്കിൽ

പിന്നെയുമിവനേതു ദിക്കിലെങ്കിലും സ്വയം
ചെന്നൊരു ജനനീഗർഭത്തിങ്കൽ ശയിക്കണം

പിന്നെയും ജനിക്കണം വളൎന്നു ദുഃഖങ്ങളെ
പ്പിന്നെയും സഹിക്കണമെന്നല്ല രോഗാദിയാൽ

പിന്നെയും മരിച്ചിതുപോലെ താൻകാലും ചിതാ
വഹ്നിയിൽവെന്തു വെണ്ണീറാകണം വീണ്ടും വീണ്ടും.

ഇങ്ങനെ തിരിയുന്ന സംസാര ചക്രത്തിങ്കൽ
മംഗലമതേ! ചുഴലുന്നു ദേഹികളെന്നും.

വ്യൎത്ഥമാം കൎമ്മാകന്ദിതുഃകൂട്ടുന്ന തൻ
ദിവ്യാശ്രുധാരയാൎന്നു തൂൎന്ന തൃക്കണ്ണുകൾ

അന്തരിക്ഷത്തിലെത്തു പൊക്കിക്കൊണ്ടൊട്ടിനേരം-
മന്ദരാ കൃപാകുലനായിരുന്നരുളിനാൻ

പിന്നെയുമവനിയെ നോക്കിനാൻ തിരുവടി
പിന്നെയുമാകാശത്തെത്തന്നെ പാൎത്തരുളിനാൻ

ദേവമാനുഷലോകങ്ങൾക്കുള്ള തങ്ങളിലുള്ള
ഭാവബന്ധത്തെപ്പറ്റിയറിഞ്ഞു മന്നതായ്

വല്ലതുമോൎമ്മിക്കയായിരിക്കാം മഹാഭാഗൻ
വല്ലതു ലോകങ്ങൾക്കു വരുവാൻ നിദാനമായ്

വല്ലതും കണ്ടിട്ടങ്ങും ബുദ്ധിയിലൊത്തു തെളി-
ഞ്ഞില്ലെന്നാകിലുമറിയുന്നങ്ങാമകക്കാമ്പിൽ.

ഉടനന്നമിതമായുള്ളോരാസുഖാവേശത്തിൽ
സ്ഫുടിത പ്രേമോജ്ജ്വല ശോഭയൊന്നൊറിക്കണ്ടു

ഏകാന്തമായൊരാശാബന്ധസൂചകമായി
ലോകാതിശായിയായ ദീപ്തിയിൽ ചൂഴ്ന്നു മുഖം

അത്ഭുതചരിത്രനജ്ഞേയനാമെൻ തിരുവടി
സുസ്പഷ്ടാക്ഷരമുടനിങ്ങനെ വിളിച്ചോതി:—

"അല്ലയോ ദുഃഖാബ്ധിയിലാഴും ലോകമേ! സ്വയം
വല്ലാത്ത ജനിമൃതിവലയിൽ പെട്ടനിത്യം

അല്ലലാർന്നെന്നെപ്പോലെയുഴന്നു രക്ഷാമാർഗ്ഗ-
മില്ലാതെകേഴും ജ്ഞാതാജ്ഞാതരാമാത്മാക്കളേ!

ഹന്ത! ഞാൻ കണ്ടിതിപ്പോൾ മർത്ത്യജീവിതമാക-
മന്തമില്ലാത്ത തീവ്രവേദനയുടെ ദൈർഘ്യം

ചിന്തയിലെന്നല്ലിങ്ങുള്ളോരോരോ സുഖം വെറു-
മന്തശ്ശൂന്യമാം നിഴലാണെന്നുമറിഞ്ഞു ഞാൻ

അത്യന്തകാമ്യമായ ഭോഗവും ജീവിതത്തിൽ
നിത്യമല്ലാത്ത പരിഹാസനാടകമല്ലോ.

എത്രയാതനയാണു പിന്നെ ദുസ്സഹമായ
സന്താപസന്തതികളൂഴിയിൽ നിരൂപിച്ചാൽ!

നല്ലാത സുഖങ്ങളന്തരിപ്പൂ ദുഃഖങ്ങളായ്
കല്യയൌവനമവസാനിപ്പൂ വാർദ്ധക്യമായ്

ചൊല്ലെഴും പ്രേമമിഷ്ടഭംഗത്തിൽ വിരമിപ്പൂ
എല്ലാർക്കും മരണമായ് ജീവിതം കലാശിപ്പൂ

മരണം താനും ഭാവിജന്മഹേതുക്കളാവൂ
പരമജന്മങ്ങൾ സംസാരചക്രത്തിൽ വീണ്ടും

മായാരൂപമാം സുഖം കാണിച്ചു നിത്യദുഃഖ
മായാദരനാക്കി പ്രവർത്തിപ്പിപ്പൂ ശരീരിയെ.

എന്നെയും മോഹിപ്പിച്ചു നൂനമിമ്മായാലോക-
മന്യൂനസുഖമിതിലുണ്ടെന്നുനിനച്ചു ഞാൻ

ജീവിതം ശരൽ പ്രഭാതത്തിങ്കൽ മധുരമായ്
സാവധാനമായ് പ്രവഹിക്കും തേൻപുഴയെന്നും

നിത്യമാണെന്നും കരുതീടിനേൻ- എന്നാലതിൽ
തത്തിപ്പൊങ്ങിടുമോളമൊക്കെയും തുള്ളിച്ചാടി

പ്പുത്തൻപൂന്തിരയാർന്ന താഴ്‌വരകളിലൂടെ
യെത്തുന്നതാഴെത്താഴെയെത്തുമൊന്നറിയാതെ

അത്യന്തഘോരമർണ്ണോബ്ധി തൻകയത്തിൽ പോയ്
സ്ഖലിച്ചിടുവാൻ ശീഘ്രതരമായോടിടുന്നു.

എന്നുടെ മിഴിമൂടിനിന്നൊരു തിരശ്ശീല
ഭിന്നമായ്പ്പോയിതിപ്പോൾ തെറിതാ ദേവന്മാരെ

അന്യമർത്ത്യരെപ്പോലെയാത്മരക്ഷണം കാംക്ഷി
ച്ചുന്നതഭക്തിയോടും വിളിച്ചു യാചിക്കുന്നു.

കരുണ ദേവതകൾക്കില്ലയോ നരനെന്നും
കരഞ്ഞർത്ഥിക്കും രക്ഷനൽകുന്നില്ലല്ലോയിവർ

പക്ഷേ നാം പ്രാർത്ഥിപ്പതു ദേവകളോർക്കില്ലെന്നാം
രക്ഷയില്ലെന്നുവരാ ജീവികൾക്കൊരുനാളും

ഇക്കണ്ടജനങ്ങൾക്കുമെനിക്കുമെല്ലാമോർക്കിൽ
ദുഃഖത്തിൽനിന്നു പരിത്രാണം വേണ്ടതല്ലോ.

അഥവാ, ദേവന്മാർക്കുമതു വേണ്ടതായ് വരാം
വ്യഥയാർന്നവരും തേടുന്നുണ്ടാമതിന്നായി

അവരെ വിളിച്ചുകേഴുന്ന മർത്ത്യരെയവ
ർക്കവനം ചെയ്‌വാൻ കഴിയാതെന്നു നിരൂപിച്ചാൽ

ദേവകൾ പരതന്ത്രരായ് വരാം നമ്മെപ്പോലെ
കേവലം നമ്മെ രക്ഷിപ്പാനവരശക്തരാം

എന്നെയാശ്രയിപ്പോരെ ക്കേഴുവാൻ വിടില്ലഞാൻ
ഖിന്നതതീർക്കാനെനിക്കാവുന്ന കാലംവരെ

പിന്നെമദ്ഭവകൾ രക്ഷനൽകുവാൻ ശക്തനെങ്കിൽ
മന്നിലിങ്ങനെ നിജഭക്തരെ വെടിയുമോ

ബ്രഹ്മദേവനീ ദുഃഖരൂപമാം പ്രപഞ്ചത്തെ
യിമ്മട്ടു സൃഷ്ടിച്ചെന്നും വച്ചുകൊണ്ടിരിപ്പതു
സംഭാവ്യമാണോ സർവ്വശക്തനിക്കഷ്ടതകൾ
ജൃംഭിക്കും ഭുവനത്തെയിങ്ങനെ വിട്ടീടുമോ

ശക്തനാണുപേക്ഷയിതെങ്കിൽ നിർദ്ദയനവൻ
ശക്തിയില്ലെങ്കിലവനീശ്വരനല്ലതാനും.

ഛന്ദാ! തേർ തെളിക്കയാം മടങ്ങിപ്പോക വീണ്ടു
മിന്നുകണ്ടതുമതി; കാണേണ്ടതെല്ലാമായി.

ഇങ്ങനെ പുത്രൻവീണ്ടും ഖിന്നനായ് മടങ്ങിയ
തത്ത്വമന്നവൻ കേട്ടു മാഴ്കിനാനുടൻപിന്നെ
മൂവിലത്തലിൽ മൂന്നുമടങ്ങു ഭടന്മാരെ
യൻപൊട്ടുവാതൽ കാക്കാനന്നുതാൻ നിയോഗിച്ചാൻ

അകത്തും പുറത്തും നിന്നാരെയുമതുവഴി
പകലും രാത്രിയിലും വിടീലയാജ്ഞയെന്യേ

കല്പിച്ചിങ്ങനെനൃപൻ സൂക്ഷിച്ചു കുമാരനെ
സ്വപ്നത്തിൽ മുമ്പുകണ്ട ദിവസാവധിവരെ

മോഹംതാൻ കവാടത്താൽ വിധിയെത്തടുക്കുന്ന
സാഹസമെന്നോർക്കാതെ പിന്നെയും യഥാസുഖം
വാണിതേവമോർത്തീടിലും മമതാതിമിരത്താൽ
കാണുമോ പരമാർത്ഥമുള്ളപോൾ സംസാരികൾ?

മൂന്നാംകാണ്ഡം കഴിഞ്ഞു.

ശ്രീബുദ്ധചരിതം.

(കിളിപ്പാട്ട്.)

നാലാംകാണ്ഡം.

ഭൂരിസുകൃതനാം ശാക്യനരേന്ദ്രന്റെ
ആരോമലുണ്ണി യഖിലലോകപ്രിയൻ
കാരുണ്യകല്ലോലലോലാശയൻ പൂൎണ്ണ-
താരുണ്യഭംഗിതരംഗിതാംഗദ്യുതി-
മാരവിജയി മഹാത്മാ മുനിവരൻ
വീരശിഖാമണി വിദഗ്ദ്ധജനാഗ്രണീ
പണ്ഡിതവിപ്രജനത്തിലുമങ്ങനാം
ചണ്ഡാലരിലുമൊപ്പം സ്നേഹമേലുവോൻ
മന്നിൽ ജനിമൃതി ദുഃഖങ്ങൾ കണ്ടിട്ടു
കണ്ണുനീർവാൎക്കും കുമാരൻ ഗുണാകരൻ
വിണ്ണവൎക്കും മനുഷ്യൎക്കുമെന്നല്ലതിൻ-
വണ്ണം സകല ചരാചരങ്ങൾക്കുമേ
ബന്ധമകററി നിൎവ്വാണമേകീടുവാ-
നെണ്ണിക്കരൾകൊണ്ടു മാൎഗ്ഗമാരായുമവൻ
ശ്രീമൽ ഭഗവാൻ വസിച്ചിതു വിശ്രമാ-
രാമസൌധങ്ങളിൽ പിന്നെയുമൊട്ടുനാൾ.

ഭൂമിപാലേന്ദ്രകുമാരനവൻ സാൎവ്വ-
ഭൌമനായ് തീരുമല്ലെങ്കിലോ ഭിക്ഷുവായ്
പോമെന്നു ദൈവജ്ഞരോതിയ കാലവും
താമസിച്ചീല വിരവിലടുത്തിതു.

സത്വരം ലോകമനോഹരമായുള്ള
ചിത്തിരമാസമണഞ്ഞിതു ഭംഗിയിൽ

ആഞ്ഞു തേന്മാവിന്റെ കൊമ്പു കുലകളാൽ
ചാഞ്ഞുപഴങ്ങൾ ചുവന്നു ചമഞ്ഞിതു

മഞ്ഞുവായ് ഞാവൽ മരങ്ങളിൽ കായ്നിര-
യഞ്ജനകാന്തി കവർന്നു തുടന്നിതു

നല്ലൊരിലഞ്ഞികൾ പൂത്തു മണംപേറി
മെല്ലെന്നു കാററു ചരിച്ചിതു നീളവെ

ചട്ടററചാരു പവിഴപ്പൂവൊന്ന്
മൊട്ടശോകങ്ങളിലെങ്ങും നിരന്നിതു

നല്ല തങ്കത്താലിമാലപോൽ തൂങ്ങിതു
ഫുല്ലമാം പൂങ്കുല കൊന്നമരങ്ങളിൽ

മെത്തും മണമാർന്ന പുന്നയിൽ പൂന്തിര
മുത്തുതൻ ഗുച്ഛങ്ങൾപോലെ ശോഭിച്ചിതു

ദേവാലയങ്ങളിലുത്സവാഘോഷമായ്
ഭുവനങ്ങളിപ്പൊടിപാറി സ്സുരഭിയായ്.

തോയാശയപ്രദേശങ്ങളെല്ലാം ജന-
ഭൂയിഷ്ഠമായ് പുരവാസികൾ നിത്യവും

സായാഹ്നമുദ്യാനഭാഗങ്ങളിൽ സ്വയ-
മായാസമാററുവാൻ ചെന്നു മേളിക്കയായ്.

ഇമ്മട്ടെഴുമസ്സമയത്തിൽ വന്നെത്തി
രമ്യമായപ്പുണ്യപൂൎണ്ണമാം പൌൎണ്ണമി.

അൎക്കനും പോയ് പടിഞ്ഞാറെഗ്ഗിരിതടം
പുക്കു പഴുപ്പിച്ച പൊൻകുടംപോൽ നിന്നു

അംബരദർപ്പണത്തിൽ കിഴക്കായതു
ബിംബിച്ചപോൽ നിന്നു പൂർണ്ണേന്ദുബിംബവും.

എന്നല്ല സന്ധ്യയാം ത്രാസിൻെറ പൊൻതട്ട-
മെന്നപോലർക്കേന്ദുമണ്ഡലം രണ്ടുമേ

നിന്നു നൊടിയളവൊപ്പം ദിനകര-
ഖിന്നതയാലുടൻ താണിതു ഭാനുമാൻ;

മന്ദമന്ദം പിന്നെ യന്തരിക്ഷത്തിലേ-
ക്കിന്ദുബിംബം സ്വയം പൊങ്ങി വരുകയാൽ.

ദ്യോവായ ഗോവിൻ മഹാസ്തനമണ്ഡല
ഭാഗത്തിൽനിന്നു പീയൂഷകിരണങ്ങൾ

ഭംഗിയിൽ പാൽകണമൊക്കെ പ്രസരിപ്പിച്ചു
മംഗളമാക്കി ദിഗന്തങ്ങൾ വെണ്മതി.

എങ്ങും പരന്നൊഴുകും പൂനിലാവിങ്കൽ
മുങ്ങിക്കൊഴുത്തു മിനുത്തു ധരാതലം

ഗംഗാതരംഗം പരന്നു ധവളമാം
വംഗാംബുധിപോൽ വെളുത്തു നഭസ്ഥലം

തിങ്ങും നിലാവിൽ തെളിയാതെ താരങ്ങൾ
തങ്ങി വെൺപൊയ്കയിൽ കുമുദങ്ങൾപോൽ.

പാരം വെളുത്ത പാലാഴിയിൽ പൊങ്ങിയ
ചാരുതിര നിരപോലെയകലെയായ്

കാണും ഹിമാലയ തുംഗശൃംഗങ്ങളെ
ച്ചേണാർന്നകാന്തിപ്പൂരങ്ങളിൽ ചേർന്നുടൻ

ചന്ദ്രിക വീണു ചകചക ലാവണ്യ
മിന്ദ്രിയമോഹനമുള്ളം ഹരിക്കയായ്

കേമമാം വെള്ളിക്കുടമിതിൽ ദേവകൾ
കാമസുരഭിതൻ പാൽകറന്നിങ്ങനെ
സാമോദമീ ഹിമവാനെഗ്ഗിരി സാർവ്വ-
ഭൌമനാക്കാനഭിഷേകം കഴിക്കയോ

സോമബിംബത്തിൽ നിന്നിങ്ങിഴിന്ദ്രന്റെ മേൽ
ഉമ്മഞ്ഞു ചന്ദ്രികാധോരണി വീഴ്കയോ

മന്ദമായപ്പൂവ് ശാഖാഗ്രത്തിൽ നിന്നുടൻ
സ്പന്ദിച്ചെഴും സുഖസ്പർശമാം വായുവിൽ
ആടി മെല്ലെന്നഴകായ് വിശ്രമവന-
വാടിയിൽ വിസ്തരിച്ചു വൃക്ഷരാജികൾ

കൌമുദിയിൽ കുളിരക്കുളിച്ചുഴിയാം
കോമളഗാത്രിയാൾ കോൾമയിർക്കൊണ്ടപോൽ
മോഹനപ്രാന്തപ്രദേശത്തിലൂടെയ,
പ്രവാഹമായ് തെളിഞ്ഞെന്നൊഴുകുന്ന

രോഹിണിയിൽ തരംഗം പ്രതിസംസ്ഫുരി-
ച്ചാഹന്ത! കാണായസംഖ്യം ഹിമാംശുക്കൾ
ഇംഗതങ്ങൾ തന്മുഖവധുയോടൊട്ടു
സംഗതനായ് വിണ്ണിൽനിന്നു സുധാകരൻ
ഭംഗിചേരാലും സ്ഫടികപ്രദീപംപോലെ
ശൃംഗാരരശ്മി ചൊരിഞ്ഞു; വിചിത്രമാം
അന്നുവിളക്കിൻനിഴൽ മണ്ഡലംപോലെ
തത്തിനിന്നു, ചുവട്ടിൽ തരുച്ഛായകൾ.

ഉച്ചമാംഗോപുരങ്ങൾക്കുള്ളിലെ മണി-
മച്ചുകൾമേൽ വെണ്ണിലാവു പരക്കവേ

ഉജ്ജ്വലിക്കും വിവിധപ്രകാശപൂരത്തിൽ
മജ്ജനം ചെയ്തുനിന്നു ഹർമ്മ്യരാജികൾ

പാതിരാവായ് പ്രാണിവർഗ്ഗമെങ്ങും സുഖ
മേറ്റു നിദ്രയിൽ വീണു; മായാവിനി

മോദിച്ചു ചന്ദ്രമുഖിയാം നിശ നിജ
ചാതുര്യമോർത്തു ചിരിക്കുന്നപോലെയായ്

സ്വാതന്ത്ര്യമേറും ഗതിക്രമം കൈവെടി
ഞ്ഞു താനേ നിന്നു ജഡമായ് സദാഗതി

മേറ്റിനി നിശ്വാസമേലാതെ ദീർഘമാ
മേതോ വിചാരത്തിൽ മുങ്ങി നില്ക്കുംപോലെ

നിശ്ചലമായ് തരുഗുല്മാദി കേവലം
സ്വച്ഛന്ദമായ് കളിയാടി നിശ്ശബ്ദത

എന്നാൽ പുറത്തിട്ടുറങ്ങുകൾക്കായി
ക്കുന്നിൽ കരുതിക്കൂട്ടമകൽ

സന്നപ്രതിജ്ഞനാം ശാക്യകുലപവിത്രി
ഖിന്നയായ് മരണത്തെക്കഴിഞ്ഞപോൽ

അന്തഃപുരത്തിൽ മുത്തുച്ചിപ്പികൾ കൊണ്ടു
ചന്തമായ് ശില്പങ്ങൾ ചെയ്തു വിളങ്ങുന്ന

ഭിത്തികളും വെൺപളുങ്കുതറകളും
ഉന്നിലാവിൽ തിളങ്ങി ലസിപ്പതും,

നൃത്തഗീതാദി സുകുമാരകൃത്യങ്ങൾ
നിർത്തി തനിയേ മതിമങ്ങി നിദ്രയിൽ

ഉത്തമസ്ത്രീജനവൃന്ദമനങ്ങാതെ
തത്തൽസ്ഥലങ്ങളിൽ തങ്ങിശ്ശയിപ്പതും

കാണുകിൽ ദേവാംഗനാജനത്തിനുള്ള
ചേണാൎന്ന വിഭ്രമമുള്ളവിതെന്നോൎത്തുപോം.

സിദ്ധാൎത്ഥരാജകുമാരൻ തിരുവടി
ജ്ജൂഠന്താരിലുററ വാത്സല്യനിധികളായ്
നിസ്തുല്യരൂപലാവണ്യഗുണം പൂണ്ട
നൽത്തേന്മൊഴികളെല്ലാമങ്ങു കാണായി

ശാന്തമധുരമാം നിദ്രയിൽ നിശ്ചല
കാന്തി, നിലാവിലാമ്പൽപ്പൂ കണക്കെന്ന

ശോഭിക്കുമോരോരു തന്വിയെയും കാൺകി
ലാമയാൽ സ്ത്രീമെഴുകതിമമെന്നു തോന്നുമേ

എന്നാലതിന്നപ്പുറത്തു ശയിക്കുന്ന
സുന്ദരിയാകുന്ന സൎവ്വമനോഹരി

അങ്ങേപ്പുറത്തു കിടപ്പവൾക്കൊപ്പമാ
യെങ്ങുമില്ലാത്തമവളൊരു സുന്ദരി

ഇങ്ങനെ മെച്ചമേറും നാരിമാരുടെ
യംഗലാവണ്യപൂരങ്ങളിൽ സാന്ദ്രമായ്
മുങ്ങിയോരോന്നിലും നീന്തിയടുത്തതിൽ
തങ്ങിയങ്ങുവിട്ടടുത്തതിലാണ്ടങ്ങി

ഇപ്രകാരം ചതുരൻ ശില്പി നിൎമ്മിച്ച
സുപ്രകാരം പൂണ്ട രത്നങ്ങൾ മിന്നുന്ന

മാലയിൽപ്പോലെ തന്മേൽ കാന്തി കണ്ടുക-
ണ്ണാലസ്യമായ് കണ്ണുമങ്ങി മയങ്ങുമേ.

കട്ടിമാൻ കണ്ണിമാർ നാണവും ഉത്സവും
വിട്ടുകിടന്നുറങ്ങുന്നിതു ഭംഗിയിൽ

കെട്ടൊട്ടയഞ്ഞു മഴിഞ്ഞുമിഴിഞ്ഞുമ
പ്പട്ടിപ്പൂഞ്ചേല ചിന്നിക്കൊണ്ടു കാണുന്നു

ച്ചുട്ടങ്കം പോലെയൊളിപെട്ടും പൂമെയ്ക
ളൊട്ടുഭാഗം മറഞ്ഞും മറയാതെയും

വണ്ടാർകുഴലിമാർ വാർകൂന്തൽ വാർന്നിട്ടു
കൊണ്ടുകെട്ടിപ്പിന്നിയിട്ടു ചിലരതിൽ

പൂണ്ടിരിക്കുന്നുമുടിപ്പൊന്നുകൾ മന്നം
പൂണ്ടപൂമാല ചിലരാന്തിരിക്കുന്നു

നീളമേറും കാർകുഴൽ ചിലർക്കുള്ള
നാളത്തിൻകീഴ് കിടന്നാടിയുന്നിതു

കാളിന്ദിതൻകയത്തിങ്കലിളകീട്ടു
ഓളം കണക്കെയിതണ്ടു നീണ്ടങ്ങനെ

പാടിയും വിണ്ണിൽ പറന്നുമിന്നുകളായ്
കൂടിമേളിച്ചും പകൽപോക്കിയന്തിയിൽ

വാടിച്ചിറകുകൾ കൂട്ടിമുഖം താഴ്ത്തി
യാടൽകൂടാതുള്ള ചോലമരങ്ങളിൽ

പക്ഷികൾപോലെവിലാസങ്ങളാൽ തള
ന്നക്ഷികൾ പൂട്ടിയുറങ്ങുന്നിതിങ്ങിവർ.

ഉള്ളിലുണ്ടങ്ങുള്ളുങ്ങുന്നമിന്നുന്ന
വെള്ളിത്തളലാൻവെള്ളിവിളക്കുകൾ

ചട്ടറ്റഗന്ധതൈലംവാർത്തുളകളിൽ
പ്പട്ടുതിരിയിലെരിയുന്നുദീപങ്ങൾ.
തന്മോഹനപ്രഭപൂന്നിലാവിൽചേർന്നു
സൌമ്യതരമായ് പ്രകാശവുംഛായയും

അമ്മഞ്ജുളാംഗിമാർമെൽവീണവയവ
രമ്യതയെല്ലാംതെളിച്ചുകാട്ടീടുന്നു.

കാന്തമാർക്കുന്നതമാറുകൾവീർപ്പിനാൽ
ശാന്തമായ്പൊങ്ങിയുംതാണും വിലസുന്നു.

ലോലങ്ങളായവിരലുകളിൽചാരു
മൈലാഞ്ചിയാർന്നമനോജ്ഞകരാബ്ജങ്ങൾ

മാറോടണച്ചിരിക്കുന്നുചിലരൊട്ടു
മാറിച്ചിലർപാർശ്വങ്ങളിൽത്തൂക്കുന്നു.

സന്ധ്യാഭയാർന്നുംവെളുത്തുംതുടുത്തുമ
പെണ്ണുങ്ങൾതന്നഴകേറും മുഖാബ്ജങ്ങൾ
വർണ്ണപ്പളുങ്കുതളങ്ങളിൽബിംബിച്ചു
പൂർണ്ണേന്ദുബിംബങ്ങൾപോലെവിളങ്ങുന്നു.

സീമന്തരേഖക്കിരുപാർശ്വവു–
മോമൽക്കുറുനിരചിന്നിയനെററിയും

കോമളമായ്കൊച്ചുവില്ലുപോൽവക്രമായ്
ശ്യാമളമായപുരികക്കൊടികളും

ചാരുതതങ്ങിയിണക്കവിളിലെ
കാന്തിപതിഞ്ഞനെടുംകണ്ണിമകളും

ചാരുപനിനീർമലർപോൽചുവന്നുന
ല്ലാരോമലാഭയെഴുംകപോലങ്ങളും

നീണ്ടുപൊങ്ങിക്രമത്താലഗ്രമൊട്ടുഴ
കാണ്ടുകനിഞ്ഞുമിനുത്തൊരുനാസയും

ചെന്തളിർപോലെതുടുത്തുമിനുത്തതി
ചന്തത്തിൽവേർപെട്ടചുണ്ടിൻപുടങ്ങളും

കോൎത്തുകഴകിവച്ചുള്ളൊരുമുത്തുകൾ
ക്കാൎത്തിനൽകം ചെറുദന്തനിരകളും

അംഗമോരോന്നുമീവണ്ണമകൃത്രിമ
ഭംഗികലൎന്നു ശോഭിക്കുന്നു നിദ്രയിൽ

തങ്കവളകൾ കിലുങ്ങുന്നിതച്ചെറു
മങ്കമാൎക്കോമനക്കൈത്തണ്ടുകളിലും

കിങ്കിണിത്തുങ്ങുന്നകാഞ്ചനനൂപുരം
പൊങ്കഴൽക്കാമ്പിണപൂണുന്നു ഭംഗിയിൽ

വല്ലമനോജ്ഞമാം സ്വപ്നവും കണ്ടുള്ളി
ലുല്ലാസവിഭ്രമമേലുമൊരുത്തിക
ളെല്ലാക്കത്തിലുമേണാങ്കിടിവ
ച്ചില്ലുവളയും തളയും കിലുങ്ങുന്നു

ചേൎന്നുപോരമാനന്ദ. ചെവികളെ
നാൎമ്മച്ചാരുകളമധുധ്വനി.

ചുണ്ടിൽചെറുചിരിച്ചാൎത്തപരക്കുന്ന
ളുണ്ടിവരിൽചിലപെൺകൊടിമാൎക്കഹോ

കണ്ടുവരിതിവൎക്കെന്തുഫലം പൂണ്ടു
കണ്ടിടുന്നുണ്ടാം കിനാവുകൾ നിൎണ്ണയം

ആട്ടത്തിലേകയമാനന്ദവൈഭവം
കാട്ടിമെച്ചംനേടിയെന്നാം കിനാവിതിൽ
പാട്ടിലൊരുത്തിജയിച്ചു ജയക്കൊടി
നാട്ടിയെന്നായ്‌വരാം നാകലോകത്തിലും

വാണീദേവതിയെക്കാളും വിരുതാൎന്നു
വീണവായിച്ചിതൊരുവനിതാമണി

വൈണികവൎഗ്ഗത്തിനൊരൈകക്കൊമ്പിൽ
നാണമാമ്മാറു ജയം നേടിയെന്നുമാം.

പിന്നെയിന്നിരുളിൽവേറൊരുപൂവേണി
മന്നിൽനിന്നാകാശമേറിനടന്നുപോയ്

ധന്യമാംചൈത്രരഥാരാമഭൂമിയിൽ
കിന്നരനോടൊത്തുകേളിയായെന്നുമാം

മന്ദാനിലശ്ലഥമാപ്പരിവിണ്ണേറിയ
മന്ദാരപുഷ്പമണംപാൎത്തുവായുവിൽ

നന്ദനോദ്യാനത്തിലെത്തിയപ്സരോ
വൃന്ദത്തിനേററംപ്രിയയാമതിഥിയായ്

വൃന്ദാരകേന്ദ്രസഭയിലണഞ്ഞഭി
നന്ദനംനേടിയെന്നാവാം കലകളിൽ.

ദിവ്യഗുണനിധിയാം കാന്തനൊടൊത്തു
ഭവ്യപ്രണയസല്ലാപസുധാരസം

അവ്യാഹതം നുകൎന്നുകാന്തമാരൊന്നായ്
നവ്യപദയായദേവണിയിലെന്നുമാം.

കാമുകനുള്ളലിഞ്ഞെങ്കിലുമാരാമാ
പ്രേമനിബന്ധനമാംപാരിതോഷികം

രോമാഞ്ചമേകുമമ്പാൎന്നു വീക്ഷിച്ചൊരു
പൂമല്ലുമന്നിരസിച്ചിരുന്നെന്നുമാം

ആയതുപോലെശയിക്കുന്നതുണ്ടിങ്ങൊ
രായതനേത്രയാൾനീണ്ടുനിവൎന്നിതാ

ചേണാൎന്നുറ്റസഖിപോൽകിടക്കുമീ
വീണയെച്ചുംബിക്കുമാസ്യപത്മത്തൊടും

തന്ത്രികളിൽത്തന്നെതങ്ങും മൃദുവിരൽ
ചെന്തളിർ മഞ്ജരിയൊട്ടും തളർമിതിൽ

ചന്തമേറുംഭഗവാന്റെ തിരുമിഴി
ച്ചെന്താമരയിതൾ പൂണ്ടവാൻ വീണയിൽ

പന്തിയായ് പെൺകൊടിയാളിവൾവായിച്ചോ
രന്തഃകരണമലിക്കുന്നപാട്ടിന്റെ

അന്തിമരാഗഗതിയിൽസ്വയമിവൾ
സ്വന്തമിഴികളടഞ്ഞുറങ്ങുന്നതാം.

ഒട്ടൊട്ടുകൊമ്പുമുളച്ചോരിളയമാൻ
കുട്ടിയെമറ്റൊരുകുട്ടിമാൻകണ്ണിയാൾ

ഇഷ്ടമാമാറുമാറോടണച്ചങ്ങനെ
കെട്ടിപ്പിടിച്ചുകിടന്നുറങ്ങുന്നിതു

അമ്പാർന്നിവരിരുപേരുമുറങ്ങീട്ടു
മുമ്പുതൻമാൻകിടാവിന്നീമനോഹരി

ചെമ്പരത്തിപ്പൂവിറുത്തൂട്ടിതിന്മാനന്ന
കമ്പകൾ കൊടുത്തിരുന്നുദ്യമം

പുള്ളിമാൻപാതികടിച്ചപൂവൊന്നിവൾ
തള്ളിപ്പിടിച്ചിരിക്കുന്നകൈത്താരിനാൽ

ഉള്ളിലിളമടങ്ങിപ്പൂതന്നെ
തള്ളിയിരിക്കുന്നചുണ്ടിൽമാൻകുട്ടിക്കും

പ്രാണപ്രിയന്മാരൊഴിമാറിയപരിതാ
വീണുകിടന്നുറങ്ങുന്ന മനോജ്ഞമാർ

ക്ഷോണീതലത്തിൽ പിണഞ്ഞൊതുങ്ങും രണ്ടു
ചേണാർന്നചമ്പകമാലകൾപോലവേ.

പൊന്നിലഞ്ഞിപ്പൂമുകുളമിറുത്തിവർ
മുന്നിലെവരെല്ലഖചിച്ചിരിക്കുന്നിതു

എന്നല്ലപ്പാതികെട്ടിയമാല്യ
മൊന്നങ്ങുകൈത്താരിലൊപ്പിടീടവൾ;

ഈവിധം മാലകെട്ടുമ്പോളുന്നിദ്രയാൽ
വൈവശ്യമാൎന്നറിയാതെ കിടന്നഹോ

പൂവിൽതലവെച്ചുറങ്ങീയത്തോഴിതാൻ
പൂവൽമെയ്മേൽവീണുറങ്ങുന്നുമാറാവൾ,

നാനാമനോജ്ഞതരങ്ങളാൽമറ്റൊരു
മീനായതാക്ഷിഹാരം ചമച്ചീടുവാൻ

ഉത്തമകനകമണികൾകോൎക്കുമ്പോളു
ത്താനമയങ്ങിക്കിടന്നുറങ്ങിനാൾ.

വൈരം മരതകം മാണിക്യമെന്നല്ല
ചാരുനീലം പുഷ്യരാഗമിത്യാദിയായ്

ഓരോവിധമാൎന്നകല്ലുകൾകൈത്താരിൽ
വാരിപ്പിടിച്ചിരിക്കുന്നുവാൎകേശിയാൾ

അച്ഛായതാപ്രഭകൾചേൎന്നൊരു
കൊച്ചുമനോജ്ഞവില്ലായതുതന്നെ

കണ്ടാൽകുതൂഹലമാമാറവൾക്കുകൈ
ത്തണ്ടോളമെത്തിവളയായ് വിലസുന്നു.

അപ്പൂവനത്തിന്നടുത്തുഹിമമലി
ഞ്ഞെപ്പോഴും ശുദ്ധജലം തിങ്ങിയോടുന്ന

രോഹിണിതാൻതന്നൊഴുക്കിന്നൊലിയായ
മോഹനതാരാട്ടിനാൽവളൎത്തമ്മപോൽ

സ്നേഹംകലൎന്നിസ്ത്രീജനപരിപാലന
ഗേഹത്തിലിമ്മട്ടിവരെയുറക്കുന്നു.

ചിത്രങ്ങളാൎന്നതാകംബളങ്ങൾക്കുമേ
ലെത്രമനോജ്ഞം ശയിക്കുന്നു കാന്തമാർ.

പൂത്തെഴും പൂൎത്തറയിൽപനിനീർച്ചെടി
ച്ചാൎത്തിലിതളുകൾപൂട്ടിയമൎന്നമാം

പാൎക്കഹസ്സിൽശുഭ്രാനനമായ് വിടരുവാൻ
രാത്രിനയിക്കുന്നമൊട്ടുകളായിവർ-

മംഗലമൂൎത്തിസിദ്ധാൎത്ഥദേവൻറയ-
ശൃംഗാരമന്ദിരത്തിൽശ്രീമയമായ

പള്ളിയറയ്ക്കുമുമ്പിൽപരിശോഭിക്കു
മുള്ളിലെശ്ശാലയാണിമ്മനോജ്ഞസ്ഥലം

ചന്തമായക്കക്ഷ്യരണ്ടുമായ് സന്ധിക്കു
മന്തരാളത്തിൽയവനികൾതൂങ്ങുന്നു.

അങ്ങൊട്ടുതുമനോജ്ഞമെത്തകളിൽ
തങ്ങിയതോഴീജനമുഖ്യമാരായ

ഗംഗയുംഗൌതമിയുംശയിച്ചീടുന്നി
തംഗലാവണ്യത്തിലാരെയുംതാഴ്ത്തുവോർ.

പാടലനീലനിറത്തിൽബഹുചിത്ര
മോടികലൎന്നതും ശീലതൊങ്ങലിട്ടു

ധാടിയിലുള്ളതും യവനികയിൽതങ്ങു
നാടകളും നല്ല പട്ടുനൂൽതൊങ്ങലും

തുന്നിപ്പിടിപ്പിച്ചിരിക്കുന്നുവക്കിൽനാ
ല്ലൊന്നിൽ കസവുനൂൽകൊണ്ടുവിചിത്രമായ്.

അതിരസ്സീലയീകരികളെന്നോലാർ
മൂർത്തിതാരലാശ്രേഷ്ഠമാമറകളുള്ള

മന്ദിരത്തിൽ മണമാർന്ന മനോജ്ഞമാം
ചന്ദനത്തൂമ്പടിയാർന്ന കവാടമായ്.

അക്കവാടത്തൂടെയുമുള്ളോട്ടുമുന്നടി
വയ്ക്കുമ്പൊഴങ്ങു വിവിധരത്നപ്രഭാ-

പുഞ്ജംപരന്നിട്ടുപൂത്തുനില്ക്കുംലതാ
കുഞ്ജംകണക്കെക്കാണുന്നുമണിയറ

ശുഭ്രധവളശിലയാൽപണിചെയ്തോ
രഭ്രശാലാകാരമാമതിൻമച്ചു

മുറ്റവുംവിശാലമായ്കാലുഴിടാതവെൺ
കൊററക്കുടപോലെവൃത്തമായ്മിന്നുന്നു.

ച്ചുററുംപലനിറത്തിൽസ്ഫടികച്ചില്ലു
പററിച്ചതിൽതന്നെകൊത്തിയിരിക്കുന്നു.

താമരപ്പൂവുംകിളികളുമങ്ങനെ
കോമളപ്പൂങ്കുലയാർന്നലതകളും

ഭിത്തികൾശുഭ്രമാകാസമൂഹത്തിലെ
മുത്തണിസ്സിപ്പിപതിച്ചതിലങ്ങനെ

ച്ചുററുംമനോജ്ഞമാം പൊന്നഴിപൂണ്ടഴ
കുററവാതായനപംക്തികളോട്ടമേ

സ്വച്ഛമായ് താഴെത്തളത്തിൽകസവാർന്ന
മെച്ചമാംപട്ടുവിരിപ്പിട്ടിരിക്കുന്നു

പിച്ചകപ്പൂമെത്തയിൽപോൽസുഖമായു
മൊച്ചയിടാതെയുംവസ്ത്രാംപടമതിൽ

വെള്ളവെണ്ണക്കല്ലുകൊണ്ടതിൻമദ്ധ്യത്തി
ലുള്ളോരുമന്ദിരത്തിൽ വിലസുന്നു
ഉള്ളമൊന്നായ് മേവിമാർ ശയിക്കുന്ന
പള്ളിമഞ്ചംതാൻ കാഞ്ചനമാസൃതം.

പൂന്നിലാവും കുളിർകാറ്റും മേൽമണം
ചെമ്മണിയറയ്ക്കുള്ളിൽ മധുരമായ്
സഞ്ചരിച്ചുതാനുള്ളവാതായന
സഞ്ചയമുള്ളൊരുമുകപ്പെന്നിയേ.

അംഗനാസൗന്ദര്യസാരമകളാഗവ്
മംഗലപ്പൂങ്കാവിൽ പൂനിലാവിനും
സംഗമിപ്പിച്ചു സിദ്ധാർത്ഥകുമാരനു
മംഗലമേകിയസൗധാഗാരമിവിധം

ഭംഗിയിൽ പള്ളിയുറങ്ങിനിന്നിത
ശൃംഗാരശുഭ്രഗൃഹമണിമഞ്ചത്തിൽ.
പെട്ടെന്നുണർന്നെഴുന്നപ്പൂങ്കൊടിയാൾ മുദ്ര
പട്ടുകിടക്കവിട്ടിന്നു സസംഭ്രമം

ഒട്ടുപൂർവാംഗമിളക്കിയവരെ
പ്പുട്ടത്തപ്പൂമംഗവീണാതിയ്യോം സഞ്ചയം
ഇമർവാർമുടിചിന്നിയും തെല്ലുതൻ
സോമാനനംപൊലിഞ്ഞാളൊരുവെൺപക്ഷി

കോലമായകുലായങ്ങളിൽനി
ന്നോമനത്തൂവൽകുടഞ്ഞുണരുന്നപോൽ
അന്തികത്തിൽ ശയിക്കും പ്രാണവല്ലഭൻ
തന്തിരുമെയ്തഴുകിക്കൊണ്ടീറവൾ

സ്വന്തകരങ്ങൾ നിറുകയിൽ ചേർത്തു
സന്താപമാർന്നു കരഞ്ഞിരുന്നീടിനാൾ

കാറണിവേണി വിങ്ങിക്കരഞ്ഞാൾ മനം
നീറിയിളകും ചുടുനെടുവീർപ്പിനാൽ

മാറുകൾ തേങ്ങിയും മേന്മൾ കവിൾവഴി
യാറുപോൽ കണ്ണീരൊഴിയാതൊഴുകിയും

പിന്നെയപ്പുള്ളിയുറങ്ങും പ്രിയനുടെ
യുന്നിദ്രപത്മാളുവുമോഹകരം

താനുതൻ രണ്ടുകൈകൊണ്ടുമെടുത്തമ്പിൽ
മൂന്നുവട്ടം മുത്തിനാളിളമാൻമിഴി

ഒന്നിട്ടുഴറിടാതെപ്പുണർന്നിനാൾ
മന്ദം ദേവൻതന്റെ മാറിൽ വീണീടിനാൾ

ഒന്നാവുന്നിതല്ലോമനക്കാമ്പിനിക്കെന്റെ
ജീവാധികപ്രിയനങ്ങുറങ്ങുന്നുവോ

നോക്കുകയെന്നെക്കനിഞ്ഞു സുധാമൃദു
വാക്കുകളാൽ തണുപ്പിക്കെന്നുള്ളിൽ വിഭോ

ഇവ്വിധം കാന്തതൻ ദീനസ്വരം കേട്ടു
ദേവനമിഞ്ഞു ചോദിച്ചിതു സത്വരം

എന്തെൻ പ്രിയതമേ കേഴുന്നു നീയഴ
ലെന്തുകൊണ്ടേലുന്നു ചൊല്ലുക വല്ലഭേ

അമ്പൊടിതോതുമിടയ്ക്കു വീണ്ടും ദേവി
തമ്പരിദേവനം താനേ തുടർന്നിതു

എൻ പ്രാണസാരമേ! യെൻസുഖമേ! യെന്റെ
തമ്പുരാനേ കഷ്ടമെന്തു ചെയ്‌വു ഞാൻ

നിന്തിരുമേനിതൻ ഗർഭമെൻ കുക്ഷിയി
ലന്തിനേരത്തിന്നിളകീ ദയാനിധേ

സ്വന്തമാം ജീവനുമൈശ്വര്യവും സ്നേഹവും
ഹന്ത! രണ്ടായെന്നു തോന്നിയിനിക്കുടൻ

ഗർഭസ്ഥനായവൻ പ്രതിരൂപനാ
മർക്കനെക്കണ്ടുകൊൾവാൻ കൊതിയോടും

നിർവ്വാണാനന്ദസമ്പൂർണ്ണരാജ്യമേവ
ദുർഗ്ഗമായ് കണ്ടു മൂന്നു കിനാവു ഞാൻ

അദ്ഭുതഹേതുവാം സ്വപ്നങ്ങളോർക്കി
ലിപ്പോഴുമുള്ളം ഞെട്ടുന്നിതു വിഭോ

ഏറ്റം വെളുത്തു കൊഴുത്തു തടിച്ചൊരു
ഊറ്റമനല്പമായ് കണ്ടു ഞാൻ നിദ്രയിൽ

അഗ്രങ്ങൾ മുത്തുവള്ളതു വിരാലമാ
യുഗ്രമാം കൊമ്പുകളാൽ ഭീകരനവൻ
നെറ്റിത്തടത്തിൽ ധരിച്ചിരിക്കുന്നിതു
മുറ്റും വിലപെറുമൊന്നാന്തമഹാരത്നം

ശിക്ഷയിൽ വിൺവിട്ടു വീണങ്ങു തങ്ങുന്ന
നക്ഷത്രമായെന്നു തോന്നുമാറുജ്ജ്വലം

ഉദ്ദിപനാമവൻ ധാടിയിൽ കാൽവച്ചു
മന്ദം തെരുവുകളൂടെ നടന്നുപോയ്

ചെന്നു പുരദ്വാരമെത്തീ ഭയം കൊണ്ടു
സന്നദ്ധരായില്ലയാരും തടുക്കുവാൻ

വൃന്ദാരകേശ്വരക്ഷേത്രത്തിൽ നിന്നുടൻ
മന്ദതരമൊരശരീരി കേട്ടിതു

ചെന്നിവനൊത്തുട്ടതിട്ടുവിനല്ലാശ്ശി
ലിന്നഗരത്തിന്റെമാഹാത്മ്യമിന്നുപോം

ചെന്നുതട്ടുന്നുകൊൾവിൻ ഹാ! ജനങ്ങളെ
യെന്നമ്മൊഴികേട്ടിട്ടുത്തടന്മാറിൽ

ആൎക്കുംതടുത്തുനിൽക്കാൻകഴിഞ്ഞില്ലചെ-
ന്നോൾക്കാൻഭയമായ്മടങ്ങിയെല്ലാവരും

എന്നതുകണ്ടുടൻപാരംവിവശയായ്
വന്നതാപത്തൊടെവാവിട്ടുകേണഞാൻ

എന്നല്ലയക്ഷൂറനെക്കൈരതകളാൽ
ചെന്നുകടന്നുപിടിക്കയുംചെയ്തുഞാൻ

മൽക്കരപാശംകഴുത്തിൽപിണഞ്ഞതി
ധൃഷ്ടനാമവൻകൊമ്പുകലുക്കിനാൻ

പാതിലടച്ചുവാൻകല്പിച്ചുകൊണ്ടുഞാ
നേതുംകലുങ്ങാതമൎത്തിയെൻകൈകളാൽ

തമ്മിലിവണ്ണമിടഞ്ഞുപിടയുമാ
വന്മഹോക്ഷപ്രൌഢ തൽക്ഷണംതൻതല

പൊക്കിക്കലുക്കിഞാൻവീഴുമാറുഗ്രമായ്
മുക്കറയിട്ടുമുമ്പോട്ടുനടന്നുപോയ്

സത്വരംചെന്നാഴിവാതൽതള്ളിത്തക
ൎത്തുത്തുംമടച്ചുവിട്ടിമെതിച്ചുടൻ

പാഞ്ഞുപെരുവഴിയൂടെളുത്തുപോയ്
മാഞ്ഞെൻമിഴികളിൽ നിന്നുമറഞ്ഞിതെ.

പിന്നെയ്ളുവനപതികളാംനാലുപേർ
മിന്നുന്നദിവ്യരത്നപ്രഭപൂണ്ടവർ

ഉന്നതമേരുശിഖാതടംവിട്ടു
മന്നിൽപരിവാരമോടുമെഴുന്നെള്ളി

ഇന്നമുടെനഗരത്തിലെത്തുന്നതു
മന്നോരമിന്ദ്രധ്വജത്തിൻകൊടിക്കൂറ

യൊന്നിളകിബ്ഭൂവിലറ്റുവീഴുന്നതും
എന്നല്ലുടനെപകരമസ്ഥാനത്തിൽ

മറ്റൊരുദിവ്യപതാകയുയർന്നുടൻ
തെറ്റെന്നുവിണ്ണിൽപറന്നുനില്ക്കുന്നതും

കണ്ടിതുഞാനാക്കൊടിക്കൂറയിൽപല
ഉണ്ടുഞൊറിയവയിൽപൊൻകസവിനാൽ

ചേണററചെങ്കനലിൻകാന്തിചിന്തുന്ന
മാണിക്യഖണ്ഡങ്ങൾ ചേർത്തക്ഷരം തുന്നി

തൽകിരണാവലിയിൽതിളങ്ങിച്ചില
ദിവ്യപ്രമാണവാക്യങ്ങൾ മിന്നിടുന്നു.

നല്ലപുലർകാലവായുവീശിച്ചതു
മെല്ലാംനിവർന്നുപാറുംകൊടിക്കൂറയിൽ

ക്ഷിപ്രംസ്ഫുടതയാർന്നക്ഷരവൃന്ദങ്ങ
ളുൾപ്രമോദംതരുംവായിപ്പവർക്കഹോ

എന്നല്ലടൊയവിടെയാകാശത്തിൽ
നിന്നൊരുപൂമഴപെയ്തുവിചിത്രമായ്

അപ്പൂക്കളൊന്നിനങ്ങൾ നാം കാണുമി
ല്ലിപ്പാരിലുള്ള പുഷ്പങ്ങളിലൊന്നിലും

ശോഭനമല്ലോ പ്രിയേയിതെല്ലാംപിന്നെ
നീഭയമേലുന്നതെന്തിനാരോമലേ

എന്നുമശോകവാനിടയിൽ ജിജ്ഞാസിച്ചി
ത്തന്നാരിമാർമണി ചൊല്ലിനാൾ പിന്നെയും

അപ്രിയമല്ലിവിടംവരെ സ്വപ്നമി
തപ്പുറമല്ലോ ഭയങ്കരം കേൾക്കുക

കോലാഹലത്തോടടുത്തു കേൾക്കായി
'കാലമായ്' 'കാലമാ'യെന്നുള്ള വാക്കുകൾ

പിന്നെ മൂന്നാമതായ് നിന്തിരുമേനിയെ
യുന്നിത്തിരിഞ്ഞു ഞാൻ ശയ്യയിൽ നോക്കവേ

കാണായി കവചം പട്ടുകിടക്കയും
ചേണാർന്ന വസ്ത്രവും മാത്രമീ മെത്തമേൽ

കണ്ടീല നിന്തിരുമേനിയെയപ്പൊഴുൾ
ത്താരിലുണ്ടായ ഭയമെന്തു ചൊൽവു ഞാൻ

പ്രാണപ്രഭോ നിന്മുഖാംബുജം കാണാതെ
കാണിനേരം പൊറുപ്പാൻ ശക്തയായി വൾ

നിന്തിരുമേനിയല്ലോയെന്റെ ജീവിതം
നിന്തിരുമേനി താനെന്റെ ഹൃദയവും

സ്വന്തമാം സർവ്വമല്ലോയെനിക്കെന്റെ
ബന്ധുക്കളുമെന്റെ രാജാവുമങ്ങല്ലോ.

നിന്തിരുമേനിയെക്കാണാഞ്ഞു ഞാനെന്റെ
യന്തരംഗം പിന്നെയുമാണ്ടു നിദ്രയിൽ

പിന്നെയും ഞെട്ടിയുണർന്നിതവശ ഞാൻ
പിന്നെയുമക്കിനാവല്ലോ തുടർന്നിതു

സത്വരം കാണായിതങ്ങന്നിട്ടിരുന്ന
മുത്തണിക്കച്ചപ്പുറമെന്റെ മാറുകൾ

ക്കിത്തിരിതാഴ്‌യായെങ്ങനെയോമനി
മദ്ധ്യത്തുചുറ്റിപ്പിണവതും പിന്നെഹാ

പത്തിവിതിർത്തൊരു പാമ്പായതുതന്നെ
കൊത്തുവാൻ ചീറിനിൽക്കുന്നതും കണ്ടു ഞാൻ

പിന്നെയെൻപാദസരങ്ങൾതാനേയൂരി
മണ്ണിലടിവതും കൈവളരണ്ടുമേ

ഛിന്നമായ് താഴെവീഴുന്നതും പൂമാല
യെന്നണിക്കുന്തൽ മേൽവാടിക്കരിവതും

കാണായിപിന്നതുമല്ലകഷ്ടം! പ്രിയ
പ്രാണേശ്വരകണ്ടുനമ്മൾ ശയിക്കുമീ

മെച്ചണാന്നൊരുമണിക്കട്ടിൽതാൻ ഭൂമിയിൽ
താണുമറഞ്ഞുപോകുന്നതുമാത്തുഞാൻ

അപ്പൊഴിപ്പട്ടിൻതിരശ്ശീലയും സചയം
ക്ഷിപ്രം ചരടറ്റു താഴത്തുവീണിതു

മുല്ലാട്ടചൊന്നവൻ ക്രൂരനാമൊന്നുടൻ
കെല്ലൊട്ടട്ടഹത്തുനിന്നശബ്ദിച്ചിതു

ഏറ്റമകലെയുൻചൊന്നകൊടിക്കൂറ
കാറ്റിൽ പതിക്കയും ചെയ്തിതു തൽക്ഷണം

പിന്നെയും കേൾക്കമാറായിതങ്ങാലയ
സന്നിധിയിൽ 'കാലമാ'യെന്നശബ്ദവും

സ്പഷ്ടമതുകേട്ടിണന്നതാനന്മൊഴി
കഷ്ടംചെവിയിൽ മുഴങ്ങുന്നിതിപ്പൊഴും

എന്തായിരിക്കുമിതിൻപൊരുളെന്നുറ്റ
ചിന്തയാലെൻകരൾക്കാമ്പുകായുന്നിതു

എന്തിനല്ലെങ്കിലിസ്സംശയമിന്നായു-
രന്തമടുത്തിനിക്കെന്നാമിതിൻപൊരുൾ

അല്ലെങ്കിലായതിലും കഷ്ടമായെന്റെ
വല്ലഭനെന്നെ വെടിഞ്ഞുപോമെന്നതാം

ആഹായിതല്ലെങ്കിലെൻപ്രേമതാവക
ദേഹവിയോഗമാസന്നമായെന്നതാം

എന്നഴലാൽക്കരഞ്ഞോളും പ്രിയയുടെ
ഖിന്നമാമാനനം പാർത്തു കൃപാനിധി

സന്താപമുള്ളിലൊതുക്കി സ്വയമൊന്നു
ശാന്തമായ് മന്ദസ്മിതം ചെയ്തരുളിനാൻ

ചെന്താമരയിൽ കതിരവനന്തിയി-
ലന്തിമരശ്മി പൊഴിക്കുന്ന മാതിരി

എന്നിട്ടു ചൊല്ലിനാനോമലേ കേഴു-
തൊന്നുകൊണ്ടും നീയിതോർത്തെൻപ്രിയതമേ

സ്വപ്നം മനുഷ്യർക്കൊരുവക മാനസ
വിഭ്രമമല്ലിസ്സാധാരണമായ് ശുഭേ

സത്യമെന്നോർത്തതിൽ ഖിന്നതപ്പെടുന്നതു
മൗഢ്യമല്ലോർക്കിലയി ഭദ്രേ! ധരിക്ക നീ;

അല്ലെങ്കിൽമർത്ത്യനറിവതിനുച്ചമാം
വല്ലതുമർത്ഥമുണ്ടാവാം കിനാവിലും

എന്നാലുമെന്തിനു കാന്തേ! കരയുന്നു
വന്നെത്തുമാപത്തു കണ്ണാലുടഞ്ഞുമോ.

മംഗലമാനസേ! നിൻകിനാവിൽ ഭാവി
സംഗതിവല്ലതും താൻ നിഴലിക്കയാം

ദേവാധിപന്മാർ സ്വയമപായം ഭയ
ന്നാവിലമാനസരായിനടക്കയാം

ഭൂവിൽ ജനിച്ചിതിദുഃഖമകലുവാൻ
പാവനമായൊരുമാർഗ്ഗം തെളികയാം.

വല്ലവിശേഷവുമുണ്ടാകയാ—മതു
നല്ലതെന്നാകിലും തീയതെന്നാകിലും

വല്ലഭെ ധൈര്യമിയന്നുവസിക്ക നാ
മല്ലൽ തേടീടരുതിങ്ങനെയെത്രമേ.

ചിത്തതാരിൽ സ്നേഹഭംഗം ഭയന്നിനി
യിത്താപമേലുന്നതായ്‌വരാമിന്നഹോ!

നിത്യമാം പ്രേമത്തിലെന്റെ യശോധരേ
പ്രത്യയമുണ്ടുനിനക്കെങ്കിലൊത്തവൻ

സത്യമായ് സ്നേഹിച്ചുനിന്നെ ഞാ—നങ്ങിനി
യത്യന്തമാം സ്നേഹമിന്നും ഭവതിയിൽ

ലോകദുഃഖത്തെയോർത്തൊട്ടുനാളായതി
വ്യാകുലമാനസനായിഞാൻ വാഴ്‌വതും

ഏകാന്തദുഃഖനിവൃത്തിമാർഗ്ഗം തേടി
മാഴ്കുന്നതും പ്രിയേ നീയറിയുന്നതാം

അന്യരായങ്ങനാരാമസംഖ്യം കോടി
ഖിന്നജന്തുക്കളെച്ചൊല്ലിഞാൻ ദുഃഖിപ്പൂ

പിന്നെപ്രിയതമേ! മൽപ്രാണനോടൊത്ത
നിന്നെയോ നിസ്നേഹനായിമറപ്പു ഞാൻ!

ഇപ്പൊഴുമല്ലവല്ലഭേ യോർക്ക നിൻ
ഗർഭസ്ഥനാമെൻശിശുവിനെയുമിനി.

ഒപ്പം ഹൃദയമലിഞ്ഞൊത്തുണ്ടായിനി
യൊട്ടും പരസ്പരാശ്ലേഷഹേതുവാം

മൂടിയിരിക്കുന്ന കൂട്ടിനെയും ബലം
മൂടിപ്പുറക്കിലും പക്ഷിമറക്കുമോ

അന്യോന്യമങ്ങനെയുള്ള ബന്ധം പ്രിയേ
ഭിന്നമായ്പോകുമെന്നോർക്കാ ഖിന്നേ നീ

നിർവ്വിണ്ണനായൊരു വേള ഞാൻ നിന്നെയും
സർവ്വസുഖങ്ങളേയും സന്ത്യജിച്ചുപോയ്

ദുർവ്വഹമാം ക്ലേശമാർന്നൊട്ടു നിശ്ചയം
നിർവ്വാണമാർഗ്ഗമറിഞ്ഞെന്നു വന്നുക

ലോകത്തിനൊക്കെയുമുത്സവമുണ്ടാക
മേകാന്തഭാഗ്യമെന്താ–മിതിൽപ്പരമാം

ശോകവും ക്ലേശവുമെത്രയാണെന്നാലുമ
താക്കൃതകൃത്യതയോർക്കിൽ നിസ്സാരമാം

പിന്നെയാ നിർവ്വാണവുമന്യജീവികൾ
ക്കെന്നപോൽ കാന്തേ നിനക്കുമുണ്ടാമല്ലോ

എന്നുടെയത്നഫലമാകയാലതു
ധന്യേ നിനക്കുള്ളതല്ലോ വിശേഷിച്ചും

എന്നല്ല മിക്കവാറും നീയകായ് തന്നെ
യിന്നു ഞാൻ സദ്ഗതി തേടി മാഴ്കുന്നതും

സുന്ദരി നീയും സുഖവുമെല്ലാം നശ്യ
മെന്നതോർത്താണിനിക്കാധിയേറുന്നതും

അല്ലെങ്കിലും ലോകമസ്ഥിരമാണിതിൽ
വല്ലതും നിശ്ചയമുള്ളതോ വല്ലഭേ

നല്ലഭാഗ്യങ്ങളൊരിക്കൽവരും, വരും
വല്ലാത്തയാപത്തുകൾപിന്നൊരിക്കലും

കാററിൻഗതിയെന്നപോലെയും കേവല
മാററിൻപ്രവാഹംകണക്കെയുംജീവിതം

ഏററവും ശീഘ്രമോടുന്നിതതിൽതങ്ങി
മാററംവരുന്നുള്ളഭാഗ്യങ്ങൾക്കുമേ

നേരെയൊരുവന്ന സംഭവിക്കുംപോലെ
പാരടക്കംവരാംനന്മയുംതിന്മയും

ഓരോരുകാലത്തിലെത്തുമാവിധ
ന്നോരോനരന്മാർ വരുന്നവരെങ്ങവ

മാനവരുംപാർക്കിലിങ്ങനെതന്നെയാം
ജ്ഞാനമവർക്കതെല്ലേറിയെന്നായ്‌വരാം

മാനസമാവാം സൌഖ്യവും ദുഃഖവും
മാനവന്മാർക്കുമവർക്കുംസമാനമാം

ആററുകതാപംപ്രിയേയിതോർത്താപത്തി
ലേററുനിന്നീടുക—നിൻഭാഗ്യത്തിൻറ

മാററവുമംഗളമായ്‌വരാംനീകണ്ണ
ക്കുററനെയുംകൊടിയെയുംനിനയ്ക്കുക

ചൊല്ലുവൻവീണ്ടുംപ്രിയേഗാഢമാംപ്രേമ
മെല്ലായ്‌പൊഴുമുണ്ടെനിക്കു ഭവതിയിൽ

സർവജ്ഞനല്ലിഹഞാനാകയാൽഞാനേ
സർവജ്ഞനോൽകൃഷ്ടനീയാകയാലുമേ

ഇപ്രണയത്തിൻരഹസ്യമറിവീല
സുപ്രബുദ്ധാത്മജയാൾമററാരുമേ

നിർമ്മലമൽപ്രേമനിസ്തുതികാമനായ്
ശർമ്മാർത്ഥിയായഥവാ പാവനമായ
നിന്മുഖാബ്ജത്തെയകതാരലിഞ്ഞു ഞാൻ
ചുംബനംചെയ്തിന്നിതാശ്വസിച്ചീടുന്നീ.

സ്വാന്തവിശ്വാസമേകാൻ സ്നേഹികൾക്കഹോ
സ്വാന്തനമില്ലിതിന്മേലതിനില്ലെന്നിൻ-
ചെന്തളിർ മേനിവാടുന്നു ശോകാലസ
ചിന്തവെടിഞ്ഞിനിനീയുറങ്ങീടുക

അന്തികത്തിങ്കലിരുന്നു ഞാൻ നിന്നെയെ
ന്നന്തരംഗേശ്വരീ സൂക്ഷിച്ചുകൊള്ളുവൻ
എന്നരുൾചെയ്തശ്രുധാരയാലാർദ്രമാ
മന്നായികതൻമൃദുവാം കവിൾത്തടം

ഒന്നുള്ളലിഞ്ഞു മുകർന്നാൻ തിരുവടി
യെന്നല്ലഹോ നിജകാന്തയെയാർത്തിയാ
ലാകുലമാം വിധിമാറിലണച്ചൊന്നു
ലോകൈകകാരുണ്യസിന്ധുതഴുകിനാൻ

ശാന്തമായ് ദേവിയും കണ്ണീരെഴുംമിഴി
പ്രാന്തങ്ങൾ പൂട്ടിയുറങ്ങിനാൾ ചിന്തയാൽ
ക്ലാന്തമാം ചിത്തതളിർതളർന്നും ചെവി
കാന്തവചനാമൃതത്താൽ കുളുർന്നമേ.
പിന്നെയുംനിദ്രയിൽപെൺകൊടിയാളതി
ഖിന്നതയോടിയന്നാൾ നെടുവീർപ്പുകൾ

സന്നതമായി സമയമെന്നമ്മൊഴി
തന്നെവീണ്ടും കേട്ടുകേഴുന്നമാതിരി

അന്നേരമാസന്ന്യംതിരിച്ചു തിങ്കൾമണി
യെന്നന്തരീക്ഷത്തിൽനോക്കവേ കാണായി

ചന്ദ്രനക്ഷത്രരാശിയിൽനിന്നുള്ള
ഉന്നമാംജ്യോതിസ്സുകൾതൻ നിലകളും

അന്ധ്യാഭ്രമായ് നിന്നതാരാവലി
തന്നോടിവണ്ണമൊപ്പമായും ചേർന്നി

പണ്ടുമഹാത്മാക്കളാം ഋഷിശ്രേഷ്ഠർകൾ
കണ്ടുള്ളകാലമിതല്ലോ പാരമ്പ

ഇസ്പഷ്ടഗ്രന്ഥത്തിൽ വച്ചുകൊണ്ടിരിക്ക
നന്മയൊരുമന്മഥാരങ്ങളിലൊന്നായുള്ളി

അന്നേരമോർത്തു സുഗതനാചിന്തയിൽ
വന്നുമനുഷ്യർകൾ പണ്ടുചെയ്തുള്ളതും

എന്നല്ലനോക്കിഗ്രഹാദിവിപണ്ഡിതൻ
നന്നായറിഞ്ഞു ബന്ധിച്ചുതൻ ജാതിയെ.

നിർണ്ണയമർത്ത്യർ ദേവന്മാരുടെ പൂർവ്വവും
വിണ്ണവർനിന്നിരിക്കാം പ്രമാണ്ണമേ

ആകയാൽ നോക്കി മുകളിലും താഴെയും
ലോകൈകബന്ധുവതോർത്തുചെയ്തിതങ്ങനെ.

വന്നൂസമയം! പുറപ്പെടുന്നതു ഞാ
നിന്നുതാൻ കില്ലിനിവേണ്ടതിരിച്ചു ഞാൻ

വല്ലഭേ! നീയുറങ്ങീടിലുമെന്നാകിൽ
ഫുല്ലമുഖാംബുജശ്രീതടുക്കുന്നിതേ!

ഞാനിതുകണ്ടിന്നടങ്ങിമല്ലും ശോക
പാനീയരാശിയിലാണ്ടുകിടക്കകിൽ

താനേയൊരിക്കലുടലുവെടിഞ്ഞതി
ലൂനരായ്നാംപിരിയേണ്ടിവരും പ്രിയേ

ഇക്ഷണമെന്നല്ലമദ്ധ്യാവിവൃതമാന്ത
മക്ഷികൾമുമ്പിലിയാകാശപത്രത്തിൽ

നക്ഷത്രവൃന്ദമാകുംതിളങ്ങുന്നപൊ
ന്നക്ഷരത്തിൽതാനെഴുതിയിരിക്കുന്നു.

ഭൂവിൽഞാൻവന്നുപിറന്നു കാര്യാർത്ഥമായ്
രാവും പകലും വൃഥാകഴിച്ചു ചിരം

കൈവന്നിടേണ്ടോരുപരന്റെകിരീടവു
മാവശ്യമില്ലിങ്ങെനിക്കു സാമ്രാജ്യവും

ഊരിയവാളിനുണ്ടാംതിരിച്ചുതളൈ
പ്പാരിടമയ്യോ! പിടിച്ചടക്കില്ലഞാൻ

ഘോരയൊഴുക്കിലുമർമ്മമുണ്ടാകാറെന്റെ
തേരോടിയുഴിവലംവയ്ക്കേണ്ടതാൻ

ശോണിതശോണാക്ഷരങ്ങളിലായമി
ക്ഷോണിയിൽ വർണ്ണിച്ചെഴുതേണ്ടയെൻകഥ

കാണികളങ്ങുടാതസംഖ്യംസമ
പ്രാണികളെക്ഷണിപ്പിച്ചു കഴുക

കാണിച്ചു വാച്ചുവിവേഗം പൂണ്ടു
വാണുസുഖിക്കയും വേണ്ടായെനിക്കിനി

തെങ്ങുടാതെ തെരുതെരെഞാൻപാദ
ചാരിയായെങ്ങുമിപ്പാരിൽ നടക്കുവൻ

പാരാതെപൂഴിയെപ്പുതയാക്കി ഞാൻ
സൈരംനിലത്തുകിടന്നുറങ്ങീടുവൻ

ആരുമില്ലാത്തവെളിസ്ഥലമൊക്കെയെൻ
ചാരുനികേതമെന്നോർത്തവയിൽത്തന്നെ

വാഴുവനൊന്നല്ല മർത്ത്യരിലെത്രയു-
മേഴകളെത്താനിണങ്ങരാക്കീടുവൻ

പാവങ്ങളായ പറയരുടുക്കുന്ന
ചീവരംചുറ്റിനടപ്പനായിൽഞാൻ.

കാളും വിശപ്പടക്കാൻവെറും വേവിച്ചു
താളോതകരയോ വല്ലതുമാകിലും

നീളവെയ്യൂരിൽനടന്നുകൈനീട്ടിയാ-
ള്ളാളുകൾ പിച്ചയിട്ടുന്നതേറുണ്ണുവൻ.

വല്ലാത്തവർഷമോ വെയിലോപാര-
മല്ലൽചേർക്കിൽ തങ്ങുവൻ മലങ്കാട്ടിന്റെ-

യുള്ളിൽവെളിച്ചമേലാത്തഗുഹകളോ
വള്ളിക്കുടിലുകളോ ചെന്നു പുക്കുഞാൻ.

എന്തുവേണ്ടായെതുഴലും സഹിക്കുവാൻ
സന്നദ്ധനാകുന്നു ഞാനെന്റെയീശ്രമം

എന്നും ജനനമരണാദിദുഃഖങ്ങളാൽ
ഖിന്നമാംലോകത്തിനാശ്വാസമേകുകിൽ.

അല്ലലിലിങ്ങനെയാണ്ടാഴ്ന്നുനീക്കമെപോ-
ക്കില്ലാതുഴന്നുതിരിയുമാത്മാക്കളെ

എല്ലാം നിനച്ചലിവും താപവുമാർന്നു
വല്ലാതെയെന്നകക്കാമ്പുകായുന്നിതേ.

വല്ലവിധവുമിത്യാഗമവർക്കൊരു
നല്ലമാർഗ്ഗം തെളിപ്പാനുതകീടുകിൽ

ഇല്ലവും ഭാര്യയുമെൻറ സുഖങ്ങളും
പുല്ലിലും തുച്ഛമെന്നായ് ഞാൻ ത്യജിക്കുവൻ.

മൃത്യുവാർദ്ധക്യരോഗാദിദുഃഖങ്ങളി
മർത്ത്യരിലൊക്കെയൊഴിഞ്ഞുകാണായ്കയാൽ

അത്യുത്തമനായദേവനും തൻകത
സത്തമനൊക്കൂടി രക്ഷിപ്പതില്ലതാൻ

അല്ലദേവാരാധനംകൊണ്ടുപിന്നവർ
നിഷ്ഫലമാകുന്നു കാര്യമെന്നോർക്കവേണ്ടു.

മർത്ത്യനെമർത്ത്യനല്ലാതിദേവനിൽനി
ന്നുദ്ധരിപ്പാൻ മറ്റൊരാശ്രയമായ്‌വരാ

ദൂരമറിവും കഴിവും കുറഞ്ഞുമൊ
ട്ടറിയുമേറെയുണ്ടാകിലും പിന്നവർ

അന്തം കര കണ്ടിടാതൊരിസ്സംസാര
വാരിധിയിൽ പൊങ്ങിമുങ്ങി നീന്തീടുവോർ

മുമ്പുകഴിഞ്ഞതും പിമ്പുവരുന്നതു
മുമ്പരൊരേടമറിഞ്ഞെന്നു വന്നിടാം

വമ്പിച്ച ജന്മമരണചക്രത്തിൻറ
ഇമ്പവും തലയുമവരെമാരാദ്ധ്യം

എല്ലാററിനും മൂലമണുവായതിൽനിന്നു
മെല്ലെപ്പുഴുവായ് പറവയായ് പാമ്പായി

മീനായ് മൃഗമായ് ക്രമേണ മനുഷ്യനായ്
ദാനവനായ് ദേവനായ് സ്വയമങ്ങനെ

പൊങ്ങിയൊടുവിൽ മഹേശനായ് പിന്നെയു
മിങ്ങോട്ടു താഴുന്നു ജീവിയങ്ങവരെ

ഭംഗമില്ലാതെ തുടൎന്നീയുടലായ
ചങ്ങലചുറ്റുന്ന സംസാരചക്രത്തിൽ

ഇങ്ങനെയാഗമമോതുന്നതുണ്ടതു
സംഗതമെന്നുമെനിക്കു തോന്നിടുന്നു

ആകയാൽജന്തുക്കളൊക്കെയുമൊക്കി
ലേകാന്വയരാംസഹോദരരാകുന്നു

ലോകത്തിലിന്നേവ ദുഃഖവും മൎത്ത്യരി
ലേകനൊഴിക്കിലെല്ലാൎക്കുമൊഴിഞ്ഞുപോം

ജന്മജന്മാന്തരബന്ധമെല്ലാം മറ
ന്നിമ്മഹാമൂഢതയാം തിരിപിടിയായ്

തമ്മിലോരാതെ താനാരെന്നുമോരാതെ
ജന്മികൾ തപ്പിത്തടഞ്ഞുതിരിയുന്നു

പാരിലീയജ്ഞാനമാംകാളരാത്രിതൻ
ഘോരതയാൎന്ന നിഴലായ് വരാംഭൂതി

ആരിലും ദാക്ഷിണ്യമേലാതൊരീവെറും
ക്രൂരതകൊണ്ടു വിനോദിപ്പയാമവർ

കില്ലില്ലമൎത്ത്യരിലേകൻശ്രമിക്കിലീ
യല്ലലിതങ്ങളാം നിവൃത്തിജന്തുക്കൾക്കു

നല്ലയവസ്ഥാനമേകമുണ്ടാമതിൽ
വല്ലമാൎഗ്ഗത്തൂടെയുമേകനെത്തിടാം

എത്രയോകാലമിരുട്ടത്തു രാത്രിയിൽ
ചിത്തഭയംപൂണ്ടിരുന്നിരിക്കാംജനം

എത്രയോകോടിജനം കുളിർകാറ്റേറ്റു
ചത്തുമിരിക്കാംതണുപ്പുകൊണ്ടാഴിയിൽ

ശ്രദ്ധിച്ചുകല്ലോമരമോകടഞ്ഞുതീ
കത്തിച്ചതുപിന്നെയാരൊരുബുദ്ധിമാൻ

വല്ലാത്തചെന്നായ്ക്കൾപോലെവിശക്കുമ്പോ
ഴെല്ലായ്പ്പൊഴുംഭേദമെന്നിജന്തുക്കളെ

തെല്ലുംകരുണകൂടാതെകടിച്ചുതി
ന്നെല്ലാടവുംനരർ വാണിരിക്കാം ചിരം

പുല്ലായ്‌വളൎന്നുകിടന്നുള്ളചാമയും
നെല്ലുംവരകുമുഴുതുവിതച്ചുടൻ

നല്ലധാന്യംകൊയ്തെടുത്തതിൻചോറൊരു
കല്യാണബുദ്ധിചമച്ചതൊട്ടുവിധം

ഭൂമിയിലെത്രയോകാലമിമ്മാനവ
ന്മൃഗങ്ങൾപോലെയുഴറിനടന്നിട്ടു

നാമോതിടുംഭാഷചൊന്നതാംപിന്നെയും
താമസിച്ചിട്ടെഴുതിയതാരൊരാൾ

എന്തിനുചൊല്ലുന്നുമർത്ത്യനിന്നൂഴിയിൽ
സ്വന്തമായ്തീൎന്നൊരനുഗ്രഹമെല്ലൂ

സന്തതംവേലചെയ്തെങ്കിലുമൊരു
ചിന്തകൾകണ്ടുപിടിച്ചുള്ളതല്ലാതെ

നിശ്ചയമാകയാൽസംസാരബന്ധവും
വിച്ഛിന്നമാകമൊരുത്തന്റെയത്നത്താൽ

ദുഃഖങ്ങളെല്ലാമകന്നുലോകത്തിന
മുഖ്യമാംനിർവൃതിയുംവരുംനിർണ്ണയം

ഇത്രമഹത്തായകൃത്യത്തിനോൎക്കുകി
മൎത്ത്യോത്തമനൊരാൾതന്നെതുനിയണം

ഭാഗ്യവും മാഹാത്മ്യവും പാരമാൎന്നതി
യോഗ്യനായാരോഗ്യവാനായ് സൽഗുണനായ്

ധന്യനായ് മൎത്ത്യരെപ്പാലനം ചെയ്യുവാൻ
തന്നെ ജനിച്ചവൻ വേണമെന്നല്ലവൻ

രാജാധിരാജനാവാൻ ശക്തിയാൎന്നൊര
വ്യാജതേജോനിധിയായുമിരിക്കണം.

ദീൎഘകാലം ഭുവിൽ വാണിനിന്നിഷ്ടഭോഗങ്ങൾ
വേണ്ടുന്നിരിപ്പവൻ പോരാ ചിരമതി

സ്വാദുവിഷയശതം നുകൎന്നിന്ദ്രിയ
സാദം ഭവിച്ചവനാകിലും പോരതാൻ

ഭോഗക്ഷമമായ യൌവനത്തിന്റെയാ
ഭോഗത്തിലുത്സാഹമേറി നടക്കുവാൻ

സീമയറ്റൊരു വിഷയവാരാശിയിൽ
കാമമോഹം ശമിക്കാതെ നീന്തീടുവാൻ

വേണമൊരുവനല്ലാതെ വെറും തപം
കേണു ചെയ്യുന്ന മുനി പോരതാൻ

നല്ലതും തീയതുമായ്ച്ചമഞ്ഞിങ്ങുള്ളൊ
രെല്ലാമഹത്വങ്ങളിലും മനസ്സതി

തെല്ലാസമാൎന്നവനായ്, കൊതിച്ചീടുകിൽ
ദുൎല്ലഭവസ്തുക്കളൊന്നിലും കൈവരാൻ

തെല്ലുമിടമറ്റ സൎവ്വഭാഗ്യാഢ്യനായ്
കല്യനായ് ദീനാനുകമ്പ കൊണ്ടല്ലാതെ

യല്ലലോരാത്തവനായ് സ്വജനത്തോടു
തുല്യനായൊരുത്തനെന്നാലുമവനു

ഞാനുമൊരുമർത്ത്യനെന്നുള്ളതല്ലാതെ
ന്യൂനമെനിക്കൊന്നുമില്ലിതു കേവലം

ഇന്നമിതുപോലെയാരോഗ്യസൌഭാഗ്യാദി
നാനാവിഭവസംപൂർണ്ണനൊരുപുമാൻ

കാരുണ്യമൊന്നുതാൻ തള്ളിവിടുകയാൽ
താരുണ്യഭോഗവും സർവ്വസുഖങ്ങളും

വിട്ടുപോയ് ദുഃഖനിർവ്വാണമാരായുകിൽ
കിട്ടണമില്ലൊരുസന്ദേഹമെന്നുമെ.

കാലമിനിക്കളയാതിന്നുതാൻ പോയി
വേലതുടങ്ങിയസ്സിദ്ധിയെസ്സാധിക്കി

ലാലിതനെന്നാകിലും ലോകത്തിന്റെ
മൂലയിലെങ്ങാൻ മറഞ്ഞുമിരുന്നീടിലും

എല്ലാർക്കുമാസന്നമായ് വരുമിക്കിലു
മല്ലാതിടസ്സങ്ങളേറീടിലും യത്നമാ–

ന്നെങ്ങനെയെങ്കിലുമെങ്ങെങ്കിലും ബുദ്ധി
മങ്ങാതെചെന്നുള്ളകാലത്തിലെങ്കിലും

കണ്ടുകരസ്ഥമാക്കിപ്പോരുവനിനി
ക്കുന്നതയെന്തിന്നിഞാൻതന്നെ പോകുവൻ

എത്രയുഗ്രവ്രതവുമെടുക്കുവനാതുരു
യാതനവന്നെത്തിയാലും സഹിക്കുവൻ

ഉർവ്വിയിലും ദ്യോവിലും നരകത്തിലും
ദുർവ്വഹസംസാരദുഃഖംവഹിക്കുന്ന

സർവ്വജനങ്ങൾക്കുമെന്റെയത്നംകൊണ്ടു
നിർവ്വാണലാഭം വരേണമെന്നുമതി

ക്ലേശിച്ചു ലോകരോഗം വെടിഞ്ഞിങ്ങനെ
യാശിച്ച നിർവ്വാണരാജ്യമെന്നെങ്കിലും

കിട്ടുമെനിക്കു ഞാൻ ഘോരനാം മൃത്യുവെ
യൊട്ടുമേ കൂസാതെ നേർത്തു ജയിച്ചിടും

വന്നിടുന്നുണ്ടിവൻ താരങ്ങളായ് ദ്യോവിൽ
നിന്നു വിളിക്കുന്ന വാനവവർഗ്ഗരെ

ഖിന്നയാം വിശ്വംകരേറുകമേലുന്ന
ന്നിന്നിലും നിന്റെ ജനത്തിലും കൂറിനാൽ

ഇന്നു ഞാൻ കൈവെടിഞ്ഞീടുന്നു യൗവന
സന്നദ്ധഭോഗപൂർണ്ണമെന്റെയീരാജ്യവും

സ്വർണ്ണസിംഹാസനവും വിഭവങ്ങളും
വർണ്ണനീയങ്ങളാമോരോ സുഖങ്ങളും

രമ്യമായ് വർണ്ണിതവിചിത്രമാരാമവു
മിമ്മനോഹരമാം മന്ദിരം കൂടിയും

എല്ലാററിനേയും വെടികിലും കൈവിട്ടു
തെല്ലും പൊറുപ്പാനശക്തനാണാക്കിൽ

വല്ലഭേ! ദേവി യശോധരേ നിൻകര-
വല്ലികളാണപ്പൊഴും ഞാൻ വിടുന്നിതേ.

എന്നല്ല കാന്തേ! വെടിഞ്ഞു പോകുന്നു ഞാ
നിന്നു നിൻ ഗർഭസ്ഥമായി നമ്മൾക്കെഴും

പ്രേമമാം പുണ്യലതയിലാദ്യം പൂത്തൊ
രോമനമൊട്ടാം കിടാവിനെത്തന്നെയും

മുററുമുണ്ടാശയിനിൻറമുഖാംബുജം
ചെററു കണ്ടന്നുമേലുവാനെങ്കിലും

പാൎത്താൽപിരിയുകപിന്നെയശക്യമെ
ന്നോൎത്തുഞാൻകാത്തിരിക്കുന്നില്ലിതുവരെ.

ആയാസമാൎന്നഞാനൎദ്ധനാട്ടംഗമിയതെൻ
പ്രേയസിമററുള്ളലോകരോടൊപ്പമായ്

നീയുമിപ്പൈതലുംകൂടിയമൎന്നിപ്പതാ
മായതോൎത്താശപാശമാൎന്നപോകട്ടെഞാൻ

എൻപ്രിയേ! ഹാ! ഗൎഭശായിയാംപൈതലെ!
യെൻപ്രിയമാൎന്നതാതാ! ഹാ! പ്രജകളെ !!

ഇപ്പോൾപിരിയുന്നഞാൻ വിയോഗവ്യഥ
യല്പകാലംപൊറുത്തിടുവിനെല്ലാരും.

ലോകത്തിൽനിന്നീയവിദ്യയാംകൂരിരു
ട്ടാകെനീക്കിബോധസൂൎയ്യനുദിച്ചിട്ടും

ഏകാന്തധൎമ്മമാൎഗ്ഗം തെളിഞ്ഞാക്ഷേമ
ശോകമകന്നസുഖം വരുമോക്ഷവിൻ

എല്ലാംനിരൂപിച്ചുറച്ചുകഴിഞ്ഞുഞാ
നില്ലിനിമാററമിതാ നടകൊള്ളുന്നു.

കല്യനാംമൎത്ത്യന്റെ ജീവിതമതാലിവ
വല്ലഫലവുമുണ്ടാകണമെന്നാകിലൊ

ചൊല്ലെഴുംബോധാവിമുക്തിസാധിച്ചുകൊ
ണ്ടല്ലാതെയിങ്ങുമടങ്ങിവരില്ലഞാൻ.

എന്നശപഥവുംചെയ്തുതൻ ശയ്യയിൽ
നിന്നു മന്ദം സ്വാമിതാഴത്തിറങ്ങിനാൻ

ഒന്നുനോക്കീടിനാൻ പിന്നെയും ദേവിയെ
യെന്നിട്ടുതൽപാദപത്മങ്ങൾ കൈകളാൽ

ഉറ്റൊരളകതതികളന്നു പിടിച്ചുതൻ
നെറ്റിയിൽ ചേർത്തു നമസ്കരിച്ചീടിനാൻ

ഇറ്റിറ്റു കണ്ണീർ പതിക്കയാലപ്പൊഴും
മുറ്റും നനഞ്ഞൊരിമപ്പൂണ്ട പോളകൾ

പൂട്ടിമഴയേറ്റ നീലോല്പലത്തിന്റെ
മൊട്ടുകൾപോൽ മീലിതമാം പ്രിയയുടെ

മോഹനനേത്രങ്ങളൂന്നി മുഖാംബുജം
സ്നേഹശീലൻ പാർത്തു വീണ്ടും കുഴങ്ങിനാൻ

ധൈര്യം വഹിച്ചുടൻ പിന്നെയും തമ്പുരാൻ
നിർവ്വാണസന്നാഹമാർന്നു തിരക്കളെ

ആർത്തിയാൽ തെരു നെഞ്ചിൽ വിലങ്ങനെ
ച്ചേർത്തുകെട്ടിക്കൊണ്ടുമെല്ലെന്നടിവച്ചു

ദേവിയുറങ്ങുമാഖട്വയെ മൂന്നുരു
ദേവാലയംപോൽ വലത്തുവച്ചീടിനാൻ

ആനന്ദമേകിയൊരിപ്രിയാശയ്യയെ
ഞാനിനിസ്പർശിക്കയില്ലൊരുനാളുമേ.

എന്നതർത്ഥംചെയ്തുടനേപിറകോട്ടുപോയ്
ചെന്നാൻമണിയറതൻവാതിലോളവും

ഒന്നുകൂടിദ്ദേവിയെയുറ്റുനോക്കിനാൻ
നിന്നാൻമടങ്ങിയടുത്തുപോന്നീടിനാൻ

മങ്ങിയുമുള്ളമലിഞ്ഞും കൃപാകര
നിങ്ങനെപോയ്മൂന്നുവട്ടംമടങ്ങിനാൻ

അത്രയാകർഷകംദേവിതൻസൗഭാഗ്യ
മത്രദൃഢമാണവൾക്കുള്ള പ്രേമവും

എന്നിട്ടൊടുവിൽ തിരിച്ചുമിഴിയിണ
തന്നുത്തരീയം തലയിൽ വലിച്ചിട്ടു
മൂടിമുഖം വല്ലവാറുമക്ഷമ ചെയ്തു
ധാടികലർന്നു വെളിക്കിറങ്ങീ വിഭു

വാതിലിന്മുമ്പുള്ളതാം തിരശ്ശീലയെ
കാതരനായ് സ്വാമി കൈകളാൽ നീക്കവേ
കാണായി മുമ്പിൽ സഖിമാർ ശയിക്കുന്ന
ചേണാർന്ന ശാലതന്താളശമംഗിയിൽ

ധാവള്യമേറുന്ന ദീപപ്രഭയായ
ഇളവെണ്ണിലാവു പരന്നിടന്നെങ്ങുമേ,
ഓമനപ്പൂന്തിരമങ്ങിയുറങ്ങുന്ന
താമരപ്പൂക്കൾകണക്കതിരമ്യമായ്.

ഗംഗയും ഗൌതമിയും ചിത്രത്തോടുള്ള
മംഗലാംഗീജനമൊക്കെയും നിദ്രയിൽ
അംഗങ്ങളങ്ങു തള്ളി സചേതനാ
സംഗം വെടിഞ്ഞ ശരീരങ്ങൾ പോലവെ

വീണുമങ്ങിക്കിടക്കുന്നതു കണ്ടുടൻ
പ്രാണിദയാപരമൂർത്തി ചിന്തിച്ചിതു
ലോലമനോജ്ഞകടാക്ഷങ്ങളും ബഹു
ലീലാഞ്ചിതങ്ങളാമംഗഹാരങ്ങളും

പാലഞ്ചിടും പുഞ്ചിരിപ്പൈതലിതാനമീ
ബാലികമാരിലിപ്പോൾ കാണ്മതില്ലഹോ!
ഉത്തമശീലമാധുര്യവുമുൽകൃഷ്ട
ബുദ്ധിചാതുര്യവുമെങ്ങോ! കുമാരിമാർ

ഝിത്താതെകൌതുകമാർന്നുകാണിക്കുന്ന
നൃത്തഗീതാദിസാരസ്യവുമെങ്ങുപോൻ!
ചിത്തവികാരവുമിന്ദ്രിയശക്തിയും
പ്രത്യക്ഷസ്സിദ്ധികൾ മുടങ്ങിവരുന്നതോ

ഇത്തരംതന്നെമനോഹരഗാത്രിമാർ
ചത്തുകിടക്കാമൊരിക്കലിനിയിവർ

ഞെട്ടററടിയുന്ന പൂവിൻെറശോഭയും
ചട്ടററചാരുവാം ഗന്ധവുംപോലെയും

കെട്ടവിളക്കിൻപ്രഭയെന്നപോലെയും
കഷ്ടം ! ഗുണങ്ങൾ മറിച്ചുപോയ് കഴിഞ്ഞിടും

നിദ്രയിലവരീ ഗാഢമാരവശിച്ചു
ഭദ്രമായ്ബന്ധിച്ചകൈകൾകൺപോളകൾ

വിസ്തൃതംപോലെന്നവാങ് മധുരമാ
മുദ്രാധികാരത്തിനടിയൊതുക്കാതെ

ഇശ്ശവിധംവാഴുമെന്നിക്കിലായിലെ
ജീവിതാനന്ദമെല്ലാമിത്തോഴിമാർ

ആവലാതിപ്പെട്ടുകേണുതുടങ്ങിയാൽ
പോവാൻപറഞ്ഞാനധികൃപാകരൻ

സുന്ദരിമാരേയുവതിമാരോടൊത്തു
മന്ദിരസൌഖ്യത്തിൽമുങ്ങിവാണിടിലും

നിങ്ങളുംഞാനുമെന്നല്ലമററുള്ളോരു
മിങ്ങൊട്ടുനാളല്ലിവാഴ്വുമരങ്ങൾപോൽ

സന്തുഷ്ടിയേകുംവസന്തവുംവർഷവും
സന്താപമേകുംകഠോരമാംഗ്രീഷ്മവും

ചന്തമിയന്നശരത്തുമതിശീത
മുന്നമായഹേമന്തംശിശിരവും

ഇങ്ങനെമാറിമാറിപ്പോമൃതുക്കളിൽ
ഭംഗിയിൽ പൂത്തുംതളിർത്തുംഫലഭരം

തിങ്ങിയും വൃക്ഷങ്ങൾ നില്ക്കുന്നപാടിയും
മങ്ങിയിലകൾപൊഴിഞ്ഞുശോഷിച്ചുമ

ഒട്ടനാൾനിന്നിവപിന്നെയക്കാറ്റേറ്റു
പൊട്ടിഞെരിഞ്ഞുടൻവീണടിഞ്ഞീടലും

കാട്ടുതീകത്തിദ്ദഹിക്കിലാം കോടാലി
കൂട്ടിയേറ്റാശുമുറിഞ്ഞുവീണീടിലാം

എന്നുള്ളതേമിവയ്ക്കുംജരാവ്യാധി
ബന്ധമെഴുംനശ്വരനാം മനുഷ്യനും

ഹന്ത! ഭേദോപമനാകുമെന്നിക്കോർക്കി
ലെന്തിനിമ്മാതിരിജ്ജീവിതം ഭൂമിയിൽ

വേണ്ട! ജീവന്നുമെനിക്കജ്ജീവിതകണ്ട
വേണ്ടവിഭവങ്ങളൊക്കെയു . ണ്ടെങ്കിലും

ഇണ്ടലൊന്നന്യമനുഷ്യർവാഴുന്നതു
കണ്ടുകൊണ്ടങ്ങനെഞാൻ സുഖിക്കുന്നതും

അണ്ടർകോനുള്ളഭോഗങ്ങളെല്ലാമെനി
ക്കുണ്ടെങ്കിലും രതിയില്ലതിലൊന്നിലും

ഇങ്ങതിനാൽതോഴിമാരേസുഖമായി
നിങ്ങൾവാണീടുവിനിന്നുപോകുന്നുഞാൻ

ഭോഗസമൃദ്ധിതികഞ്ഞകാലത്തു താൻ
രാഗമൊഴിഞ്ഞുസമസ്തംവെടിഞ്ഞുടൻ

ഏകാന്തദുഃഖനിദ്രാന്തരമാനപഥിച്ചു
പോകുന്നിതായിട്ടു വന്നമെല്ലാംകൂടി

യാകവേ വ്യാപിച്ചൊരന്ധകാരം നീക്കി
യേകരബോധാർക്കനുദിക്കുന്നിൽ ഞാൻ

ഇങ്ങനെയുൾക്കാമ്പലിഞ്ഞു താരനേയാതി
യെങ്ങും സഖിമാരുറങ്ങിക്കിടക്കുന്ന

രംഗമദ്ധ്യത്തൂടെമെല്ലെന്നടിവച്ചു
മംഗലമൂർത്തി കടന്നുപോയിടിനാൻ

കൊട്ടാരവാതിൽകഴിയുംഭഗവാനെ
നിട്ടങ്ങുനിന്നാർദ്രതാരനേത്രങ്ങളാൽ

സ്പഷ്ടമാമമ്പാർന്നു നോക്കിനെടുവീർപ്പു
മിട്ടുവിലോലാംഗമന്ദവായുവാൽ

നാനാനിറമാർന്നപുഷ്പപാത്രങ്ങളിൽ
താനേനിറഞ്ഞ സുഗന്ധങ്ങൾനീട്ടവേ

തമ്പുരാൻകാൽനടയായെഴുന്നള്ളവേ
യമ്പൊടുതൂവിനിന്നൂമലർവാടിയും

ജാതമായ്തെല്ലൊരിളക്കം ധരണിയിൽ
സേതുതുടങ്ങിഹിമാചലത്തോളവും

ചേതസ്സിലാനന്ദമുൾക്കൊണ്ടു ഭാരത
മാതാവിനമെയ്ഞെട്ടങ്ങിയപോലവേ

എന്നല്ലദേവകൾവന്നുവിണ്ണിൽതങ്ങി
നിന്നുടൻ നൃത്തഗീതാദിതുടർന്നിതു

മിന്നുമവരുടെയംഗപ്രഭകളാൽ
തന്നെയാവാം രാവിരുട്ടിയപാതെന്നും

ആകുലാത്മാവായ് കൃപാനിധികണ്ണുനീർ
തൂകിമിഴികളടച്ചധരം പൂട്ടി

ആകാശവീഥിയിൽ താരങ്ങളെനോക്കി
യേകാന്തചിന്തയിൽ മുങ്ങിനിന്നാൻക്ഷണം

ലോകപാവനന്മാരാമനന്തനിലയാരെയാ–
ലോകനംചെയ്തു സന്തുഷ്ടനായ്നിന്നപോൽ

പിന്നെ ശയ്യാതിന്നടന്നടുത്താര
സന്നിധിയോളം തെളിച്ചായയൂടെപോയ്

ചെന്നവനപ്പുറം പൂക്കടന്നങ്ങമായ്
ച്ഛന്നനെന്നുള്ളവനെവിളിച്ചാൻവിഭു

മെല്ലെമിഴികൾതിരുമ്മി വിളികേട്ടു
വല്ലാത്തവൈവശ്യമാർന്നണഞ്ഞീടുന്ന

കല്യനാമശ്വാധിപനോടുടൻ സ്വാമി
ചൊല്ലിനാൻ കാന്തകനെന്നശ്വമാമവൻ

എന്തിനെന്നോതെവെട്ടന്നൊരുപന്നന
നിന്തിരുമേനിയിപ്പൊഴുറങ്ങാതെതാൻ

ബന്ധമെന്തിപ്പോളെഴുന്നള്ളുവാൻ പതമ
ബന്ധുപൊലിച്ചതില്ലല്ലോ മഹാമതേ

സന്ധിച്ചുനീണ്ട തമച്ഛായകൊണ്ടെങ്ങു
മന്ധകാരാവൃതമല്ലോ വഴികളും

എന്നസൂതൻചൊല്ലവേ തൻതിരുവടി
ചൊന്നാനതക്കെയൊതീടാശ്വസാരഥേ

ഇന്നുഞാൻസർവ്വമുപേക്ഷിച്ചുപോകുന്നു
വന്നിതുദൈവജ്ഞർ ചൊന്നകാലംസഖേ

ഇന്നിയീരമ്യവനത്തിൽവാഴില്ല
പൊന്നണിക്കൂട്ടിലെപ്പൈങ്കിളിപോലെഞാൻ

എന്നുടെമൂലമായ്ജീവലോകത്തിനു
ഖിന്നതയിങ്ങിനിവ്വണ്ണമുണ്ടാകുവാൻ

ധന്യമാംമാർഗ്ഗമന്വേഷിച്ചു പോകുന്നു
മന്നിലെയൈശ്വര്യങ്ങളെല്ലാംവെടിഞ്ഞുഞാൻ

കണ്ടതവേണ്ടപോയ്സന്നദ്ധനാകിദ്രുതം
കൊണ്ടുവന്നീടുകകാന്തകത്തെബ്ഭവാൻ

കണ്ടുകൂടായെന്നൊരാശങ്കയാമുന്ന
ന്നിണ്ടൽതെല്ലുമുമ്പേപോയ് മറഞ്ഞീടണം

കഷ്ടമെന്തിന്നുഴൽചെയ്യുന്നിതുഭാഗ്യ
പുഷ്ടമാംശാക്യകുലദീപമേഭവാൻ

ശിഷ്ടരാകുംദീർഘദർശികൾകണ്ടുള്ള
ദിഷ്ടമെല്ലാമങ്ങുപാഴിലാകുന്നുവോ

പ്രാജ്യപരാക്രമംകൊണ്ടുഭവാൻസർവ്വ
രാജ്യങ്ങളുംകീഴടക്കിബ്ഭരിച്ചിടും

പൂജ്യമാമൈകാധിപത്യംധരിച്ചിവാ
ർന്നുജ്ജ്വലമായസൽകീർത്തിനാട്ടിടും

എന്നൊക്കെയല്ലോപ്രതീക്ഷ ഞങ്ങൾക്കൊക്കെ
യിന്നതെല്ലാംമറിച്ചായിതോദൈവമേ

കയ്യിലിരിക്കുമിബ്ഭോഗമെല്ലാം കള
ഞ്ഞല്ലോഭവാനിപ്പോഴുമെന്തിനി

പയ്യുഴന്നോൾപിച്ചതെണ്ടുവാൻപോകയോ
വയ്യേ! വിചാരിപ്പതിന്നുമേതുമേ

ഇഷ്ടജനം നിറഞ്ഞിന്ദ്രഗേഹം പോലെ
പുഷ്ടസുഖദമാമീവിശ്രമവനം

ഇഷ്ടിയോടും വിട്ടൊരുതുണക്കൂടാതെ
കഷ്ടമേയങ്ങുന്നു കാനനംപൂകയോ

എന്നൊക്കെയാർത്തികലർന്നു ചോദിക്കുന്ന
തന്നിഷ്ടസാരഥിയോടു ചൊന്നാൻ വിഭു

ഛന്ദ! പരമാർത്ഥമോർത്തു വൻ ഞാനിങ്ങു
മാനവവംശത്തിൽ വന്നു ജനിക്കിലും

എന്നുടെ ജീവിതോദ്ദേശ്യമീനശ്വരമാം
മന്നിടം പാലിപ്പതല്ലെന്നറിക നീ

ഇവിടെയൊന്നാകാധിപത്യത്തിനെന്നല്ല
സർവ്വലോകാധിപത്യത്തിനും മേലായി

നിർവ്വേദമാർന്ന മഹാന്മാർ കൊതിക്കുന്ന
നിർവ്വാണസാമ്രാജ്യമല്ലോ തിരവു ഞാൻ

ഇവിടെയൊന്നീ ഭോഗങ്ങളൊന്നും കാമ്യമാം
യൌവനം ശ്രീയും നിത്യമല്ലെന്നതും

ജീവിതത്തെത്താൻ വെടിഞ്ഞിങ്ങു ജന്തുക്കൾ
ചാവുന്നതുമറിയുന്നതല്ലോ ഭവാൻ

എന്തിനേറെപ്പറയുന്നു സഖേ! പോക
കാന്തകത്തെത്തം കൊണ്ടുവന്നിടുക.

ഇങ്ങനെ ചൊന്നതു കേട്ടു മനതളിർ
മങ്ങിയസ്സാരഥി വീണ്ടുമോതീടിനാൻ

ഹന്ത കൃപാനിധേ യുവ്വരാജനാം മന്നവൻ
തന്തിരുവുള്ളമെന്തെന്നറിയുന്നുവോ

നിന്തിരുമേനിതാൻസംസാരമെന്നോൎക്കു
മന്തഃപുരജനത്തെയുമിളകളെയാ

സന്താപസാഗരത്തിങ്കലകാണ്ഡത്തി
ലുന്തിയിട്ടിന്നിയീയുററവരെപ്പോവാൻ

എന്തുപായത്താൽ കരകയറുമായത്തു
ചിന്തിയാതുള്ള സംരംഭമുചിതമോ

കേൾക്ക സഖേ സ്വാൎത്ഥമാംസുഖം കാമിച്ചു
വാഴ്കും പ്രിയരെയൊന്നും സ്നേഹമല്ലതാൻ

ഉൾക്കാമ്പിലമ്മാതിരിസ്നേഹമുൾക്കൊണ്ടു
ദുഃഖിപ്പവൎക്കാൎത്തി തങ്ങളെച്ചൊല്ലിയാം

ഞാനോ മറിച്ചെൻ സ്വജനത്തിനെന്നല്ല
മാനവൎക്കും വാനവൎക്കെല്ലാൎക്കുമേ

ദീനത നീക്കാനുപായമോൎത്തിങ്ങനെ
ഖിന്നഹൃദയനായ് ഭോഗം വെടികയാം

മത്സുഖത്തെക്കാളുമന്യരുടെസൌഖ്യത്തെ
വത്സലമാമെൻഹൃദയംകൊതിക്കയാൽ

ഉത്സുകനായ്നിഷ്ക്രമിക്കയാം ഞാൻദ്രുതം
മത്സാരഥേ കാന്തകനെക്കൊണ്ടുവരുക.

അത്യന്തരാജ്യം കടന്നുപോയീടണം
പ്രത്യൂഷസ്സിന്നുമുമ്പിലുടൻ സഖേ

അതാരുമറിയാതെൻഛന്ദകനെച്ചെന്നു
സത്വരംകൊണ്ടുവന്നീടുകപോകനീ.

ഇത്തരംനിൎബ്ബന്ധപൂൎവ്വമാംവാക്കുക
ളിത്തരംതോന്നാതെകേട്ടിട്ടുസൂതനും

ഉത്താളാശയനായ്പ്പോയി ലായത്തി-
ലുത്തുംഗത്തെയുടനാനയിച്ചവൻ.

പിന്നെയവൻ തിങ്ങുമിരുട്ടത്തശ്വത്തെ
മിന്നുന്നോരോമൽവെള്ളിക്കടിഞ്ഞാണിട്ടു

പൊന്നണിക്കോപ്പും വിരിപ്പുമണിയിച്ചു
സന്നദ്ധമാക്കിയഴിച്ചുതെളിച്ചിതു

ഉള്ളാർന്ന കാന്തകം ഗംഗയിൽ പൊങ്ങുന്ന
വെള്ളത്തിരപോലെ കേസരപുച്ഛങ്ങൾ

തുള്ളിച്ചുണർത്തിത്തളികളെഴുംവെൺ
മുള്ളിലെ ചൈത്യകൃത്യമൊട്ടുണ്ടാതെയായിതു

വന്നുതൻ സ്വാമിയരമനവാതുക്കൽ
നിന്നതുല്ലുന്നതു ദൃഷ്ടികണ്ടഹോ!

തോഷാകുലമായുടൻ കാന്തകം നിജ
ഘോഷാരവത്താൽ ജയശംസ ചെയ്തിതു

താമരപ്പൂപോൽച്ചുവന്ന നാസാപുട
സീമകാട്ടിത്തല വക്രിച്ചു പൊക്കിയും

ഭീമമായ്പ്പാടമിയന്ന കുളമ്പുകൾ
ഭൂമിയിൽക്കത്തിമതിച്ചാലിളക്കിയും

ആമോദവേഗരിതനായ് കാന്തകം
സ്വാമിതൻ സന്നിധി പൂകിനാൻ-തൽക്ഷണം

കോമളമാം കരാബ്ജം പൊക്കിയമ്മ
ശ്രീമാനതിൻ നെററിയിൽ തട്ടിനിൽക്കിനാൻ

ആരവം വാജിക്കുട്ടന്നതു കേട്ടില
ആരുമുണർന്നീല താശ്ചര്യമല്ലതാൻ

വിണ്ണവർപൊത്തിയിരുന്നിതവരുടെ
കണ്ണും ചെവിയും കരപല്ലവങ്ങളാൽ

തമ്പുരാൻകൂറാൽപിടിച്ചക്കുതിരതൻ
വമ്പിയലും തലമെല്ലക്കുനിച്ചുടൻ

വെൺപ്പുരയാർന്നരോമസ്നിഗ്ദ്ധമാംകഴു
ത്തതിൽതലോടിയഭിജ്ഞതരാൾചെയ്തിതു

നില്ലുനില്ലെൻപ്രിയകാന്തകശാന്തമായ്
നില്ലുചെറുതുഞാൻചൊൽവതുകേൾക്കനീ.

ഇക്കുറിയെന്റെയാത്രയ്ക്കുള്ളദൈർഘ്യവും
മുഖ്യതയുംനീയറിയുന്നതായ് വരാ.

ലോകത്തിന്ദുഃഖനിർവ്വാണമാരാതു
പോകുന്നതൊന്നതെന്നറിയാതില്ലിലും

ശോകമീജ്ജീവികളെക്കണ്ടുസന്തതം
മാഴ്കുമെൻചിത്തംനയിക്കുംവഴിക്കുകേൾ

നേരൊരുവനുകണ്ടുകിട്ടാതിനി
പ്പോരാമടങ്ങിഞാനിങ്ങെന്നറികനീ

ആരമേപാരിതിൽചെയ്തിരിക്കില്ലിതു
ദുരസംഭാരംകുതിരമേയെങ്കിലും

ധീരനായെന്നെവഹിക്കണംനീവതം
ചാരിതാർത്ഥ്യംനിനക്കുംഹയോത്തമ.

മാനവന്മാർക്കുംസുരന്മാർക്കുമെന്നല്ല
മാനസകായികദുഃഖജാലങ്ങളാൽ

ദൂനരാംപ്രാണികൾക്കെല്ലാററിനുംബുദ്ധി
ഹീനമാംജീവിജാലത്തിനുംകൂടിയും

ദീനതതീൎക്കിനിവ്വണ്ണമേകീടുവാൻ
ഞൊടിത്തുടങ്ങന്നയതാം ഞങ്ങൾയാത്രനീ
ഉള്ളമേറോരന്നതാപമാൎന്നീടൊലാ–
യാനഖേദങ്ങൾസഹിക്കണം കാന്തക.

ചൊല്ലുവനില്ലൊഴീരാത്രിയിൽതന്നെനാം
വല്ലവിധവുംപുറപ്പെട്ടുപോകണം
അല്ലെങ്കിലിജ്ജനങ്ങളുണൎന്നുപോം
കില്ലില്ലവൎപിന്നയക്കയില്ലാഹയപതേ.

മേഘമേറിമെല്ലെമുത്തുകിൽഞാൻതട്ടിവോ
ളാലോലവേഗമാൎന്നങ്ങൾപതിക്കനീ
സ്ഥലങ്ങളൊഴിച്ചുള്ളമുന്നത
സാലങ്ങളും സമുല്ലംഘിച്ചുപക്ഷിപോൽ

ആയാസമെന്നിയാളുന്നിൻവേഗത്തൊ
യായിരംഖഡ്ഗധരന്മാൎതടുക്കിലും
പായുകനില്ലാതെരീന്ദ്രതരംചണ്ഡ
വായുപോൽവ്യോമവിലുള്ളതുപോലെയും

എന്നതുൾചെയ്തു ഖലുതരമായ് സ്വാമി
യൊന്നുകരിച്ചുകതിരമേഘമേറിനാൻ
വന്ദിച്ചുതികിലാകാശത്തുനിന്നുള്ള
വൃന്ദാരകന്മാർ പിടിച്ചേറ്റിയപോലെ

എന്നിട്ടുതൃക്കൈകളിൽകടിഞാണേന്തി
നന്നായിരിപ്പുറപ്പിച്ചുതിരുവടി
ഒന്നുകരതളിരാൽ കാന്തകത്തിന്റെ
യുന്നതശീൎഷ്ഷത്തിലാഞ്ഞുതട്ടീടിനാൻ

വന്നതുള്ളംവേഗധാടിസഹിയാതെ
നിന്നുവിരണ്ടുശിരസ്സുകുടഞ്ഞേറ്റ

മുന്നമിപ്പിച്ചു ചെവികൾ കൂർപ്പിച്ചുകൊ
ണ്ടന്യൂനവേഗം പുറപ്പെട്ടു കാന്തകം
പിന്നെദ്രുതതരമാടീകുളമ്പുക
ളൊന്നായ് നിലത്തു പതിച്ചു കുതിച്ചുടൻ.
ഇങ്ങനെ നാഥൻ നിജഹയാരൂഢനാ
യെങ്ങും പിറകിൽ തിരിഞ്ഞു നോക്കാതെയും
സ്വർല്ലോകമൊക്കും ഗൃഹവും സുഖങ്ങളും
പുല്ലോളവും ഗണിയാതെയും പോയിതു്
കൽത്തളമാർന്ന നിലത്തിൽ പതിച്ചതി
കത്തിജ്ജ്വലിക്കും കുളമ്പിൻറഘോഷവും
പാരം കിലുങ്ങും കടിഞ്ഞാൺ തുടലുതൻ
സ്വരാരവവുമാരും കേട്ടുണരാതെ
ദ്ദൂരെദ്ദൂരെപ്പാഞ്ഞു ചെന്നഹോ ശൃങ്ങ
ളോരോന്നുമാശു കടന്നിതു കാന്തകം
പാതിൽ കുളമ്പൊച്ച കേൾക്കാതെ പുഷ്പങ്ങൾ
വാരിവിരിച്ചുപോൽ വാനവർ നീളവേ
ആരവമാർന്ന കടിഞ്ഞാൺ തുടൽ ദിവ്യ
ചാരുപടം കൊണ്ടവർ താൻ പൊതിഞ്ഞുപോൽ
എന്നല്ലയേറെ നിരോദ്ധ്യങ്ങളാം വ
ന്നൊന്നായ് പണിപ്പെട്ടു തള്ളിയാലെ മാറാവും
ഉച്ചമായ് യോജനദ്ദൂരത്തു കേൾക്കുന്നൊ
രൊച്ചകലർന്നു നീങ്ങിടും കവാടങ്ങൾ
ദേവനശാത്രുഢനായങ്ങളായവെ
കേവലം നിശ്ശബ്ദമായനായാസമായ്
അശ്ശൂന്യക്കോട്ടവാതുക്കലുമൊന്നുപോൽ
ചെമ്മെത്തുറന്നു താനേ വഴിനൽകിപോൽ

നാകികളീയാനുകൂല്യങ്ങൾ ചെയ്‌വതാ
മാകാത്തതല്ലവർക്കായതെന്നല്ലഹോ
ലോകൈകകാരണനീകനുഭാവാൽ
ലോകങ്ങളെല്ലാം സംസാരഹായിക്കയാം
ഗോപുരദേശങ്ങളിൽ കാവൽനിന്നീടിന
വീരാഗ്രണികളായുള്ളഭടരും
ഊരിപ്പിടിച്ചവാൾ താഴത്തു വീഴ്‌വതു
മോരാതെയങ്ങുനിന്നുറങ്ങീടിനാർ
നേരമലയാഴിയിൽനിന്നവിടെയ
ന്നോരത്തണഞ്ഞുദേവാളിയായൊന്നപോൽ
ആരിലും നിദ്രയണഞ്ഞൂമിഴികൾക്കൾ
മാരുതൻമെല്ലെമെല്ലെ വീശിനിൽക്കയാൽ
ഏതാകിലും തന്മാഹാത്മ്യത്തിനാലു
യാതനാകം തൻതിരുവടിക്കിങ്ങനെ
യാത്രയിലുണ്ടാമനന്തരായം സിദ്ധി
പാത്രതയോടും പ്രഥമശകുനമാം
എന്തിനുവിസ്തരിപ്പൂസ്വാമിയീവിധം
പന്ഥാവിലേതും പ്രതിബന്ധമെന്നിയേ
കാന്തകാത്രുവശനാമേകനായ്‌ തൻപുര
പ്രാന്തവും നാടും വനങ്ങളുമൊക്കെയും
ഓടിക്കടന്നുപോയാനഗ്രമാരുത
ധാടിയെവെന്നവേഗത്തിലാരാത്രിയിൽ
പാരംപ്രഭാതമടുത്തു കിഴക്കതി
ഗൌരാളുവിജ്ജിരിജ്ജിഖരോപരി
ദ്ദൂരത്തുത്തുക്രന്ദിച്ചപൊങ്ങീസ്വാമി
ചാരത്തുടനേനോമാനദികണ്ടിതു

ക്ഷീണതയാൎന്നതുരംഗമത്തെക്കടി
ഞ്ഞാണുപിടിച്ചങ്ങുനിൎത്തിദ്ദയാനിധി
ക്ഷോണിയിൽചാടിയിറങ്ങിപ്പുഴയുടെ
വേണിയാൽവേർപെട്ടമാരാജ്യസീമയിൽ

തൻപ്രിയകാന്തകത്തെസ്വാമിനെററിമേ
ലൻപോടുചുംബിച്ചുമാററിനിൎത്തിപ്പിന്നെ
മന്നവയോഗ്യമാംതന്റെ മകുടവും
മിന്നുന്നമെയ്യാഭരണങ്ങൾ സൎവ്വവും
പൊന്നണികഞ്ചുകവും പാദുകകളും
മന്നിൽമഹാത്മാവഴിച്ചുവെച്ചീടിനാൻ
സന്നിധിതന്നിലണഞ്ഞുടൻ ഛന്ദനം
ഖിന്നഹൃദയോടെയൊഴുക്കിനില്ക്കുന്നതു
കണ്ടുകനിഞ്ഞരുൾചെയ്തുകൃപാനിധി
യിങ്ങനെതെല്ലുധീരനെൻപ്രിയ സാരഥേ
ഇന്നെനിക്കായ്ഭവാൻചെയ്തോരുപകാര
മെന്നുമശേഷമുള്ളോരോൎത്തുവാഴ്വതും.
എന്നല്ലതുകൊണ്ടു സൎവ്വലോകത്തിനും
വന്നുകൂടുംനിത്യമംഗളവുംസഖേ!

തമ്പുരാൻപിന്നെയരയിൽനിന്നക്ഷണം
പൊൻപിടിയാൎന്നവാളൂരിസ്വയംതന്റെ
കോമളമുഗ്ദ്ധലതപോൽകുടിലമായ്
ശ്യാമളമാംശിഖാബന്ധമരിഞ്ഞുടൻ
വാളുമതും സാരസനവും കാന്തിയാൽ
കാളമഞ്ജിഷ്ഠവും കഞ്ചുകാദ്യങ്ങളും
ഛന്ദന്റെകയ്യിലേല്പിച്ചഹോപിന്നെയും
ചൊന്നാൻജഗൽപൂജ്യനാംസ്വാമിയിങ്ങനെ:—

ളുക്കണ്ടതൊന്നുമിന്നങ്ങില്ലിനിക്കിനി
പൊയ്ക്കൊൾകിതെല്ലാമെടുത്തു സഖേ! ഭവാൻ
വയ്യൂപസന്നിധിയിൽബ്ബന്ധുക്കൾക്കു
മൽക്കഥയോൎപ്പാനുപകരിക്കാമിവ

ന്നോൽകണ്ണനാം താതനോടിങ്ങനെയെന്റെ
വാക്കാൽപ്പറകയും ചെയ്ക വണങ്ങി നീ
ഞാനിതാ സൎവ്വമുപേക്ഷിച്ചിരിക്കുവായ്
ജ്ഞാനാൎത്ഥിയായ് സ്വരാജ്യംവിട്ടുപോകുന്നു.

മാനവാധീശനെൻതാതൻമനതാരിലു
ദീനതതേടാതെയിന്നുപൊറുക്കണം
ഏറ്റമകിന്നവുംപോറ്റമ്മമാരും
ഭീതിയെഴുംകൊട്ടിൽവാണമാതാക്കളും

ബാധകളെല്ലാം കടന്നുമനോരഥം
സാധിച്ചുവിശ്വ[illegible]
ധന്യനായ് ജ്ഞാനസാമ്രാജ്യാധിപനായി
മാനവന്മാൎക്കഖിലൎക്കുമാരാധ്യനായ്

മന്നിടമെന്നല്ലമറ്റുലോകങ്ങളു
മെന്നുടെയതാദൃശസൽപ്രവൃത്തിയാൽ
ഖിന്നതതീൎത്തുതാൻകീഴടക്കിപ്പരം
പിന്നെവെച്ചവൻപാദംവനംകണ്ടിടുവാൻ

മൃത്യുസംസാരവിവശനാം മൎത്ത്യനെ
മൎത്ത്യനൊഴിഞ്ഞുപാലിപ്പതിന്നില്ലൊരാൾ
സത്യമതാകയാൽ സൎവ്വോത്തമമായ
കൃത്യമെന്നോൎപ്പുഞാനിജ്ജഗൽപാലനം
എന്നോടുതുല്യമീമുക്തിമാൎഗ്ഗം തേടി
മന്നിലൊരാളുമുന്നിട്ടില്ലിതുവരെ

എന്നേതാത്താൽ കണ്ടുകിട്ടുമെനിക്കിതു
സന്ദേഹമില്ലതാൻ സാധിക്കുമീപ്സിതം.
ഏകാന്തമായ് തന്റെ ലോകം വെടിയാതെ
ലോകരക്ഷയ്ക്കൊരാളർഹനാകില്ലതാൻ
ആകയാലാശാപാശമാർന്നാതൻവാഴ്ക
പോകുന്നുഞാൻ പോയിത്തൊഴുക നീ സഖേ!
ഇങ്ങനെയോതി വിഷണ്ണനാം ഛന്ദനെ
യെങ്ങനെയെങ്കിലുമുറ്റിർബോധിച്ചു
മംഗളമൂർത്തി മടക്കിയയച്ചിതാ
യിംഗിതംവഴിയാമശേഷരത്നങ്ങളും
പിന്നെയക്കോമളൻ സാത്വികബുദ്ധിയായ്
സന്ന്യസ്തസർവ്വാഭരണനായ് സ്വതേ പര
തന്നുടെ ചാലമാം തിരുവുടൽ താങ്ങുമാ
ചിന്നമൊരൊറ്റമുണ്ടുകൊണ്ടുമറച്ചഹോ
ധന്യതതേടുമത്തിക്കൈവിളക്കോടുമായ്
വന്ദ്യപാദൻ പോയ് പുഴയും കടന്നുടൻ
ചെന്നരച്ചക്കനീണ്ടപെരുവഴി
യൊന്നിലേറിത്തനിയേ നടകൊണ്ടിതു
മന്നിൽപ്രകാശം പരത്താനലംചുഴ
മന്യൂനതണോൽക്കമെന്നതോനുംവിധം
അഞ്ചിതചര്യൻ ദേവൻ തഥാഗതൻ
തച്ചരിതം സർവ്വലോകമനോഹരം.
ഇച്ഛാനുവാദതോപജ്ഞമാം രീതിയിൽ
നെഞ്ചലിയിക്കുന്ന നിഷ്ക്രമണം വരെ
ഇങ്ങനെ ഞാൻ പാടിനേൻ,—സൽകഥയുമാ
യെങ്ങനെവേട്ടയാന്നാലുമുണ്ടാം ഖണ്ഡം.

(നാലാം കാണ്ഡം കഴിഞ്ഞു)

പൂർവ്വഭാഗം സമ്പൂർണ്ണം.

[illegible]

അതിരസകരമായ ഒരു അത്ഭുതകഥ. ദുഷ്ടദേവതക സേവിച്ച് അവരുടെ സഹായത്താൽ ഉന്നതപ യിൽ എത്തി ലോകത്തിൽ അനേക പാപകൃത്യങ്ങ ചെയ്താൽ ഒടുവിൽ ദുഃസഹമായ നരകദുഃഖത്തെ ഭവിക്കേണ്ടിവരും എന്നുള്ളതിനെ ഈ കഥ തെളി ക്കുന്നു.

വിശ്വവിഖ്യാതനായ റെയിനാൾഡ് എന്ന ഗ്ലീഷ് ആഖ്യായികാ കർത്താവിനാൽ രചിക്കപ്പെ "നെക്രോമാൻസർ" എന്ന പുസ്തകത്തിന്റെ ഭാ ന്തരീകരണമാണ് ഇത് എന്നു കേൾക്കുമ്പോൾ ത കഥയുടെ രസികത്വത്തെ പറ്റി വായനക്കാർക്ക് ഹിക്കാമെന്നുള്ളതിനാൽ അധികം വിസ്തരിക്കു ഒന്നാം ഭാഗം തയ്യാറായിവരുന്നു. ആവശ്യക്കാർ ട്ടി അപേക്ഷിക്കണം.

കാപ്പിയൊന്നിന് വില രൂപാ .

L. F. Fernandez & Sons.
TRIVANDRU

കേരള സാഹിത്യ
അക്കാദമി